പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 242

# 2025-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2025

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 242

# 2025-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ബിൽ

247/2025.

# 2025-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ബിൽ

1986-ലെ കൊച്ചി ശാസ്ത്ര-സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്റ്റും 2013-ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാല ആക്റ്റും 2015-ലെ എ.പി.ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്റ്റും വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—1986-ലെ കൊച്ചി ശാസ്ത്ര-സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്റ്റും (1986-ലെ 31) 2013-ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാല ആക്റ്റും (2013-ലെ 24) 2015-ലെ എ.പി.ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്റ്റും (2015-ലെ 17) ഇനിപ്പറയുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിയാറാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2025-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. 1986-ലെ 31-ാം ആക്റ്റിനുള്ള ഭേദഗതി.—1986-ലെ കൊച്ചി ശാസ്ത്ര-സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്റ്റിൽ (1986-ലെ 31),—

(എ) 3-ാം വകുപ്പിൽ, (26)-ാം ഖണ്ഡത്തിന് ശേഷം താഴെപ്പറയുന്ന ഖണ്ഡങ്ങൾ ചേർക്കേണ്ടതാണ്, അതായത്:—

"(27) "പരാതി" എന്നാൽ സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന കാര്യങ്ങളുമായി ബന്ധപ്പെട്ട് സങ്കടമനുഭവിക്കുന്ന വിദ്യാർത്ഥി നൽകുന്ന പരാതി എന്നർത്ഥമാകുന്നു;

(28) “ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെൽ" എന്നാൽ 30 ഡി വകുപ്പ് പ്രകാരമുള്ള ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെൽ എന്നർത്ഥമാകുന്നു;

(29) “ഗവേഷണ പാർക്ക്" എന്നാൽ 53 സി വകുപ്പ് പ്രകാരം സ്ഥാപിക്കപ്പെട്ട ഗവേഷണ പാർക്ക് എന്നർത്ഥമാകുന്നു;

(30) "സർവ്വകലാശാല റിസോഴ്സ് പ്ലാനിംഗ് സിസ്റ്റം" എന്നാൽ 53 എ വകുപ്പ് പ്രകാരം സർവ്വകലാശാല സ്ഥാപിക്കുന്ന സർവ്വകലാശാല റിസോഴ്സ് പ്ലാനിംഗ് സിസ്റ്റം എന്നർത്ഥമാകുന്നു.”.

(ബി) 9-ാം വകുപ്പിന് പകരം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

“9. പ്രോ-ചാൻസലർ.—(1) സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ ചുമതലയുള്ള മന്ത്രി, അദ്ദേഹത്തിന്റെ ഔദ്യോഗിക സ്ഥാനം ഹേതുവായി, സർവ്വകലാശാലയുടെ പ്രോ-ചാൻസലർ ആയിരിക്കുന്നതാണ്.

(2) പ്രോ-ചാൻസലർ, സന്നിഹിതനായിരിക്കുമ്പോൾ, ചാൻസലറുടെ അഭാവത്തിൽ സെനറ്റിന്റെ യോഗങ്ങളിലും സർവ്വകലാശാലയുടെ ഏതൊരു ബിരുദദാന ചടങ്ങിലും ആദ്ധ്യക്ഷ്യം വഹിക്കേണ്ടതാണ്.

(3) പ്രോ-ചാൻസലർക്ക് സർവ്വകലാശാലയുടെ അക്കാഡമികവും ഭരണപരവുമായ കാര്യങ്ങളുമായി ബന്ധപ്പെട്ട ഏതൊരു വിവരവും വിളിച്ചുവരുത്തുവാൻ അവകാശം ഉണ്ടായിരിക്കുന്നതും അങ്ങനെയുള്ള അർത്ഥന സർവ്വകലാശാല പാലിക്കേണ്ടതുമാണ്.

(4) പ്രോ-ചാൻസലർക്ക്, പ്രധാനപ്പെട്ടതെന്ന് അദ്ദേഹം കരുതുന്ന ഏതൊരു കാര്യമോ സർക്കാരിന്റെ നയത്തിൽപെടുന്ന ഏതൊരു സംഗതിയോ, ചാൻസലറുടെയോ സർവ്വകലാശാലയുടെ ഏതെങ്കിലും അധികാരസ്ഥാനത്തിന്റെയോ ഉദ്യോഗസ്ഥന്റെയോ ശ്രദ്ധയിൽപ്പെടുത്തുന്നതിനും ഉചിതമായ നടപടി സ്വീകരിക്കാൻ ആവശ്യപ്പെടുന്നതിനും അവകാശമുണ്ടായിരിക്കുന്നതാണ്.

(5) പ്രോ-ചാൻസലർക്ക് അദ്ദേഹം നിർദ്ദേശിച്ചേക്കാവുന്ന പ്രകാരമുള്ള വ്യക്തിയെക്കൊണ്ടോ വ്യക്തികളെക്കൊണ്ടോ സർവ്വകലാശാലയെയും അതിന്റെ കെട്ടിടങ്ങളെയും ലബോറട്ടറികളെയും ഉപകരണങ്ങളെയും സർവ്വകലാശാല പരിപാലിക്കുന്ന ഏതെങ്കിലും കോളേജിനെയോ സ്ഥാപനത്തെയോ; കൂടാതെ പരീക്ഷകളെയും അദ്ധ്യാപനത്തെയും സർവ്വകലാശാല നടത്തിയിട്ടുള്ളതോ ചെയ്തിട്ടുള്ളതോ ആയ മറ്റു പ്രവൃത്തിയെയും സംബന്ധിച്ച് പരിശോധന നടത്തിപ്പിക്കുന്നതിനും സർവ്വകലാശാലയുടെയും കോളേജുകളുടെയും സ്ഥാപനങ്ങളുടെയും ഭരണപരമോ സാമ്പത്തികപരമോ ആയ

ഏതൊരു സംഗതിയുമായി ബന്ധപ്പെട്ട കാര്യത്തെക്കുറിച്ച് സമാനരീതിയിൽ അന്വേഷണം നടത്തിപ്പിക്കുന്നതിനും അവകാശം ഉണ്ടായിരിക്കുന്നതാണ്.

(6) പ്രോ-ചാൻസലർക്ക് സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള അധികാരങ്ങൾ ഉണ്ടായിരിക്കുന്നതാണ്.

(7) പ്രോ-ചാൻസലർ, രേഖാമൂലമുള്ള ഉത്തരവിലൂടെ ചാൻസലർ ഏല്പിച്ചുകൊടുത്തേക്കാവുന്ന ചാൻസലറുടെ അങ്ങനെയുള്ള മറ്റ് അധികാരങ്ങൾ വിനിയോഗിക്കേണ്ടതും അങ്ങനെയുള്ള മറ്റ് കർത്തവ്യങ്ങൾ നിർവ്വഹിക്കേണ്ടതും, അപ്രകാരമുള്ള ഏല്പിച്ചുകൊടുക്കൽ അങ്ങനെയുള്ള ഉത്തരവിൽ വിനിർദ്ദേശിച്ചേക്കാവുന്ന അങ്ങനെയുള്ള നിയന്ത്രണങ്ങൾക്കും ഉപാധികൾക്കും വിധേയമായിരിക്കാവുന്നതുമാണ്.".

(സി) 11-ാം വകുപ്പിൽ, (11)-ാം ഉപവകുപ്പിനു പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

" (11) സത്വര നടപടി എടുക്കേണ്ട ഒരു അടിയന്തരാവസ്ഥ ഉണ്ടെന്ന് വിശ്വസിക്കുന്നതിന് വൈസ്-ചാൻസലർക്ക് മതിയായ കാരണങ്ങൾ ഉണ്ടെങ്കിൽ, ആവശ്യമെന്ന് അദ്ദേഹം കരുതുന്ന അങ്ങനെയുള്ള നടപടി അദ്ദേഹം സ്വീകരിക്കേണ്ടതും, കഴിയുന്നത്ര വേഗം, അടിയന്തരാവശ്യത്തിനുള്ള കാരണവും അദ്ദേഹം സ്വീകരിച്ച നടപടികളും, അതതുസംഗതിപോലെ, സാധാരണഗതിയിൽ ആ വിഷയം കൈകാര്യം ചെയ്യുമായിരുന്ന അങ്ങനെയുള്ള അധികാരസ്ഥാനത്തിനോ നികായത്തിനോ വിവിധ കൗൺസിലുകൾക്കോ അതിന്റെ തൊട്ടടുത്ത് വരുന്ന യോഗത്തിൽ രേഖാമൂലം റിപ്പോർട്ട് ചെയ്യേണ്ടതും ബന്ധപ്പെട്ട അധികാരസ്ഥാനം, നികായം അല്ലെങ്കിൽ കൗൺസിൽ അതിന്റെ തൊട്ടടുത്ത യോഗത്തിൽ പ്രസ്തുത റിപ്പോർട്ട് പരിഗണിക്കേണ്ടതുമാണ്:

എന്നാൽ, അങ്ങനെയുള്ള ഒരു അടിയന്തരാവസ്ഥ നിലനിൽക്കുന്നുണ്ടെന്നുള്ള കാര്യത്തിലോ സ്വീകരിച്ച നടപടിയിലോ അല്ലെങ്കിൽ രണ്ടിലുമോ വൈസ്-ചാൻസലറും, അതതുസംഗതിപോലെ, അധികാരസ്ഥാനമോ നികായമോ കൗൺസിലോ തമ്മിൽ അഭിപ്രായവ്യത്യാസം ഉണ്ടാകുന്ന സന്ദർഭത്തിൽ പ്രസ്തുത വിഷയം അപ്പലേറ്റ് ട്രൈബ്യൂണലിന് റഫർ ചെയ്യേണ്ടതും അതിന്റെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്.".

(ഡി) 12-ാം വകുപ്പിൽ,—

(i) (1)-ാം ഉപവകുപ്പിന് പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

" (1) വൈസ്-ചാൻസലറുടെ ശിപാർശയിന്മേൽ സിൻഡിക്കേറ്റ് പ്രോ-വൈസ്-ചാൻസലറെ നിയമിക്കേണ്ടതാണ്. പ്രോ-വൈസ്-ചാൻസലർ, വൈസ്-

ചാൻസലറുടെ ഔദ്യോഗിക സ്ഥാനം അവസാനിക്കുന്നതുവരെയുള്ള കാലയളവിലേയ്ക്ക് ഔദ്യോഗിക സ്ഥാനം വഹിക്കേണ്ടതും പുനർനിയമനത്തിന് അർഹനായിരിക്കുന്നതുമാണ്:

എന്നാൽ, അറുപത് വയസ്സ് പൂർത്തിയായ ഏതൊരാളും നിയമനത്തിന് അർഹനായിരിക്കുന്നതല്ല." ;

(ii) (2)-ാം ഉപവകുപ്പ് വിട്ടുകളയേണ്ടതാണ്;

(iii) (3)-ാം ഉപവകുപ്പിനു പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

" (3) പ്രോ-വൈസ്-ചാൻസലർ സർവ്വകലാശാലയുടെ ശമ്പളം പറ്റുന്ന ഒരു മുഴുവൻ സമയ അക്കാഡമിക-ഭരണനിർവ്വഹണ ഉദ്യോഗസ്ഥനായിരിക്കുന്നതും ഡോക്ടറൽ ബിരുദവും പത്തു വർഷത്തിൽ കുറയാത്ത അദ്ധ്യാപന പരിചയത്തോടെയോ ഗവേഷണ പരിചയത്തോടെയോ ഒരു കോളേജിന്റെയോ സ്ഥാപനത്തിന്റെയോ പ്രൊഫസർ അല്ലെങ്കിൽ പ്രിൻസിപ്പൽ തസ്തിക വഹിച്ചിരുന്ന ആൾ ആയിരിക്കേണ്ടതുമാണ്." ;

(iv) (4)-ാം ഉപവകുപ്പിന് പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(4) പ്രോ-വൈസ്-ചാൻസലർ സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്നതും വൈസ്-ചാൻസലർ ഏല്പിച്ചുകൊടുക്കുന്നതുമായ അങ്ങനെയുള്ള അധികാരങ്ങൾ വിനിയോഗിക്കേണ്ടതും അങ്ങനെയുള്ള ചുമതലകൾ നിർവ്വഹിക്കേണ്ടതുമാണ്.".

(ഇ) 17-ാം വകുപ്പിനു പകരം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

" 17. സിൻഡിക്കേറ്റ്.—(1) സിൻഡിക്കേറ്റ് സർവ്വകലാശാലയുടെ മുഖ്യ കാര്യനിർവ്വഹണ നികായമായിരിക്കുന്നതും അതിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കുന്നതുമാണ്, അതായത്:—

എക്സ്-ഒഫിഷ്യോ അംഗങ്ങൾ

(i) വൈസ്-ചാൻസലർ;

(ii) പ്രോ-വൈസ്-ചാൻസലർ;

(iii) ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ ചുമതല വഹിക്കുന്ന ഗവൺമെന്റ് സെക്രട്ടറി അല്ലെങ്കിൽ അദ്ദേഹം നാമനിർദ്ദേശം ചെയ്യുന്ന ജോയിന്റ് സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥൻ;

(iv) സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ.

നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾ

(i) ചാൻസലർ നാമനിർദ്ദേശം ചെയ്യുന്ന വ്യവസായ വാണിജ്യ മേഖലയിലെ ഒരു വിദഗ്ദ്ധൻ;

(ii) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഉന്നത വിദ്യാഭ്യാസ മേഖലയിൽ നിന്നുള്ള മൂന്ന് വിദഗ്ദ്ധർ, അവരിൽ ഒരാൾ സ്ത്രീയും ഒരാൾ പട്ടികജാതിയിലോ പട്ടിക ഗ്രോത്രവർഗ്ഗ വിഭാഗങ്ങളിലോ നിന്നുള്ളവരായിരിക്കേണ്ടതാണ്;

(iii) ഫാക്കൽറ്റികളുടെ അക്ഷരമാലാ ക്രമമനുസരിച്ച് വൈസ്-ചാൻസലർ നാമനിർദ്ദേശം ചെയ്യുന്ന ഫാക്കൽറ്റികളുടെ ഒരു ഡീൻ;

(iv) വിദ്യാർത്ഥി യൂണിയൻ ചെയർപേഴ്സൺ.

തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ

(i) സെനറ്റിലെ രണ്ട് അംഗങ്ങൾ, അതിൽ ഒരാൾ സെനറ്റിലെ അദ്ധ്യാപകർ തെരഞ്ഞെടുക്കുന്ന അദ്ധ്യാപകനും ഒരാൾ സെനറ്റിലെ അംഗവും ആയിരിക്കേണ്ടതാണ്;

(ii) കേരള നിയമസഭയിൽ നിന്ന് നിയമസഭാംഗങ്ങൾ തെരഞ്ഞെടുക്കുന്ന ഒരു അംഗം.".

(എഫ്) 17-ാം വകുപ്പിന് ശേഷം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"17 എ. സിൻഡിക്കേറ്റിലെ അംഗങ്ങളുടെ ഔദ്യോഗിക കാലാവധി.— (1) എക്സ്-ഒഫിഷ്യോ അംഗങ്ങൾ ഒഴികെയുള്ള സിൻഡിക്കേറ്റിലെ അംഗങ്ങൾ, അതതുസംഗതിപോലെ, അവരെ തെരഞ്ഞെടുത്തതോ നാമനിർദ്ദേശം ചെയ്തതോ ആയ തീയതി മുതൽ നാല് വർഷക്കാലയളവിലേയ്ക്ക് ഔദ്യോഗിക സ്ഥാനം വഹിക്കേണ്ടതാണ്:

എന്നാൽ, ഒരു പ്രത്യേക നികായത്തിലെ അംഗം എന്ന നിലയിലോ ഒരു പ്രത്യേക സ്ഥാനം വഹിക്കുന്ന ആൾ എന്ന നിലയിലോ തെരഞ്ഞെടുക്കപ്പെടുന്ന യാതൊരാളും, അങ്ങനെയുള്ള അംഗമോ അങ്ങനെയുള്ള ഔദ്യോഗിക സ്ഥാനം വഹിക്കുന്ന ആളോ അല്ലാതായിത്തീർന്നതിനുശേഷം മൂന്നു മാസത്തിൽ കവിഞ്ഞ കാലത്തേയ്ക്ക്, അതിനിടയിൽ താൻ വീണ്ടും ആ നികായത്തിലെ ഒരു അംഗമോ ആ സ്ഥാനം വഹിക്കുന്ന ആളോ ആയിത്തീരാത്ത പക്ഷം, സിൻഡിക്കേറ്റിലെ അംഗം ആയിരിക്കാൻ പാടില്ലാത്തതാണ്:

എന്നുമാത്രമല്ല, 17-ാം വകുപ്പിലെ "നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾ" എന്ന ശീർഷകത്തിന് താഴെയുള്ള (iii), (iv) ഇനങ്ങളിൽ പരാമർശിച്ചിട്ടുള്ള അംഗം, അദ്ദേഹത്തെ തെരഞ്ഞെടുത്ത തീയതി മുതൽ ഒരു വർഷക്കാലയളവിലേയ്ക്ക് ഔദ്യോഗിക സ്ഥാനം വഹിക്കേണ്ടതാണ്:

എന്നിരുന്നാലും, എക്സ്-ഒഫിഷ്യോ അംഗമല്ലാത്ത യാതൊരാളും രണ്ടിൽ കൂടുതൽ തവണ തുടർച്ചയായി ഔദ്യോഗിക സ്ഥാനം വഹിക്കാൻ അർഹനായിരിക്കുന്നതല്ല.” .

(ജി) 19-ാം വകുപ്പിന് പകരം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

“ 19. സെനറ്റ്.—സെനറ്റിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കുന്നതാണ്, അതായത് :—

എക്സ് -ഒഫിഷ്യോ അംഗങ്ങൾ

(i) ചാൻസലർ;

(ii) പ്രോ-ചാൻസലർ;

(iii) വൈസ്-ചാൻസലർ;

(iv) പ്രോ -വൈസ് -ചാൻസലർ;

(v) കൊച്ചി മേയർ;

(vi) സർവ്വകലാശാലയുടെ ആസ്ഥാനം സ്ഥിതി ചെയ്യുന്ന പ്രദേശത്തെ പ്രതിനിധീകരിക്കുന്ന കേരള നിയമസഭ അംഗവും ലോകസഭയിലെ അംഗവും;

(vii) ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ ചുമതല വഹിക്കുന്ന ഗവൺമെന്റ് സെക്രട്ടറി അല്ലെങ്കിൽ അദ്ദേഹം നാമനിർദ്ദേശം ചെയ്യുന്ന ജോയിന്റ് സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥൻ;

(viii) ധനകാര്യ വകുപ്പിന്റെ ചുമതല വഹിക്കുന്ന ഗവൺമെന്റ് സെക്രട്ടറി അല്ലെങ്കിൽ അദ്ദേഹം നാമനിർദ്ദേശം ചെയ്യുന്ന ജോയിന്റ് സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥൻ;

(ix) എക്സിക്യൂട്ടീവ് വൈസ്-ചെയർപേഴ്സൺ, കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ സയൻസ്, ടെക്നോളജി ആൻഡ് എൻവയോൺമെന്റ്;

(x) സർവ്വകലാശാല വിദ്യാർത്ഥി യൂണിയൻ ചെയർപേഴ്സൺ;

(xi) മറ്റുവിധത്തിൽ സെനറ്റിലെ അംഗങ്ങളല്ലാത്ത സിൻഡിക്കേറ്റിലെ അംഗങ്ങൾ.

തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ

(i) അക്കാഡമിക് കൗൺസിലിലെ അംഗങ്ങൾ അവർക്കിടയിൽ നിന്നും തെരഞ്ഞെടുക്കുന്ന മൂന്നുപേർ, അവരിൽ ഒരാൾ വനിതയായിരിക്കേണ്ടതാണ് ;

(ii) ഫാക്കൽറ്റി ഡീൻമാർ അവർക്കിടയിൽ നിന്നും തെരഞ്ഞെടുക്കുന്ന രണ്ടു പേർ;

(iii) സർവ്വകലാശാല വകുപ്പുകളുടെയും അംഗീകൃത സ്ഥാപനങ്ങളുടെയും സ്ഥിരം അദ്ധ്യാപകർ അവർക്കിടയിൽ നിന്നും തെരഞ്ഞെടുക്കുന്ന ഏഴ് അംഗങ്ങൾ;

(iv) സർവ്വകലാശാലയിലെ വിദ്യാർത്ഥികൾ അവർക്കിടയിൽ നിന്നും തെരഞ്ഞെടുക്കുന്ന പത്ത് അംഗങ്ങൾ, അവരിൽ ഒരാൾ വനിതയും രണ്ട് പേർ ഗവേഷണ വിദ്യാർത്ഥികളും ഒരാൾ പട്ടികജാതിയിലോ പട്ടികഗോത്രവർഗ്ഗ വിഭാഗങ്ങളിലോപ്പെട്ട ആളും ഒരാൾ ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട ആളുമായിരിക്കേണ്ടതാണ്;

(v) സർവ്വകലാശാലയിലെ സ്ഥിരം അനദ്ധ്യാപക ജീവനക്കാർ അവർക്കിടയിൽ നിന്നും തെരഞ്ഞെടുക്കുന്ന രണ്ട് അംഗങ്ങൾ.

മറ്റ് അംഗങ്ങൾ

(i) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന സാങ്കേതികശാസ്ത്ര മേഖലയിലെ അഞ്ച് വിദഗ്ദ്ധർ, അവരിൽ ഒരാൾ പട്ടികജാതിയിലോ പട്ടികഗോത്രവർഗ്ഗ വിഭാഗങ്ങളിലോപ്പെട്ടയാളും ഒരാൾ വനിതയും ആയിരിക്കേണ്ടതാണ്;

(ii) ചാൻസലർ നാമനിർദ്ദേശം ചെയ്യുന്ന സാങ്കേതികശാസ്ത്രം, കല, എഴുത്ത്, മാധ്യമപ്രവർത്തനം എന്നീ മേഖലകളിൽ നിന്നുള്ള ഏഴിൽ അധികരിക്കാത്ത അംഗങ്ങൾ.".

(എച്ച്) 24-ാം വകുപ്പിൽ,—

(i) (viii)-ാം ഖണ്ഡത്തിന് ശേഷം താഴെപ്പറയുന്ന ഖണ്ഡങ്ങൾ ചേർക്കേണ്ടതാണ്, അതായത്:—

" (viii എ) സർവ്വകലാശാലയിൽ തുടർപഠനം നടത്തുന്നതിനായി മറ്റ് സർവ്വകലാശാലകളുടെ പരീക്ഷകൾ, ഡിപ്ലോമകൾ, ബിരുദങ്ങൾ, മറ്റ് അക്കാഡമിക ബഹുമതികൾ എന്നിവ യോഗ്യമാണോ എന്ന് തീരുമാനിക്കുന്നതിന്;

(viii ബി) ഇൻഡ്യയിലെയും വിദേശത്തെയും വിവിധ സർവ്വകലാശാലകളിലേയ്ക്കും സ്ഥാപനങ്ങളിലേയ്ക്കും ക്രെഡിറ്റ് കൈമാറ്റത്തോടെ

വിദ്യാർത്ഥികളുടെ അന്തർസർവ്വകലാശാല സ്ഥലംമാറ്റവും മൊബിലിറ്റിയും പ്രോത്സാഹിപ്പിക്കുന്നതിനും സുഗമമാക്കുന്നതിനും വേണ്ടി അങ്ങനെയുള്ള റെഗുലേഷനുകൾ ഉണ്ടാക്കുന്നതിന്;

(viii സി) മറ്റ് സർവ്വകലാശാലയിൽ നിന്നോ സ്ഥാപനത്തിൽ നിന്നോ ആർജ്ജിച്ചിട്ടുള്ള ക്രെഡിറ്റുകൾ സർവ്വകലാശാലയുടെ അതേ പ്രോഗ്രാമിലേയ്ക്കോ വ്യത്യസ്ത പ്രോഗ്രാമിലേയ്ക്കോ കൈമാറ്റം ചെയ്യുന്നതിലേയ്ക്കായി അങ്ങനെയുള്ള റെഗുലേഷനുകൾ ഉണ്ടാക്കുന്നതിന്;".

(ഐ) 24-ാം വകുപ്പിന് ശേഷം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"24 എ. ഗവേഷണ കൗൺസിൽ.—(1) ഗവേഷണം, നൂതന കണ്ടെത്തലുകൾ, അക്കാഡമിക് സഹകരണം, സാങ്കേതികശാസ്ത്ര കൈമാറ്റം, ഗവേഷണവുമായി ബന്ധപ്പെട്ട തുടർപ്രവൃത്തികൾ എന്നിവയുമായി ബന്ധപ്പെട്ട ഏതൊരു കാര്യത്തിന്മേലും ചർച്ച ചെയ്യുന്നതിനും ആലോചിക്കുന്നതിനും തീരുമാനമെടുക്കുന്നതിനുമായി സർവ്വകലാശാലയ്ക്ക് ഒരു ഗവേഷണ കൗൺസിൽ ഉണ്ടായിരിക്കുന്നതാണ്.

(2) ഗവേഷണ കൗൺസിലിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(i) വൈസ് -ചാൻസലർ;

(ii) പ്രോ-വൈസ്-ചാൻസലർ;

(iii) രജിസ്ട്രാർ;

(iv) റിസർച്ച് ഡയറക്ടർ, അദ്ദേഹം സിൻഡിക്കേറ്റ് നാമനിർദ്ദേശം ചെയ്യുന്ന ഒരു പ്രൊഫസർ ആയിരിക്കേണ്ടതാണ്;

(v) സിൻഡിക്കേറ്റിലെ തെരഞ്ഞെടുക്കപ്പെടുന്ന അദ്ധ്യാപകൻ;

(vi) സിൻഡിക്കേറ്റ് നാമനിർദ്ദേശം ചെയ്യുന്ന സർവ്വകലാശാലയുടെ മൂന്ന് ഡീൻമാർ;

(vii) വൈസ്-ചാൻസലർ നാമനിർദ്ദേശം ചെയ്യുന്ന ഗവേഷണത്തിൽ പ്രാഗൽഭ്യം തെളിയിച്ച സർവ്വകലാശാലയ്ക്ക് പുറത്ത് നിന്നുള്ള രണ്ട് വിദഗ്ദ്ധർ;

(viii) സിൻഡിക്കേറ്റ് നാമനിർദ്ദേശം ചെയ്യുന്ന സർവ്വകലാശാലയിലെ ഒരു ഗവേഷണ വിദ്യാർത്ഥി;

(ix) ഡയറക്ടർ, ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെൽ;

(x) അക്കാഡമിക് കൗൺസിൽ അവർക്കിടയിൽ നിന്നും നാമനിർദ്ദേശം ചെയ്യുന്ന രണ്ട് അംഗങ്ങൾ.

(3) വൈസ്-ചാൻസലർ ഗവേഷണ കൗൺസിലിന്റെ ചെയർപേഴ്സൺ ആയിരിക്കുന്നതും റിസർച്ച് ഡയറക്ടർ കൺവീനർ ആയിരിക്കുന്നതുമാണ്. ചെയർപേഴ്സന്റെ അഭാവത്തിൽ, ഹാജരായ അംഗങ്ങൾ അവർക്കിടയിൽ നിന്നും തെരഞ്ഞെടുക്കുന്ന ഒരു അംഗം ഗവേഷണ കൗൺസിലിന്റെ യോഗത്തിൽ ആദ്ധ്യക്ഷ്യം വഹിക്കേണ്ടതാണ്.

(4) ഗവേഷണ കൗൺസിലിലെ അംഗങ്ങൾ, അത് രൂപീകരിച്ച തീയതി മുതൽ രണ്ട് വർഷക്കാലയളവിലേയ്ക്കോ പുന:സംഘടിപ്പിക്കുന്നതുവരെയോ ഏതാണോ ആദ്യം അതുവരെ ഔദ്യോഗിക സ്ഥാനം വഹിക്കേണ്ടതാണ്.

(5) ഗവേഷണ കൗൺസിൽ മാസത്തിൽ ഒരു തവണയെങ്കിലുമോ ആവശ്യമുള്ളപ്പോഴെല്ലാമോ ഓഫ്‌ലൈൻ, ഓൺലൈൻ അല്ലെങ്കിൽ ഹൈബ്രിഡ് മോഡിൽ യോഗം ചേരേണ്ടതാണ്.

(6) യോഗത്തിന്റെ ക്വാറം ആകെ അംഗങ്ങളുടെ രണ്ടിൽ ഒന്ന് ആയിരിക്കുന്നതാണ്.

(7) ഗവേഷണ കൗൺസിലിന്റെ ഏല്പിച്ചുകൊടുക്കാവുന്ന അധികാരങ്ങൾ ഉൾപ്പെടെയുള്ള അധികാരങ്ങളും ചുമതലകളും സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കേണ്ടതാണ്.” .

(ജെ) 26-ാം വകുപ്പിന് ശേഷം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

“26 എ. വിദഗ്ദ്ധ സമിതി.—(1) ഔപചാരികമായി രൂപീകരിച്ച പഠന ബോർഡുകളുടെ അഭാവത്തിൽ പഠന ബോർഡുകളുടെ അധികാരങ്ങൾ വിനിയോഗിക്കുന്നതിനും പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നതിനുമായി സിൻഡിക്കേറ്റ് ഒരു വിദഗ്ദ്ധ സമിതിയെ നിയമിക്കേണ്ടതാണ്.

(2) ഓരോ വിദഗ്ദ്ധ സമിതിക്കും സിൻഡിക്കേറ്റ് നാമനിർദ്ദേശം ചെയ്യുന്ന ഒരു ചെയർപേഴ്സൺ ഉണ്ടായിരിക്കേണ്ടതാണ്. ചെയർപേഴ്സൺ കുറഞ്ഞത് പതിനഞ്ച് വർഷത്തെ റെഗുലർ സർവ്വീസ് ഉള്ള അദ്ധ്യാപകനായിരിക്കേണ്ടതാണ്:

എന്നാൽ, പതിനഞ്ച് വർഷത്തെ റെഗുലർ സർവ്വീസുള്ള അദ്ധ്യാപകരില്ലാത്തപക്ഷം ഏറ്റവും സീനിയറായ അദ്ധ്യാപകൻ ചെയർപേഴ്സൺ ആയിരിക്കേണ്ടതാണ്.

(3) വിദഗ്ദ്ധ സമിതിയിലെ അംഗങ്ങൾക്ക് കുറഞ്ഞത് അഞ്ച് വർഷത്തെ റെഗുലർ സർവ്വീസ് ഉണ്ടായിരിക്കേണ്ടതാണ്:

എന്നാൽ, കുറഞ്ഞത് അഞ്ച് വർഷം റെഗുലർ സർവ്വീസുള്ള അദ്ധ്യാപകരില്ലെങ്കിൽ, അഞ്ച് വർഷത്തിൽ താഴെ റെഗുലർ സർവ്വീസുള്ള അദ്ധ്യാപകരെയും പരിഗണിക്കാം.

(4) ഓരോ വിദഗ്ദ്ധ സമിതിയിലും കുറഞ്ഞത് പത്ത് അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതും അതിൽ ഏറ്റവും കുറഞ്ഞത് ഒരാളെങ്കിലും സർവകലാശാലയ്ക്ക് പുറത്ത് നിന്നുള്ള വിദഗ്ദ്ധനായിരിക്കേണ്ടതുമാണ്.

(5) വിദഗ്ദ്ധ സമിതിയുടെ ഘടനയും അധികാരങ്ങളും സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കേണ്ടതാണ്.

(6) വിദഗ്ദ്ധ സമിതിയുടെ കാലാവധി സിൻഡിക്കേറ്റ് തീരുമാനിക്കേണ്ടതാണ് :

എന്നാൽ, അങ്ങനെയുള്ള കാലാവധി രണ്ട് വർഷത്തിൽ അധികരിക്കാൻ പാടില്ലാത്തതാണ്.".

(കെ) 30-ാം വകുപ്പിന് ശേഷം താഴെപ്പറയുന്ന വകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

"30 എ. <u>വിദ്യാർത്ഥികളുടെ അവകാശങ്ങൾ</u>.—(1) വിദ്യാർത്ഥികൾക്ക്, അവർ പഠനം തുടരാനാഗ്രഹിക്കുന്ന സ്ഥാപനത്തിന്റെ പ്രോസ്പെക്ടസ് ലഭിക്കുന്നതിനും കോഴ്സ് തെരഞ്ഞെടുപ്പിനെക്കുറിച്ചും രജിസ്ട്രേഷനെക്കുറിച്ചും യുക്തമായ തീരുമാനങ്ങൾ എടുക്കുന്നതിന് സഹായകരമായ വിവരങ്ങൾ ലഭിക്കുന്നതിനും അവകാശമുണ്ടായിരിക്കുന്നതാണ്.

(2) വിദ്യാർത്ഥികൾക്ക്, അവർ രജിസ്റ്റർ ചെയ്ത ഓരോ കോഴ്സിനും വിശദവും പൂർണ്ണവുമായ കോഴ്സ് രൂപരേഖ ലഭിക്കുന്നതിന് അവകാശമുണ്ടായിരിക്കുന്നതും അത് ക്ലാസിന്റെ ആദ്യ ആഴ്ചയിൽ നൽകേണ്ടതുമാണ്. ഈ വിവരങ്ങളിൽ,—

(എ) കോഴ്സിൽ പരിഗണിക്കേണ്ട വിഷയങ്ങളുടെ വിവരണം;

(ബി) ആവശ്യമായതും ശിപാർശ ചെയ്യപ്പെട്ടതുമായ, വായനക്കോ പഠനത്തിനോ ഉള്ള സാമഗ്രികളുടെ ഒരു ലിസ്റ്റ്;

(സി) കോഴ്സിൽ ഉപയോഗിക്കേണ്ടതായ മൂല്യനിർണ്ണയ രീതികളുടെ വിവരണം; കൂടാതെ

(ഡി) ഇൻസ്ട്രക്ടറെ ബന്ധപ്പെടാനുള്ള വിവരങ്ങൾ, ഓഫീസ് സ്ഥിതി ചെയ്യുന്ന സ്ഥലം, ഓഫീസ് സമയം എന്നിവ ഉൾപ്പെടേണ്ടതാണ്.

(3) വിദ്യാർത്ഥികൾക്ക്, തൃപ്തികരമായ അക്കാഡമിക് വിദ്യാഭ്യാസം നേടുന്നതിനും അവരുടെ നിർദ്ദിഷ്ട പഠനലക്ഷ്യങ്ങളും ക്രെഡിറ്റ് ആവശ്യകതയും

കൈവരിക്കുന്നതിനായി മുഖാമുഖമായോ ഓൺലൈനായോ പഠനം നടത്താനാവശ്യമായ അദ്ധ്യാപന മണിക്കൂറുകൾ ലഭിക്കുന്നതിനും അവകാശമുണ്ടായിരിക്കുന്നതാണ്.

(4) വിദ്യാർത്ഥികൾക്ക്, അവരുടെ താൽപര്യാർത്ഥം, ഏതെങ്കിലും സംഘടനയിൽ അംഗമാകുന്നതിന് അവകാശമുണ്ടായിരിക്കുന്നതും അങ്ങനെയുള്ള ഒരു സംഘടനയിൽ അവർ ഉൾപ്പെടുന്നുവെന്ന കാരണത്താൽ സർവ്വകലാശാല, അവരെ മുൻവിധിയോടെയുള്ള പെരുമാറ്റത്തിന് വിധേയരാക്കാൻ പാടില്ലാത്തതുമാണ്.

(5) വിദ്യാർത്ഥികളുടെ ഒരു കൂട്ടത്തിന്, സംഘടിക്കുന്നതിനും അതിലെ അംഗങ്ങളുടെ താല്പര്യങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും അവകാശമുണ്ടായിരിക്കുന്നതാണ്. എന്നാൽ, അങ്ങനെയുള്ള ഒരു സംഘത്തിന്റെ ആവശ്യങ്ങൾ നിയമാനുസൃത മായിരിക്കേണ്ടതാണ്. അങ്ങനെയുള്ള ഓരോ സംഘത്തിനും പരസ്യപ്പെടുത്തുന്നതിനും യോഗങ്ങൾ നടത്തുന്നതിനും ഏത് വിഷയവും ചർച്ച ചെയ്യുന്നതിനും നിയമാനുസൃതവും സമാധാനപരവുമായ പ്രകടനത്തിൽ ഏർപ്പെടുന്നതിനും അവകാശമുണ്ടായിരിക്കുന്നതാണ്.

(6) സർവ്വകലാശാലയും അതിൻകീഴിലുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളും വിദ്യാർത്ഥികളുടെ ഒരു ഔപചാരിക പ്രാതിനിധ്യ സമിതി രൂപീകരിക്കേണ്ടതും, ആ സമിതിയിൽ, സർവ്വകലാശാലയുടെ തീരുമാനത്തിനനുസരിച്ച് വിദ്യാർത്ഥികളുടെ പ്രതിനിധികളെ തെരഞ്ഞെടുക്കുന്നതിനായി തെരഞ്ഞെടുപ്പുകൾ പതിവായി നടത്തേണ്ടതുമാണ്.

(7) സർവ്വകലാശാലയുടെ പഠന വകുപ്പുകളും സർവ്വകലാശാലയുടെ കീഴിലുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളും വിദ്യാർത്ഥികൾക്കുള്ള ഈ അവകാശങ്ങൾ നിരീക്ഷിക്കാനും പ്രോത്സാഹിപ്പിക്കാനും സംരക്ഷിക്കാനും ബാദ്ധ്യസ്ഥരായിരിക്കുന്നതാണ്.

(8) ഓരോ വിദ്യാർത്ഥിക്കും സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള മറ്റ് നിർദ്ദിഷ്ട വിദ്യാർത്ഥികളുടെ അവകാശങ്ങൾ ഉണ്ടായിരിക്കുന്നതാണ്.

30 ബി. വിദ്യാർത്ഥികളുടെ പരാതി പരിഹാര സംവിധാനം.—(1) യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷന്റെ റെഗുലേഷനുകൾക്കും സർക്കാർ ഉത്തരവുകൾക്കും അനുസൃതമായി വിദ്യാർത്ഥികളുടെ ഒരു പരാതി പരിഹാര സംവിധാനം ഉണ്ടായിരിക്കുന്നതാണ്.

(2) അത്തരം സംവിധാനത്തിന്റെ രൂപീകരണം, അധികാരങ്ങൾ, ചുമതലകൾ എന്നിവ സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കേണ്ടതാണ്.

30 സി. അദ്ധ്യാപകരുടെ അവകാശങ്ങളും ഉത്തരവാദിത്വങ്ങളും.—(1) അദ്ധ്യാപകർക്ക് അക്കാഡമിക സ്വാതന്ത്ര്യത്തിനും അന്വേഷണം, അഭിപ്രായപ്രകടനം, സംഘംചേരൽ എന്നിവയ്ക്കുള്ള സ്വാതന്ത്ര്യത്തിനും അവകാശമുണ്ടായിരിക്കുന്നതാണ്.

(2) അദ്ധ്യാപകർക്ക്, ഈ ആക്ടിലെയും സ്റ്റാറ്റ്യൂട്ടുകളിലെയും റെഗുലേഷനുകളിലെയും വ്യവസ്ഥകൾക്കനുസൃതമായി, അക്കാഡമിക പ്രോഗ്രാമുകൾ, പാഠ്യപദ്ധതി, സിലബസ്, മൂല്യനിർണ്ണയം എന്നിവ രൂപകല്പന ചെയ്യുന്നതിനുള്ള അക്കാഡമിക സ്വയംഭരണാധികാരം ഉണ്ടായിരിക്കുന്നതാണ്.

(3) അദ്ധ്യാപകർക്കോ അവരുടെ സംഘങ്ങൾക്കോ സംഘടനകൾക്കോ സർവ്വകലാശാലയുടെ മുൻകൂർ അനുമതിയില്ലാതെ, ലിഖിതമായതോ അച്ചടിച്ചതോ ഇലക്ട്രോണിക് രൂപത്തിലുള്ളതോ ആയ മെറ്റീരിയലുകൾ കാമ്പസിൽ വിതരണം ചെയ്യുകയും പ്രദർശിപ്പിക്കുകയും ചെയ്യാവുന്നതാണ്. എന്നാൽ, അപ്രകാരം വിതരണം ചെയ്യുന്ന മെറ്റീരിയൽ സർവ്വകലാശാലയുടെ നയത്തിനും സംസ്ഥാന നിയമത്തിനും വിരുദ്ധമാകാൻ പാടുള്ളതല്ല. അങ്ങനെയുള്ള മെറ്റീരിയലിൽ അതിന് ഉത്തരവാദിയായ വ്യക്തിയെയോ വ്യക്തികളെയോ വ്യക്തമായി സൂചിപ്പിക്കേണ്ടതാണ്.

(4) അദ്ധ്യാപകർക്ക്, വിഭവങ്ങളുടെ ലഭ്യതയ്ക്ക് അനുസൃതമായി, അദ്ധ്യാപകരുടെ ഉത്തരവാദിത്വവുമായി ബന്ധപ്പെട്ട അവരുടെ കഴിവുകൾ മെച്ചപ്പെടുത്തുന്നതിനും അവരുടെ നൈപുണ്യം വികസിപ്പിക്കുന്നതിനും തുടർപഠന അവസരങ്ങൾ പിന്തുടരാൻ അവകാശമുണ്ടായിരിക്കുന്നതാണ്.

(5) അദ്ധ്യാപകർക്ക്, അവരുടെ മറ്റ് അക്കാഡമിക ചുമതലകളുടെ തൃപ്തികരമായ പ്രവർത്തനങ്ങൾക്ക് വിധേയമായി, ഗവേഷണത്തിലും ഫലങ്ങൾ പ്രസിദ്ധീകരിക്കുന്നതിലും പൂർണ്ണ സ്വാതന്ത്ര്യത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.

(6) അദ്ധ്യാപകരുടെ അദ്ധ്യാപന ചുമതലകളിൽ താഴെപ്പറയുന്നവ ഉൾപ്പെടുന്നു:—

(എ) കോഴ്സ് നൽകുന്നതിനുള്ള രീതിക്ക് യോജിച്ച ക്ലാസ് മുറി അല്ലെങ്കിൽ ഓൺലൈൻ പ്രവർത്തനങ്ങൾ, ആസൂത്രണം ചെയ്യുക;

(ബി) കോഴ്സ് സിലബസ് തയ്യാറാക്കുക;

(സി) അസൈൻമെന്റുകളും പരീക്ഷകളും രൂപകല്പന ചെയ്യുക;

(ഡി) ഓഫീസ് സമയം സ്ഥിരമായി പാലിക്കുക അല്ലെങ്കിൽ കൂടിയാലോചനക്ക് ലഭ്യമായിരിക്കുക;

(ഇ) വിദ്യാർത്ഥികൾ ഏറ്റെടുത്തിട്ടുള്ള സ്വതന്ത്ര ജോലിയിൽ മേൽനോട്ടം വഹിക്കുക;

(എഫ്) തീസിസുകളും പ്രബന്ധങ്ങളും സംബന്ധിച്ച നിർദ്ദേശങ്ങൾ നൽകുക;

(ജി) വിദ്യാർത്ഥികളുടെ മൂല്യനിർണ്ണയം നടത്തുക;

(എച്ച്) വിദ്യാർത്ഥികളുടെ പഠനത്തെ വിലയിരുത്തുകയും രേഖപ്പെടുത്തുകയും ചെയ്യുക;

(ഐ) ഉപദേശം നൽകുക, പാഠ്യപദ്ധതി വികസിപ്പിക്കുകയും നിർണ്ണയിക്കുകയും ചെയ്യുക;

(ജെ) വിദ്യാർത്ഥി മെന്റർ പ്രോഗ്രാമുകൾ, അദ്ധ്യാപക സേവനങ്ങൾ, പഠന നൈപുണ്യ ശില്പശാലകൾ, പ്രത്യേക ഇവന്റുകൾ, ഗവേഷണത്തിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ, ഗവേഷണം നടത്തൽ എന്നിവ ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും പ്രോജക്റ്റുകൾക്കോ തുടർപ്രവർത്തനങ്ങൾക്കോ ഉള്ള പ്രൊപ്പോസലുകൾ തയ്യാറാക്കുകയും സമർപ്പിക്കുകയും ചെയ്യുക.

(7) അക്കാഡമിക ഉപദേശം നൽകൽ, അദ്ധ്യാപകന്റെ ഉത്തരവാദിത്വത്തിന്റെ ഒരു ഭാഗമായിരിക്കുന്നതാണ്.

(8) അദ്ധ്യാപന ഉത്തരവാദിത്വം എന്നതിൽ കോഴ്സ് പ്രദാനം ചെയ്യേണ്ട രീതിക്ക് അനുയോജ്യമായി ക്ലാസ് മുറിയിൽ നേരിട്ടോ ഓൺലൈനായോ നിശ്ചയിക്കപ്പെട്ട ക്ലാസ് സമയങ്ങളിലെ കൃത്യവും സ്ഥിരമായതുമായ സാന്നിദ്ധ്യം ഉൾപ്പെടുന്നതാണ്.

(9) ഒരു അദ്ധ്യാപകൻ വിദ്യാർത്ഥികളോട് പ്രൊഫഷണൽ മര്യാദയോടെ പെരുമാറേണ്ടതും അക്കാഡമിക സ്വാതന്ത്ര്യവും 'വിദ്യാർത്ഥി അവകാശങ്ങളിൽ' പ്രതിപാദിച്ചിരിക്കുന്ന, അവകാശങ്ങളും ഉൾപ്പെടെയുള്ള അവരുടെ എല്ലാ അവകാശങ്ങളെയും മാനിക്കേണ്ടതുമാണ്.

(10) സർവ്വകലാശാലയിലെ എല്ലാ അദ്ധ്യാപകർക്കും സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള അദ്ധ്യാപകരുടെ അവകാശങ്ങളും ഉത്തരവാദിത്വങ്ങളും ഉണ്ടായിരിക്കുന്നതാണ്.

30 ഡി. <u>ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെൽ.</u>—(1) സർവ്വകലാശാലയിൽ ഒരു ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെൽ ഉണ്ടായിരിക്കേണ്ടതാണ്.

(2) സർവ്വകലാശാലയിലെ ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെല്ലിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(എ) വൈസ്-ചാൻസലർ;

(ബി) പ്രോ-വൈസ്-ചാൻസലർ;

(സി) രജിസ്ട്രാർ;

(ഡി) ഫൈനാൻസ് ആഫീസർ;

(ഇ) സിൻഡിക്കേറ്റ് അംഗങ്ങൾ, അവർക്കിടയിൽ നിന്നും നാമനിർദ്ദേശം ചെയ്യുന്ന രണ്ടുപേർ;

(എഫ്) സിൻഡിക്കേറ്റ് നാമനിർദ്ദേശം ചെയ്യുന്ന അഞ്ച് അദ്ധ്യാപകർ;

(ജി) ലോക്കൽ സൊസൈറ്റി, വിദ്യാർത്ഥികൾ, അലുമിനി എന്നിവരിൽ നിന്നും സിൻഡിക്കേറ്റ് നാമനിർദ്ദേശം ചെയ്യുന്ന ഓരോ ആളുകൾ;

എച്ച്) തൊഴിലുടമകൾ, വ്യവസായി, ഗുണഭോക്താക്കൾ എന്നിവരിൽ നിന്നും സിൻഡിക്കേറ്റ് നാമനിർദ്ദേശം ചെയ്യുന്ന ഓരോ ആളുകൾ.

(3) വൈസ്-ചാൻസലർ ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെല്ലിന്റെ ചെയർപേഴ്സൺ ആയിരിക്കേണ്ടതും, സിൻഡിക്കേറ്റ് നാമനിർദ്ദേശം ചെയ്യുന്ന ഒരു അദ്ധ്യാപകൻ ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെല്ലിന്റെ ഡയറക്ടർ ആയിരിക്കേണ്ടതുമാണ്.

(4) ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെല്ലിന്റെ അംഗങ്ങൾ, അവർ ഔദ്യോഗിക സ്ഥാനം ഏറ്റെടുത്ത തീയതി മുതൽ രണ്ടുവർഷക്കാലം ഔദ്യോഗിക സ്ഥാനം വഹിക്കേണ്ടതാണ്.

(5) ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെല്ലിന്റെ അധികാരങ്ങളും ചുമതലകളും യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കേണ്ടതാണ്.

(6) ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെൽ, മൂന്ന് മാസത്തിൽ ഒരിക്കലെങ്കിലുമോ ആവശ്യമുള്ളപ്പോഴെല്ലാമോ ഓഫ്ലൈൻ, ഓൺലൈൻ അല്ലെങ്കിൽ ഹൈബ്രിഡ് മോഡിൽ യോഗം ചേരേണ്ടതാണ്.

(7) യോഗത്തിന്റെ ക്വാറം ആകെ അംഗങ്ങളുടെ മൂന്നിൽ രണ്ട് ആയിരിക്കുന്നതാണ്." .

(എൽ) 36-ാം വകുപ്പിൽ, (7)-ാം ഉപവകുപ്പിന് ശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(8) മുൻപറഞ്ഞ വ്യവസ്ഥകളിൽ എന്തുതന്നെ അടങ്ങിയിരുന്നാലും പ്രത്യേക പദ്ധതികൾക്കോ പ്രോഗ്രാമുകൾക്കോ വേണ്ടി എക്സ്റ്റേണൽ ഫണ്ടിംഗ്

ഏജൻസികൾ അനുവദിച്ച ഫണ്ടുമായി ബന്ധപ്പെട്ട അക്കൗണ്ടുകൾ, ഫണ്ട് ചെയ്യുന്ന ഏജൻസി വിനിർദ്ദേശിച്ചേക്കാവുന്ന അങ്ങനെയുള്ള രീതിയിൽ മാത്രം ഓഡിറ്റ് ചെയ്യേണ്ടതാണ്.” .

(എം) 39-ാം വകുപ്പിൽ, (4)-ാം ഉപവകുപ്പിന് ശേഷം താഴെപ്പറയുന്ന ക്ലിപ്തനിബന്ധന ചേർക്കേണ്ടതാണ്, അതായത്:-

“എന്നാൽ, സ്റ്റാറ്റ്യൂട്ട് ചാൻസലർക്ക് സമർപ്പിച്ച തീയതി മുതൽ അറുപതു ദിവസങ്ങൾക്കകം അതിന്മേൽ അദ്ദേഹം തീരുമാനമെടുക്കാത്തപക്ഷം അതിന് അനുമതി നൽകിയതായി കരുതപ്പെടേണ്ടതാണ്.” .

(എൻ) 53-ാം വകുപ്പിന് ശേഷം താഴെപ്പറയുന്ന വകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

“53 എ. സർവ്വകലാശാല റിസോഴ്സ് പ്ലാനിംഗ് സിസ്റ്റം.—(1) സർവ്വകലാശാലയ്ക്ക് അതിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്കായി, അതിന്റെ ഏതെങ്കിലും ഏജൻസി മുഖേന സോഫ്റ്റ്‌വെയർ അടിസ്ഥാനത്തിലുള്ള സമഗ്രമായ ഒരു റിസോഴ്സ് പ്ലാനിംഗും മാനേജ്മെന്റ് സംവിധാനവും ഉണ്ടായിരിക്കുകയോ സർക്കാർ സ്ഥാപിച്ചിട്ടുള്ള അങ്ങനെയുള്ള ഒരു സംവിധാനത്തിന്റെ ഭാഗമാകുകയോ ചെയ്യേണ്ടതും അത് സർവ്വകലാശാലയ്ക്കകത്തുള്ള വിവിധ വകുപ്പുകൾക്കും യൂണിറ്റുകൾക്കും കീഴിലെ പ്രധാനമായ ഭരണപരം, അക്കാഡമികം, മാനവവിഭവശേഷി, സാമ്പത്തികം, പരീക്ഷ, മറ്റു നടപടികൾ എന്നിവയുടെ ഭരണനിർവ്വഹണത്തിനുള്ള കാര്യക്ഷമത മെച്ചപ്പെടുത്തുന്നതിനായി സംയോജിപ്പിക്കുകയും യന്ത്രവൽക്കരിക്കുകയും സ്ട്രീംലൈൻ ചെയ്യുകയും ചെയ്യേണ്ടതുമാണ്.

(2) സർവ്വകലാശാല റിസോഴ്സ് പ്ലാനിംഗ് സിസ്റ്റത്തിന്റെ നയവും അവ നടപ്പിലാക്കുന്ന രീതിയും കാലാകാലങ്ങളിൽ സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമായിരിക്കുന്നതാണ്.

53 ബി. റൂൾസ് ഓഫ് ബിസിനസ്സ്.—(1) സർവ്വകലാശാലയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായും വിവരസാങ്കേതികവിദ്യയുടെ അടിസ്ഥാനത്തിലുള്ള ഭരണ നിർവ്വഹണത്തിന്റെ ഫലപ്രദമായ ഉപയോഗത്തിനായും പുനർനിർമ്മാണം അടിസ്ഥാനമാക്കിയുള്ള റൂൾസ് ഓഫ് ബിസിനസ്സ് ഉണ്ടാക്കേണ്ടതാണ്.

(2) റൂൾസ് ഓഫ് ബിസിനസ്സ് സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടേണ്ടതും ബാധകമായേക്കാവുന്ന യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷന്റെ റെഗുലേഷനുകൾക്കും സർക്കാർ നിർദ്ദേശങ്ങൾക്കും അനുസൃതമായി കാലാകാലങ്ങളിൽ പുതുക്കേണ്ടതുമാണ്.

53 സി. ഗവേഷണ പാർക്കുകൾ.—(1) സർവ്വകലാശാലയ്ക്ക് ആങ്കർ ക്ലയന്റുകൾ, അലുമിനി, പൊതുസമൂഹം എന്നിവയിൽ നിന്നുള്ള നിക്ഷേപം ഉപയോഗിച്ച് 2013-ലെ കമ്പനീസ് ആക്റ്റിന്റെ (2013-ലെ 18-ാം കേന്ദ്ര ആക്റ്റ്) 8-ാം വകുപ്പ് പ്രകാരമുള്ള കമ്പനികളായി സ്ഥാപിക്കപ്പെടാവുന്ന സ്വതന്ത്ര ഗവേഷണ പാർക്കുകളോ മറ്റ് സമാന സ്ഥാപനങ്ങളോ സ്ഥാപിക്കാവുന്നതാണ്.

(2) ഓരോ ഗവേഷണ പാർക്കിനും കമ്പനികൾക്കും ഒരു സ്വതന്ത്ര ഗവേണിംഗ് ബോഡി ഉണ്ടായിരിക്കേണ്ടതാണ്. ഗവേഷണ പാർക്കിന്റെ നയവും അവ നടപ്പിലാക്കുന്ന രീതിയും ഗവേണിംഗ് ബോഡിയുടെ ഘടനയും കാലാകാലങ്ങളിൽ സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടേണ്ടതാണ്.” .

3. 2013-ലെ 24-ാം ആക്റ്റിനുള്ള ഭേദഗതി.—2013-ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാല ആക്റ്റിൽ (2013-ലെ 24),—

(എ) 2-ാം വകുപ്പിൽ, (ഡബ്ല്യൂ) ഖണ്ഡത്തിന് ശേഷം താഴെപ്പറയുന്ന ഖണ്ഡങ്ങൾ ചേർക്കേണ്ടതാണ്, അതായത്:—

“(എക്സ്) “പരാതി" എന്നാൽ സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന കാര്യങ്ങളുമായി ബന്ധപ്പെട്ട് സങ്കടമനുഭവിക്കുന്ന വിദ്യാർത്ഥി നൽകുന്ന പരാതി എന്നർത്ഥമാകുന്നു;

(വൈ) “ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെൽ" എന്നാൽ 23 എ വകുപ്പ് പ്രകാരമുള്ള ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെൽ എന്നർത്ഥമാകുന്നു;

(ഇസഡ്) “ഗവേഷണ പാർക്ക്" എന്നാൽ 55 സി വകുപ്പ് പ്രകാരം സ്ഥാപിക്കപ്പെട്ട ഗവേഷണ പാർക്ക് എന്നർത്ഥമാകുന്നു;

(ഇസഡ് എ) “യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ” എന്നാൽ 1956-ലെ യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ ആക്റ്റ് (1956-ലെ 3-ാം കേന്ദ്ര ആക്റ്റ്) പ്രകാരം സ്ഥാപിതമായ യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ എന്നർത്ഥമാകുന്നു;

(ഇസഡ് ബി) “സർവ്വകലാശാല റിസോഴ്സ് പ്ലാനിംഗ് സിസ്റ്റം" എന്നാൽ 55 എ വകുപ്പ് പ്രകാരം സർവ്വകലാശാല സ്ഥാപിക്കുന്ന സർവ്വകലാശാല റിസോഴ്സ് പ്ലാനിംഗ് സിസ്റ്റം എന്നർത്ഥമാകുന്നു.”.

(ബി) 5-ാം വകുപ്പ് (ബി) ഖണ്ഡത്തിൽ "ബിരുദാനന്തര ബിരുദ തലത്തിൽ" എന്നീ വാക്കുകൾക്ക് പകരം "ബിരുദ തലത്തിലും ബിരുദാനന്തര ബിരുദ തലത്തിലും” എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

(സി) 13-ാം വകുപ്പിന് പകരം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"13. നിർവ്വാഹകസമിതി.- നിർവ്വാഹകസമിതി സർവ്വകലാശാലയുടെ മുഖ്യ നിർവ്വാഹക നികായം ആയിരിക്കേണ്ടതും അതിൽ ഇനിപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കുന്നതുമാണ്, അതായത് :—

ഔദ്യോഗിക അംഗങ്ങൾ

(i) വൈസ്-ചാൻസലർ;

(ii) പ്രോ-വൈസ്-ചാൻസലർ;

(iii) ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ ചുമതല വഹിക്കുന്ന ഗവൺമെന്റ് സെക്രട്ടറി അല്ലെങ്കിൽ അദ്ദേഹം നാമനിർദ്ദേശം ചെയ്യുന്ന ജോയിന്റ് സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥൻ.

തിരഞ്ഞെടുക്കപ്പെടുന്ന അംഗങ്ങൾ

(i) പൊതുസഭയിലെ സ്കൂളുകളിലെ ഡയറക്ടർമാരിൽ നിന്നും പൊതുസഭയിലെ തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ തിരഞ്ഞെടുക്കുന്ന ഒരംഗം;

(ii) പൊതുസഭയിലെ സർവ്വകലാശാല അദ്ധ്യാപകരിൽ നിന്നും പൊതുസഭയിലെ തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ തിരഞ്ഞെടുക്കുന്ന ഒരംഗം;

(iii) പൊതുസഭയിലെ വിദ്യാർത്ഥികളിൽ നിന്നും പൊതുസഭയിലെ തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ തിരഞ്ഞെടുക്കുന്ന ഒരംഗം.

നാമനിർദ്ദേശം ചെയ്യപ്പെടുന്ന അംഗങ്ങൾ

(i) പൊതുസഭയിൽ അംഗങ്ങളായ പ്രമുഖരായ എഴുത്തുകാർ, കലാകാരന്മാർ, പണ്ഡിതന്മാർ എന്നിവരിൽ നിന്നും ചാൻസലർ നാമനിർദ്ദേശം ചെയ്യുന്ന രണ്ടുപേർ, അവരിൽ ഒരാൾ വനിത ആയിരിക്കേണ്ടതാണ്;

(ii) പ്രമുഖരായ എഴുത്തുകാർ, കലാകാരന്മാർ, പണ്ഡിതന്മാർ എന്നിവരിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന രണ്ടുപേർ, അവരിൽ ഒരാൾ പട്ടികജാതിയിലോ പട്ടികഗോത്രവർഗ്ഗ വിഭാഗങ്ങളിലോപ്പെട്ടവരായിരിക്കേണ്ടതാണ്.".

(ഡി) 15-ാം വകുപ്പ് (2)-ാം ഉപവകുപ്പിൽ (റ്റി) ഖണ്ഡത്തിന് ശേഷം താഴെപ്പറയുന്ന ഖണ്ഡങ്ങൾ ചേർക്കേണ്ടതാണ്, അതായത്:—

"(റ്റിഎ) അത് നിശ്ചയിക്കാവുന്ന അങ്ങനെയുള്ള രീതിയിലും അങ്ങനെയുള്ള ആവശ്യങ്ങൾക്കായും ഇൻഡ്യയിലും വിദേശത്തും ഉള്ള മറ്റ് സർവ്വകലാശാലകളുമായും മറ്റ് അധികാരസ്ഥാനങ്ങളുമായും യോജിച്ച് പ്രവർത്തിക്കുകയും സഹകരിക്കുകയും ചെയ്യുക;

(റ്റിബി) ഔപചാരികമായി രൂപീകരിച്ച പഠന ബോർഡുകളുടെ അഭാവത്തിൽ, സർവ്വകലാശാല ആരംഭിച്ച പ്രത്യേക പഠന മേഖലകളിൽ അങ്ങനെയുള്ള പ്രോഗ്രാമുകൾക്കായോ കോഴ്സുകൾക്കായോ പഠന ബോർഡുകളുടെ അധികാരങ്ങൾ വിനിയോഗിക്കുന്നതിനും ചുമതലകൾ നിർവ്വഹിക്കുന്നതിനുമായി വിദഗ്ദ്ധ സമിതികൾ രൂപീകരിക്കുക." .

(ഇ) 17-ാം വകുപ്പ് (2)-ാം ഉപവകുപ്പിൽ (എൽ) ഖണ്ഡത്തിന് ശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:-

"(എൽഎ) ഇൻഡ്യയിലെയും വിദേശത്തെയും വിവിധ സർവ്വകലാശാലകളിലേയ്ക്കും സ്ഥാപനങ്ങളിലേയ്ക്കും ക്രെഡിറ്റ് കൈമാറ്റത്തോടെ വിദ്യാർത്ഥികളുടെ അന്തർസർവ്വകലാശാല സ്ഥലംമാറ്റവും മൊബിലിറ്റിയും പ്രോത്സാഹിപ്പിക്കുന്നതിനും സുഗമമാക്കുന്നതിനും വേണ്ടി അങ്ങനെയുള്ള റെഗുലേഷനുകൾ ഉണ്ടാക്കുക;" .

(എഫ്) 18-ാം വകുപ്പിന് പകരം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"18. ഗവേഷണ കൗൺസിൽ.—(1) ഗവേഷണം, നൂതന കണ്ടെത്തലുകൾ, അക്കാഡമിക് സഹകരണം, സാങ്കേതികശാസ്ത്ര കൈമാറ്റം, ഗവേഷണവുമായി ബന്ധപ്പെട്ട തുടർപ്രവൃത്തികൾ എന്നിവയുമായി ബന്ധപ്പെട്ട ഏതൊരു കാര്യത്തിന്മേലും ചർച്ച ചെയ്യുന്നതിനും ആലോചിക്കുന്നതിനും തീരുമാനമെടുക്കുന്നതിനുമായി സർവ്വകലാശാലയ്ക്ക് ഒരു ഗവേഷണ കൗൺസിൽ ഉണ്ടായിരിക്കുന്നതാണ്.

(2) ഗവേഷണ കൗൺസിലിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(എ) വൈസ്-ചാൻസലർ;

(ബി) പ്രോ-വൈസ്-ചാൻസലർ;

(സി) രജിസ്ട്രാർ;

(ഡി) റിസർച്ച് ഡയറക്ടർ, അദ്ദേഹം നിർവ്വാഹകസമിതി നാമനിർദ്ദേശം ചെയ്യുന്ന ഒരു പ്രൊഫസർ ആയിരിക്കേണ്ടതാണ്;

(ഇ) നിർവ്വാഹകസമിതി നാമനിർദ്ദേശം ചെയ്യുന്ന നിർവ്വാഹകസമിതിയിലെ ഒരു അദ്ധ്യാപക അംഗം;

(എഫ്) നിർവ്വാഹകസമിതി നാമനിർദ്ദേശം ചെയ്യുന്ന സർവ്വകലാശാലയുടെ രണ്ട് ഡീൻമാർ;

(ജി) നിർവ്വാഹകസമിതി നാമനിർദ്ദേശം ചെയ്യുന്ന ഗവേഷണത്തിൽ പ്രാഗൽഭ്യം തെളിയിച്ച സർവ്വകലാശാലയ്ക്ക് പുറത്ത് നിന്നുള്ള രണ്ട് വിദഗ്ദ്ധർ;

(എച്ച്) നിർവ്വാഹകസമിതി നാമനിർദ്ദേശം ചെയ്യുന്ന സർവ്വകലാശാലയിലെ ഒരു ഗവേഷണ വിദ്യാർത്ഥി;

(ഐ) ഡയറക്ടർ, ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെൽ;

(ജെ) വകുപ്പ് മേധാവികൾ, അവർക്കിടയിൽ നിന്നും തിരഞ്ഞെടുക്കുന്ന രണ്ട് അംഗങ്ങൾ.

(3) വൈസ്-ചാൻസലർ ഗവേഷണ കൗൺസിലിന്റെ ചെയർപേഴ്സൺ ആയിരിക്കുന്നതും റിസർച്ച് ഡയറക്ടർ കൺവീനർ ആയിരിക്കുന്നതുമാണ്. ചെയർപേഴ്സന്റെ അഭാവത്തിൽ, ഹാജരായ അംഗങ്ങൾ അവർക്കിടയിൽ നിന്നും തിരഞ്ഞെടുക്കുന്ന ഒരു അംഗം ഗവേഷണ കൗൺസിലിന്റെ യോഗത്തിൽ ആദ്ധ്യക്ഷ്യം വഹിക്കേണ്ടതാണ്.

(4) ഗവേഷണ കൗൺസിലിലെ അംഗങ്ങൾ, അത് രൂപീകരിച്ച തീയതി മുതൽ രണ്ട് വർഷക്കാലയളവിലേയ്ക്കോ പുന:സംഘടിപ്പിക്കുന്നതുവരെയോ ഏതാണോ ആദ്യം അതുവരെ ഔദ്യോഗികസ്ഥാനം വഹിക്കേണ്ടതാണ്.

(5) ഗവേഷണ കൗൺസിൽ മാസത്തിൽ ഒരു തവണയെങ്കിലുമോ ആവശ്യമുള്ളപ്പോഴെല്ലാമോ ഓഫ്‌ലൈൻ, ഓൺലൈൻ അല്ലെങ്കിൽ ഹൈബ്രിഡ് മോഡിൽ യോഗം ചേരേണ്ടതാണ്.

(6) യോഗത്തിന്റെ ക്വാറം ആകെ അംഗങ്ങളുടെ രണ്ടിൽ ഒന്ന് ആയിരിക്കേണ്ടതാണ്.

(7) ഗവേഷണ കൗൺസിലിന്റെ ഏല്പിച്ചുകൊടുക്കാവുന്ന അധികാരങ്ങൾ ഉൾപ്പെടെയുള്ള അധികാരങ്ങളും ചുമതലകളും സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കേണ്ടതാണ്.” .

(ജി) 19-ാം വകുപ്പ് വിട്ടുകളയേണ്ടതാണ്.

(എച്ച്) 23-ാം വകുപ്പിന് ശേഷം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

“ 23 എ.ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെൽ.—(1) സർവ്വകലാശാലയിൽ ഒരു ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെൽ ഉണ്ടായിരിക്കേണ്ടതാണ്.

(2) സർവ്വകലാശാലയിലെ ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെല്ലിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കുന്നതാണ്, അതായത്:-

(എ) വൈസ് -ചാൻസലർ;

(ബി) പ്രോ-വൈസ്-ചാൻസലർ;

(സി) രജിസ്ട്രാർ;

(ഡി) ഫൈനാൻസ് ആഫീസർ;

(ഇ) നിർവ്വാഹകസമിതി അംഗങ്ങൾ, അവർക്കിടയിൽനിന്നും നാമനിർദ്ദേശം ചെയ്യുന്ന രണ്ടുപേർ;

(എഫ്) നിർവ്വാഹകസമിതി നാമനിർദ്ദേശം ചെയ്യുന്ന അഞ്ച് അദ്ധ്യാപകർ;

(ജി) ലോക്കൽ സൊസൈറ്റി, വിദ്യാർത്ഥികൾ, അലുമിനി എന്നിവരിൽ നിന്നും നിർവ്വാഹകസമിതി നാമനിർദ്ദേശം ചെയ്യുന്ന ഓരോ ആളുകൾ;

(എച്ച്) തൊഴിലുടമകൾ, വ്യവസായി, ഉണഭോക്താക്കൾ എന്നിവരിൽ നിന്നും നിർവ്വാഹകസമിതി നാമനിർദ്ദേശം ചെയ്യുന്ന ഓരോ ആളുകൾ.

(3) വൈസ്-ചാൻസലർ ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെല്ലിന്റെ ചെയർപേഴ്സൺ ആയിരിക്കേണ്ടതും നിർവ്വാഹകസമിതി നാമനിർദ്ദേശം ചെയ്യുന്ന ഒരു അദ്ധ്യാപകൻ ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെല്ലിന്റെ ഡയറക്ടർ ആയിരിക്കേണ്ടതുമാണ്.

(4) ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെല്ലിന്റെ അംഗങ്ങൾ അവർ ഔദ്യോഗികസ്ഥാനം ഏറ്റെടുക്കുന്ന തീയതി മുതൽ രണ്ട് വർഷക്കാലയളവിലേയ്ക്ക് ഔദ്യോഗികസ്ഥാനം വഹിക്കേണ്ടതാണ്.

(5) ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെല്ലിന്റെ അധികാരങ്ങളും ചുമതലകളും യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കേണ്ടതാണ്.

(6) ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെൽ മൂന്ന് മാസത്തിൽ ഒരിക്കലെങ്കിലുമോ ആവശ്യമുള്ളപ്പോഴെല്ലാമോ ഓഫ്‌ലൈൻ, ഓൺലൈൻ അല്ലെങ്കിൽ ഹൈബ്രിഡ് മോഡിൽ യോഗം ചേരേണ്ടതാണ്.

(7) യോഗത്തിന്റെ ക്വാറം ആകെ അംഗങ്ങളുടെ മൂന്നിൽ രണ്ട് ആയിരിക്കുന്നതാണ്.

23 ബി. വിദഗ്ദ്ധ സമിതി.—(1) ഔപചാരികമായി രൂപീകരിച്ച പഠന ബോർഡുകളുടെ അഭാവത്തിൽ പഠന ബോർഡുകളുടെ അധികാരങ്ങൾ വിനിയോഗിക്കുന്നതിനും പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നതിനുമായി നിർവ്വാഹകസമിതി ഒരു വിദഗ്ദ്ധ സമിതിയെ നിയമിക്കേണ്ടതാണ്.

(2) ഓരോ വിദഗ്ദ്ധ സമിതിക്കും നിർവ്വാഹകസമിതി നാമനിർദ്ദേശം ചെയ്യുന്ന ഒരു ചെയർപേഴ്സൺ ഉണ്ടായിരിക്കേണ്ടതാണ്. ചെയർപേഴ്സൺ കുറഞ്ഞത് പതിനഞ്ച് വർഷത്തെ റെഗുലർ സർവ്വീസ് ഉള്ള അധ്യാപകനായിരിക്കേണ്ടതാണ്:

എന്നാൽ, പതിനഞ്ച് വർഷത്തെ റെഗുലർ സർവ്വീസുള്ള അദ്ധ്യാപകരില്ലാത്തപക്ഷം ഏറ്റവും സീനിയറായ അദ്ധ്യാപകൻ ചെയർപേഴ്സൺ ആയിരിക്കേണ്ടതാണ്.

(3) വിദഗ്ദ്ധ സമിതിയിലെ അംഗങ്ങൾക്ക് കുറഞ്ഞത് അഞ്ച് വർഷത്തെ റെഗുലർ സർവ്വീസ് ഉണ്ടായിരിക്കേണ്ടതാണ്:

എന്നാൽ, കുറഞ്ഞത് അഞ്ച് വർഷം റെഗുലർ സർവ്വീസുള്ള അദ്ധ്യാപകരില്ലെങ്കിൽ, അഞ്ച് വർഷത്തിൽ താഴെ റെഗുലർ സർവ്വീസുള്ള അദ്ധ്യാപകരെയും പരിഗണിക്കാവുന്നതാണ്.

(4) ഓരോ വിദഗ്ദ്ധ സമിതിയിലും കുറഞ്ഞത് പത്ത് അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതും അതിൽ ഏറ്റവും കുറഞ്ഞത് ഒരാളെങ്കിലും സർവകലാശാലയ്ക്ക് പുറത്ത് നിന്നുള്ള ഒരു വിദഗ്ദ്ധനായിരിക്കേണ്ടതാണ്.

(5) വിദഗ്ദ്ധ സമിതിയുടെ ഘടനയും അധികാരങ്ങളും സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കേണ്ടതാണ്.

(6) വിദഗ്ദ്ധ സമിതിയുടെ കാലാവധി നിർവ്വാഹകസമിതി തീരുമാനിക്കേണ്ടതാണ്

എന്നാൽ, അങ്ങനെയുള്ള കാലാവധി രണ്ട് വർഷത്തിൽ അധികരിക്കാൻ പാടില്ലാത്തതാണ്.” .

(ഐ) 27-ാം വകുപ്പിന് പകരം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

“27. പ്രോ-ചാൻസലർ.—(1) സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ ചുമതലയുള്ള മന്ത്രി, അദ്ദേഹത്തിന്റെ ഔദ്യോഗികസ്ഥാനം ഹേതുവായി, സർവ്വകലാശാലയുടെ പ്രോ-ചാൻസലർ ആയിരിക്കുന്നതാണ്.

(2) പ്രോ-ചാൻസലർ, സന്നിഹിതനായിരിക്കുമ്പോൾ, ചാൻസലറുടെ അഭാവത്തിൽ പൊതുസഭയുടെ യോഗങ്ങളിലും സർവ്വകലാശാലയുടെ ഏതൊരു ബിരുദദാന ചടങ്ങിലും ആദ്ധ്യക്ഷ്യം വഹിക്കേണ്ടതാണ്.

(3) പ്രോ-ചാൻസലർക്ക് സർവ്വകലാശാലയുടെ അക്കാഡമികവും ഭരണപരവുമായ കാര്യങ്ങളുമായി ബന്ധപ്പെട്ട ഏതൊരു വിവരവും വിളിച്ചുവരുത്തുവാൻ അവകാശം ഉണ്ടായിരിക്കുന്നതും അങ്ങനെയുള്ള അർത്ഥന സർവ്വകലാശാല പാലിക്കേണ്ടതുമാണ്.

(4) പ്രോ-ചാൻസലർക്ക്, പ്രധാനപ്പെട്ടതെന്ന് അദ്ദേഹം കരുതുന്ന ഏതൊരു കാര്യമോ സർക്കാരിന്റെ നയത്തിൽപെടുന്ന ഏതൊരു സംഗതിയോ, ചാൻസലറുടെയോ സർവ്വകലാശാലയുടെ ഏതെങ്കിലും അധികാരസ്ഥാനത്തിന്റെയോ ഉദ്യോഗസ്ഥന്റെയോ ശ്രദ്ധയിൽപ്പെടുത്തുന്നതിനും ഉചിതമായ നടപടി സ്വീകരിക്കാൻ ആവശ്യപ്പെടുന്നതിനും അവകാശമുണ്ടായിരിക്കുന്നതാണ്.

(5) പ്രോ-ചാൻസലർക്ക് അദ്ദേഹം നിർദ്ദേശിച്ചേക്കാവുന്ന പ്രകാരമുള്ള വ്യക്തിയെക്കൊണ്ടോ വ്യക്തികളെക്കൊണ്ടോ സർവ്വകലാശാലയെയും അതിന്റെ കെട്ടിടങ്ങളെയും ലബോറട്ടറികളെയും ഉപകരണങ്ങളെയും സർവ്വകലാശാല പരിപാലിക്കുന്ന ഏതെങ്കിലും കോളേജിനെയോ സ്ഥാപനത്തെയോ; കൂടാതെ പരീക്ഷകളെയും അദ്ധ്യാപനത്തെയും സർവ്വകലാശാല നടത്തിയിട്ടുള്ളതോ ചെയ്തിട്ടുള്ളതോ ആയ മറ്റു പ്രവൃത്തിയെയും സംബന്ധിച്ച് പരിശോധന നടത്തിപ്പിക്കുന്നതിനും സർവ്വകലാശാലയുടെയും കോളേജുകളുടെയും സ്ഥാപനങ്ങളുടെയും ഭരണപരമോ സാമ്പത്തികപരമോ ആയ ഏതൊരു സംഗതിയുമായി ബന്ധപ്പെട്ട കാര്യത്തെക്കുറിച്ച് സമാനരീതിയിൽ അന്വേഷണം നടത്തിപ്പിക്കുന്നതിനും അവകാശം ഉണ്ടായിരിക്കുന്നതാണ്.

(6) പ്രോ-ചാൻസലർക്ക് സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള അധികാരങ്ങൾ ഉണ്ടായിരിക്കുന്നതാണ്.

(7) പ്രോ-ചാൻസലർ, രേഖാമൂലമുള്ള ഉത്തരവിലൂടെ ചാൻസലർ ഏല്പിച്ചുകൊടുത്തേക്കാവുന്ന ചാൻസലറുടെ അങ്ങനെയുള്ള മറ്റ് അധികാരങ്ങൾ വിനിയോഗിക്കേണ്ടതും അങ്ങനെയുള്ള മറ്റ് കർത്തവ്യങ്ങൾ നിർവ്വഹിക്കേണ്ടതും, അപ്രകാരമുള്ള ഏല്പിച്ചുകൊടുക്കൽ അങ്ങനെയുള്ള ഉത്തരവിൽ വിനിർദ്ദേശിച്ചേക്കാവുന്ന അങ്ങനെയുള്ള നിയന്ത്രണങ്ങൾക്കും ഉപാധികൾക്കും വിധേയമായിരിക്കാവുന്നതുമാണ്.” .

(ജെ) 30-ാം വകുപ്പിൽ (6)-ാം ഉപവകുപ്പിന് പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(6) സത്വര നടപടി എടുക്കേണ്ട ഒരു അടിയന്തിരാവസ്ഥ ഉണ്ടെന്ന് വിശ്വസിക്കുന്നതിന് വൈസ്-ചാൻസലർക്ക് മതിയായ കാരണങ്ങൾ ഉണ്ടെങ്കിൽ, ആവശ്യമെന്ന് അദ്ദേഹം കരുതുന്ന അങ്ങനെയുള്ള നടപടി അദ്ദേഹം സ്വീകരിക്കേണ്ടതും, കഴിയുന്നത്ര വേഗം, അടിയന്തിരാവശ്യത്തിനുള്ള കാരണവും അദ്ദേഹം സ്വീകരിച്ച നടപടികളും, അതതുസംഗതിപോലെ, സാധാരണഗതിയിൽ ആ വിഷയം കൈകാര്യം ചെയ്യുമായിരുന്ന അങ്ങനെയുള്ള അധികാരസ്ഥാനത്തിനോ നികായത്തിനോ വിവിധ കൗൺസിലുകൾക്കോ അതിന്റെ തൊട്ടടുത്ത് വരുന്ന യോഗത്തിൽ രേഖാമൂലം റിപ്പോർട്ട് ചെയ്യേണ്ടതും ബന്ധപ്പെട്ട അധികാരസ്ഥാനം, നികായം അല്ലെങ്കിൽ കൗൺസിൽ അതിന്റെ തൊട്ടടുത്ത യോഗത്തിൽ പ്രസ്തുത റിപ്പോർട്ട് പരിഗണിക്കേണ്ടതുമാണ്:

എന്നാൽ, അങ്ങനെയുള്ള ഒരു അടിയന്തിരാവസ്ഥ നിലനിൽക്കുന്നുണ്ടെന്നുള്ള കാര്യത്തിലോ സ്വീകരിച്ച നടപടിയിലോ അല്ലെങ്കിൽ

രണ്ടിലുമോ വൈസ്-ചാൻസലറും, അതതുസംഗതിപോലെ, അധികാരസ്ഥാനമോ നികായമോ കൗൺസിലോ തമ്മിൽ അഭിപ്രായവ്യത്യാസം ഉണ്ടാകുന്ന സന്ദർഭത്തിൽ പ്രസ്തുത വിഷയം അപ്പലേറ്റ് ട്രൈബ്യൂണലിന് റഫർ ചെയ്യേണ്ടതും അതിന്റെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്.".

(കെ) 31-ാം വകുപ്പിൽ,—

(i) (1)-ാം ഉപവകുപ്പിന് പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(1) വൈസ്-ചാൻസലറുടെ ശിപാർശയിന്മേൽ നിർവ്വാഹകസമിതി പ്രോ-വൈസ്-ചാൻസലറെ നിയമിക്കേണ്ടതാണ്. പ്രോ-വൈസ്-ചാൻസലർ, വൈസ്-ചാൻസലറുടെ ഔദ്യോഗികസ്ഥാനം അവസാനിക്കുന്നതുവരെയുള്ള കാലയളവിലേയ്ക്ക് ഔദ്യോഗികസ്ഥാനം വഹിക്കേണ്ടതും പുനർനിയമനത്തിന് അർഹനായിരിക്കുന്നതുമാണ്." ;

(ii) (2)-ാം ഉപവകുപ്പിൽ, "അൻപത്തിയാറ്" എന്ന വാക്കിന് പകരം "അറുപത്" എന്ന വാക്ക് ചേർക്കേണ്ടതാണ്;

(iii) (3)-ാം ഉപവകുപ്പ് വിട്ടുകളയേണ്ടതാണ്;

(iv) (4)-ാം ഉപവകുപ്പിന് പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:-

"(4) പ്രോ-വൈസ്-ചാൻസലർ സർവ്വകലാശാലയുടെ ശമ്പളം പറ്റുന്ന ഒരു മുഴുവൻ സമയ അക്കാഡമിക-ഭരണനിർവ്വഹണ ഉദ്യോഗസ്ഥനായിരിക്കുന്നതും ഡോക്ടറൽ

ബിരുദവും പത്തു വർഷത്തിൽ കുറയാത്ത അദ്ധ്യാപന പരിചയത്തോടെയോ ഗവേഷണ പരിചയത്തോടെയോ ഒരു കോളേജിന്റെയോ സ്ഥാപനത്തിന്റെയോ പ്രൊഫസർ അല്ലെങ്കിൽ പ്രിൻസിപ്പൽ തസ്തിക വഹിച്ചിരുന്ന ആൾ ആയിരിക്കേണ്ടതുമാണ്.” .

(എൽ) 39-ാം വകുപ്പിൽ (5)-ാം ഉപവകുപ്പിന് പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(5) വൈസ്-ചാൻസലറും (4)-ാം ഉപവകുപ്പിൽ വിനിർദ്ദേശിച്ചിട്ടുള്ളവരും ഒഴികെ സർവ്വകലാശാലയിലെ അദ്ധ്യാപകരുടെ സാധാരണഗതിയിൽ സർവ്വീസിൽ നിന്നും വിരമിക്കുന്ന പ്രായം അറുപത് വയസ്സ് ആയിരിക്കുന്നതാണ്.

(6) വൈസ്-ചാൻസലറുടെയും (4)-ാം ഉപവകുപ്പിൽ വിനിർദ്ദേശിച്ചിട്ടുള്ളവരുടെയും സാധാരണഗതിയിൽ സർവ്വീസിൽ നിന്നും വിരമിക്കുന്ന പ്രായം സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന പ്രകാരമായിരിക്കുന്നതാണ്.” .

(എം) 44-ാം വകുപ്പ് (4)-ാം ഉപവകുപ്പിന് ശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

“ (5) മുൻപറഞ്ഞ വ്യവസ്ഥകളിൽ എന്തുതന്നെ അടങ്ങിയിരുന്നാലും പ്രത്യേക പദ്ധതികൾക്കോ പ്രോഗ്രാമുകൾക്കോ വേണ്ടി എക്സ്റ്റേണൽ ഫണ്ടിംഗ് ഏജൻസികൾ അനുവദിച്ച ഫണ്ടുമായി ബന്ധപ്പെട്ട അക്കൗണ്ടുകൾ, ഫണ്ട് ചെയ്യുന്ന ഏജൻസി വിനിർദ്ദേശിച്ചേക്കാവുന്ന അങ്ങനെയുള്ള രീതിയിൽ മാത്രം ഓഡിറ്റ് ചെയ്യേണ്ടതാണ്.".

(എൻ) 46-ാം വകുപ്പ് (5)-ാം ഉപവകുപ്പിന് ശേഷം താഴെപ്പറയുന്ന ക്ലിപ്തനിബന്ധന ചേർക്കേണ്ടതാണ്, അതായത്:—

“എന്നാൽ, സ്റ്റാറ്റ്യൂട്ട് ചാൻസലർക്ക് സമർപ്പിച്ച തീയതി മുതൽ അറുപതു ദിവസങ്ങൾക്കകം അതിന്മേൽ അദ്ദേഹം തീരുമാനമെടുക്കാത്തപക്ഷം, അതിന് അനുമതി നൽകിയതായി കരുതപ്പെടേണ്ടതാണ്.” .

(ഒ) 54-ാം വകുപ്പിന് ശേഷം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

“ 54 എ. വിദ്യാർത്ഥികളുടെ അവകാശങ്ങൾ.—(1) വിദ്യാർത്ഥികൾക്ക്, അവർ പഠനം തുടരാനാഗ്രഹിക്കുന്ന സ്ഥാപനത്തിന്റെ പ്രോസ്പെക്ടസ് ലഭിക്കുന്നതിനും കോഴ്സ് തിരഞ്ഞെടുപ്പിനെക്കുറിച്ചും രജിസ്ട്രേഷനെക്കുറിച്ചും യുക്തമായ തീരുമാനങ്ങൾ എടുക്കുന്നതിന് സഹായകരമായ വിവരങ്ങൾ ലഭിക്കുന്നതിനും അവകാശമുണ്ടായിരിക്കുന്നതാണ്.

(2) വിദ്യാർത്ഥികൾക്ക്, അവർ രജിസ്റ്റർ ചെയ്ത ഓരോ കോഴ്സിനും വിശദവും പൂർണ്ണവുമായ കോഴ്സ് രൂപരേഖ ലഭിക്കുന്നതിന് അവകാശമുണ്ടായിരിക്കുന്നതും അത് ക്ലാസിന്റെ ആദ്യ ആഴ്ചയിൽ നൽകേണ്ടതുമാണ്. ഈ വിവരങ്ങളിൽ,-

(എ) കോഴ്സിൽ പരിഗണിക്കേണ്ട വിഷയങ്ങളുടെ വിവരണം;

(ബി) ആവശ്യമായതും ശിപാർശ ചെയ്യപ്പെട്ടതുമായ, വായനക്കോ പഠനത്തിനോ ഉള്ള സാമഗ്രികളുടെ ഒരു ലിസ്റ്റ്;

(സി) കോഴ്സിൽ ഉപയോഗിക്കേണ്ടതായ മൂല്യനിർണ്ണയ രീതികളുടെ വിവരണം; കൂടാതെ

(ഡി) ഇൻസ്ട്രക്ടറെ ബന്ധപ്പെടാനുള്ള വിവരങ്ങൾ, ഓഫീസ് സ്ഥിതി ചെയ്യുന്ന സ്ഥലം, ഓഫീസ് സമയം എന്നിവ ഉൾപ്പെടേണ്ടതാണ്.

(3) വിദ്യാർത്ഥികൾക്ക്, തൃപ്തികരമായ അക്കാഡമിക വിദ്യാഭ്യാസം നേടുന്നതിനും അവരുടെ നിർദ്ദിഷ്ട പഠനലക്ഷ്യങ്ങളും ക്രെഡിറ്റ് ആവശ്യകതയും കൈവരിക്കുന്നതിനായി മുഖാമുഖമായോ ഓൺലൈനായോ പഠനം നടത്താനാവശ്യമായ അദ്ധ്യാപന മണിക്കൂറുകൾ ലഭിക്കുന്നതിനും അവകാശമുണ്ടായിരിക്കുന്നതാണ്.

(4) വിദ്യാർത്ഥികൾക്ക്, അവരുടെ താൽപര്യാർത്ഥം, ഏതെങ്കിലും സംഘടനയിൽ അംഗമാകുന്നതിന് അവകാശമുണ്ടായിരിക്കുന്നതും അങ്ങനെയുള്ള ഒരു സംഘടനയിൽ അവർ ഉൾപ്പെടുന്നുവെന്ന കാരണത്താൽ സർവ്വകലാശാല, അവരെ മുൻവിധിയോടെയുള്ള പെരുമാറ്റത്തിന് വിധേയരാക്കാൻ പാടില്ലാത്തതുമാണ്.

(5) വിദ്യാർത്ഥികളുടെ ഒരു കൂട്ടത്തിന്, സംഘടിക്കുന്നതിനും അതിലെ അംഗങ്ങളുടെ താല്പര്യങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും അവകാശമുണ്ടായിരിക്കുന്നതാണ്, എന്നാൽ അങ്ങനെയുള്ള ഒരു സംഘത്തിന്റെ ആവശ്യങ്ങൾ നിയമാനുസൃതമായിരിക്കേണ്ടതാണ്. അങ്ങനെയുള്ള ഓരോ സംഘത്തിനും പരസ്യപ്പെടുത്തുന്നതിനും യോഗങ്ങൾ നടത്തുന്നതിനും ഏത് വിഷയവും ചർച്ച ചെയ്യുന്നതിനും നിയമാനുസൃതവും സമാധാനപരവുമായ പ്രകടനത്തിൽ ഏർപ്പെടുന്നതിനും അവകാശമുണ്ടായിരിക്കുന്നതാണ്.

(6) സർവ്വകലാശാലയും അതിൻകീഴിലുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളും വിദ്യാർത്ഥികളുടെ ഒരു ഔപചാരിക പ്രാതിനിധ്യ സമിതി രൂപീകരിക്കേണ്ടതും, ആ സമിതിയിൽ, സർവ്വകലാശാലയുടെ തീരുമാനത്തിനനുസരിച്ച് വിദ്യാർത്ഥികളുടെ പ്രതിനിധികളെ തിരഞ്ഞെടുക്കുന്നതിനായി തിരഞ്ഞെടുപ്പുകൾ പതിവായി നടത്തേണ്ടതുമാണ്.

(7) സർവ്വകലാശാലയുടെ പഠന വകുപ്പുകളും സർവ്വകലാശാലയ്ക്ക് കീഴിലുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളും വിദ്യാർത്ഥികൾക്കുള്ള ഈ അവകാശങ്ങൾ നിരീക്ഷിക്കാനും പ്രോത്സാഹിപ്പിക്കാനും സംരക്ഷിക്കാനും ബാദ്ധ്യസ്ഥരായിരിക്കുന്നതാണ്.

(8) ഓരോ വിദ്യാർത്ഥിക്കും സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള മറ്റ് നിർദ്ദിഷ്ട വിദ്യാർത്ഥികളുടെ അവകാശങ്ങൾ ഉണ്ടായിരിക്കുന്നതാണ്.

54 ബി. വിദ്യാർത്ഥികളുടെ പരാതി പരിഹാര സംവിധാനം.—(1) യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷന്റെ റെഗുലേഷനുകൾക്കും സർക്കാർ ഉത്തരവുകൾക്കും അനുസൃതമായി വിദ്യാർത്ഥികളുടെ ഒരു പരാതി പരിഹാര സംവിധാനം ഉണ്ടായിരിക്കുന്നതാണ്.

(2) അത്തരം സംവിധാനത്തിന്റെ രൂപീകരണം, അധികാരങ്ങൾ, ചുമതലകൾ എന്നിവ സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കേണ്ടതാണ്.

54 സി. അദ്ധ്യാപകരുടെ അവകാശങ്ങളും ഉത്തരവാദിത്വങ്ങളും.—(1) അദ്ധ്യാപകർക്ക് അക്കാഡമിക സ്വാതന്ത്ര്യത്തിനും അന്വേഷണം, അഭിപ്രായപ്രകടനം, സംഘംചേരൽ എന്നിവയ്ക്കുള്ള സ്വാതന്ത്ര്യത്തിനും അവകാശമുണ്ടായിരിക്കുന്നതാണ്.

(2) അദ്ധ്യാപകർക്ക്, ഈ ആക്റ്റിലെയും സ്റ്റാറ്റ്യൂട്ടുകളിലെയും റെഗുലേഷനുകളിലെയും വ്യവസ്ഥകൾക്കനുസൃതമായി, അക്കാഡമിക പ്രോഗ്രാമുകൾ, പാഠ്യപദ്ധതി, സിലബസ്, മൂല്യനിർണ്ണയം എന്നിവ രൂപകല്പന ചെയ്യുന്നതിനുള്ള അക്കാഡമിക സ്വയംഭരണാധികാരം ഉണ്ടായിരിക്കുന്നതാണ്.

(3) അദ്ധ്യാപകർക്കോ അവരുടെ സംഘങ്ങൾക്കോ സംഘടനകൾക്കോ സർവ്വകലാശാലയുടെ മുൻകൂർ അനുമതിയില്ലാതെ, ലിഖിതമായതോ അച്ചടിച്ചതോ ഇലക്ട്രോണിക് രൂപത്തിലുള്ളതോ ആയ മെറ്റീരിയലുകൾ കാമ്പസിൽ വിതരണം ചെയ്യുകയും പ്രദർശിപ്പിക്കുകയും ചെയ്യാവുന്നതാണ്. എന്നാൽ, അപ്രകാരം വിതരണം ചെയ്യുന്ന മെറ്റീരിയൽ സർവ്വകലാശാലയുടെ നയത്തിനും സംസ്ഥാന നിയമത്തിനും വിരുദ്ധമാകാൻ പാടുള്ളതല്ല. അങ്ങനെയുള്ള മെറ്റീരിയലിൽ അതിന് ഉത്തരവാദിയായ വ്യക്തിയെയോ വ്യക്തികളെയോ വ്യക്തമായി സൂചിപ്പിക്കേണ്ടതാണ്.

(4) അദ്ധ്യാപകർക്ക്, വിഭവങ്ങളുടെ ലഭ്യതയ്ക്ക് അനുസൃതമായി, അദ്ധ്യാപകരുടെ ഉത്തരവാദിത്വവുമായി ബന്ധപ്പെട്ട അവരുടെ കഴിവുകൾ മെച്ചപ്പെടുത്തുന്നതിനും അവരുടെ നൈപുണ്യം വികസിപ്പിക്കുന്നതിനും തുടർപഠന അവസരങ്ങൾ പിന്തുടരാൻ അവകാശമുണ്ടായിരിക്കുന്നതാണ്.

(5) അദ്ധ്യാപകർക്ക്, അവരുടെ മറ്റ് അക്കാഡമിക ചുമതലകളുടെ തൃപ്തികരമായ പ്രവർത്തനങ്ങൾക്ക് വിധേയമായി, ഗവേഷണത്തിലും ഫലങ്ങൾ പ്രസിദ്ധീകരിക്കുന്നതിലും പൂർണ്ണ സ്വാതന്ത്ര്യത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.

(6) അദ്ധ്യാപകരുടെ അദ്ധ്യാപന ചുമതലകളിൽ താഴെപ്പറയുന്നവ ഉൾപ്പെടുന്നു:—

(എ) കോഴ്സ് നൽകുന്നതിനുള്ള രീതിക്ക് യോജിച്ച ക്ലാസ് മുറി അല്ലെങ്കിൽ ഓൺലൈൻ പ്രവർത്തനങ്ങൾ, ആസൂത്രണം ചെയ്യുക;

(ബി) കോഴ്സ് സിലബസ് തയ്യാറാക്കുക;

(സി) അസൈൻമെന്റുകളും പരീക്ഷകളും രൂപകല്പന ചെയ്യുക;

(ഡി) ഓഫീസ് സമയം സ്ഥിരമായി പാലിക്കുക അല്ലെങ്കിൽ കൂടിയാലോചനക്ക് ലഭ്യമായിരിക്കുക;

(ഇ) വിദ്യാർത്ഥികൾ ഏറ്റെടുത്തിട്ടുള്ള സ്വതന്ത്ര ജോലിയിൽ മേൽനോട്ടം വഹിക്കുക;

(എഫ്) തീസിസുകളും പ്രബന്ധങ്ങളും സംബന്ധിച്ച നിർദ്ദേശങ്ങൾ നൽകുക;

(ജി) വിദ്യാർത്ഥികളുടെ മൂല്യനിർണ്ണയം നടത്തുക;

(എച്ച്) വിദ്യാർത്ഥികളുടെ പഠനത്തെ വിലയിരുത്തുകയും രേഖപ്പെടുത്തുകയും ചെയ്യുക;

(ഐ) ഉപദേശം നൽകുക, പാഠ്യപദ്ധതി വികസിപ്പിക്കുകയും നിർണ്ണയിക്കുകയും ചെയ്യുക;

(ജെ) വിദ്യാർത്ഥി മെന്റർ പ്രോഗ്രാമുകൾ, അദ്ധ്യാപക സേവനങ്ങൾ, പഠന നൈപുണ്യ ശില്പശാലകൾ, പ്രത്യേക ഇവന്റുകൾ, ഗവേഷണത്തിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ, ഗവേഷണം നടത്തൽ എന്നിവ ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും പ്രോജക്റ്റുകൾക്കോ തുടർപ്രവർത്തനങ്ങൾക്കോ ഉള്ള പ്രൊപ്പോസലുകൾ തയ്യാറാക്കുകയും സമർപ്പിക്കുകയും ചെയ്യുക.

(7) അക്കാഡമിക ഉപദേശം നൽകൽ, അദ്ധ്യാപകന്റെ ഉത്തരവാദിത്വത്തിന്റെ ഒരു ഭാഗമായിരിക്കുന്നതാണ്.

(8) അദ്ധ്യാപന ഉത്തരവാദിത്വം എന്നതിൽ കോഴ്സ് പ്രദാനം ചെയ്യേണ്ട രീതിക്ക് അനുയോജ്യമായി ക്ലാസ് മുറിയിൽ നേരിട്ടോ ഓൺലൈനായോ നിശ്ചയിക്കപ്പെട്ട ക്ലാസ് സമയങ്ങളിലെ കൃത്യവും സ്ഥിരമായതുമായ സാന്നിദ്ധ്യം ഉൾപ്പെടുന്നതാണ്.

(9) ഒരു അദ്ധ്യാപകൻ വിദ്യാർത്ഥികളോട് പ്രൊഫഷണൽ മര്യാദയോടെ പെരുമാറേണ്ടതും അക്കാഡമിക സ്വാതന്ത്ര്യവും 'വിദ്യാർത്ഥി അവകാശങ്ങളിൽ' പ്രതിപാദിച്ചിരിക്കുന്ന അപ്രകാരമുള്ള അവകാശങ്ങളും ഉൾപ്പെടെയുള്ള അവരുടെ അവകാശങ്ങളെ മാനിക്കേണ്ടതുമാണ്.

(10) സർവ്വകലാശാലയിലെ എല്ലാ അദ്ധ്യാപകർക്കും സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള അദ്ധ്യാപകരുടെ അവകാശങ്ങളും ഉത്തരവാദിത്വങ്ങളും ഉണ്ടായിരിക്കുന്നതാണ്.” .

(പി) 55-ാം വകുപ്പിന് ശേഷം താഴെപ്പറയുന്ന വകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

“55 എ. സർവ്വകലാശാല റിസോഴ്സ് പ്ലാനിംഗ് സിസ്റ്റം.—(1) സർവ്വകലാശാലയ്ക്ക് അതിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്കായി, അതിന്റെ ഏതെങ്കിലും ഏജൻസി മുഖേന സോഫ്റ്റ്‌വെയർ അടിസ്ഥാനത്തിലുള്ള സമഗ്രമായ ഒരു റിസോഴ്സ് പ്ലാനിംഗ് മാനേജ്മെന്റ് സംവിധാനം ഉണ്ടായിരിക്കുകയോ സർക്കാർ സ്ഥാപിച്ചിട്ടുള്ള അങ്ങനെയുള്ള ഒരു സംവിധാനത്തിന്റെ ഭാഗമാകുകയോ ചെയ്യേണ്ടതും അത് സർവ്വകലാശാലയ്ക്കകത്തുള്ള വിവിധ വകുപ്പുകൾക്കും യൂണിറ്റുകൾക്കും കീഴിലെ പ്രധാനമായ ഭരണപരം, അക്കാഡമികം, മാനവവിഭവശേഷി, സാമ്പത്തികം, പരീക്ഷ, മറ്റു നടപടികൾ എന്നിവയുടെ ഭരണനിർവ്വഹണത്തിനുള്ള കാര്യക്ഷമത മെച്ചപ്പെടുത്തുന്നതിനായി സംയോജിപ്പിക്കുകയും യന്ത്രവൽക്കരിക്കുകയും സ്ട്രീംലൈൻ ചെയ്യുകയും ചെയ്യേണ്ടതുമാണ്.

(2) സർവ്വകലാശാല റിസോഴ്സ് പ്ലാനിംഗ് സിസ്റ്റത്തിന്റെ നയവും അവ നടപ്പിലാക്കുന്ന രീതിയും കാലാകാലങ്ങളിൽ സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമായിരിക്കുന്നതാണ്.

55 ബി. റൂൾസ് ഓഫ് ബിസിനസ്സ്.—(1) സർവ്വകലാശാലയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായും വിവരസാങ്കേതികവിദ്യയുടെ അടിസ്ഥാനത്തിലുള്ള ഭരണനിർവ്വഹണത്തിന്റെ ഫലപ്രദമായ ഉപയോഗത്തിനായും പുനർനിർമ്മാണം അടിസ്ഥാനമാക്കിയുള്ള റൂൾസ് ഓഫ് ബിസിനസ്സ് ഉണ്ടാക്കേണ്ടതാണ്.

(2) റൂൾസ് ഓഫ് ബിസിനസ്സ് സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടേണ്ടതും ബാധകമായേക്കാവുന്ന യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷന്റെ റെഗുലേഷനുകൾക്കും സർക്കാർ നിർദ്ദേശങ്ങൾക്കും അനുസൃതമായി കാലാകാലങ്ങളിൽ പുതുക്കേണ്ടതുമാണ്.

55 സി. ഗവേഷണ പാർക്കുകൾ.—(1) സർവ്വകലാശാലയ്ക്ക് ആങ്കർ ക്ലയന്റുകൾ, അലുമിനി, പൊതുസമൂഹം എന്നിവയിൽ നിന്നുള്ള നിക്ഷേപം ഉപയോഗിച്ച്

2013-ലെ കമ്പനീസ് ആക്റ്റിന്റെ (2013-ലെ 18-ാം കേന്ദ്ര ആക്റ്റ്) 8-ാം വകുപ്പ് പ്രകാരമുള്ള കമ്പനികളായി സ്ഥാപിക്കപ്പെടാവുന്ന സ്വതന്ത്ര ഗവേഷണ പാർക്കുകളോ മറ്റ് സമാന സ്ഥാപനങ്ങളോ സ്ഥാപിക്കാവുന്നതാണ്.

(2) ഓരോ ഗവേഷണ പാർക്കിനും കമ്പനികൾക്കും ഒരു സ്വതന്ത്ര ഗവേണിംഗ് ബോഡി ഉണ്ടായിരിക്കേണ്ടതാണ്. ഗവേഷണ പാർക്കിന്റെ നയവും അവ നടപ്പിലാക്കുന്ന രീതിയും ഗവേണിംഗ് ബോഡിയുടെ ഘടനയും കാലാകാലങ്ങളിൽ സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടേണ്ടതാണ്.” .

4. 2015-ലെ 17-ാം ആക്റ്റിനുള്ള ഭേദഗതി.—2015-ലെ എ.പി.ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്റ്റിൽ (2015-ലെ 17),—

(എ) 2-ാം വകുപ്പിൽ, (ഇസഡ് ആർ) ഖണ്ഡത്തിന് ശേഷം താഴെപ്പറയുന്ന ഖണ്ഡങ്ങൾ ചേർക്കേണ്ടതാണ്, അതായത്:—

“(ഇസഡ് എസ്) “പരാതി" എന്നാൽ സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന കാര്യങ്ങളുമായി ബന്ധപ്പെട്ട് സങ്കടമനുഭവിക്കുന്ന വിദ്യാർത്ഥി നൽകുന്ന പരാതി എന്നർത്ഥമാകുന്നു;

(ഇസഡ് റ്റി) “ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെൽ" എന്നാൽ 35 എ വകുപ്പ് പ്രകാരമുള്ള ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെൽ എന്നർത്ഥമാകുന്നു;

(ഇസഡ് യു) “ഗവേഷണ പാർക്ക്" എന്നാൽ 69 സി വകുപ്പ് പ്രകാരം സ്ഥാപിക്കപ്പെട്ട ഗവേഷണ പാർക്ക് എന്നർത്ഥമാകുന്നു;

(ഇസഡ് വി) “യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ” എന്നാൽ 1956-ലെ യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ ആക്റ്റ് (1956-ലെ 3-ാം കേന്ദ്ര ആക്റ്റ്) പ്രകാരം സ്ഥാപിതമായ യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ എന്നർത്ഥമാകുന്നു;

(ഇസഡ് ഡബ്ല്യൂ) “സർവ്വകലാശാല റിസോഴ്സ് പ്ലാനിംഗ് സിസ്റ്റം" എന്നാൽ 69 എ വകുപ്പ് പ്രകാരം സർവ്വകലാശാല സ്ഥാപിക്കുന്ന സർവ്വകലാശാല റിസോഴ്സ് പ്ലാനിംഗ് സിസ്റ്റം എന്നർത്ഥമാകുന്നു.”.

(ബി) 11-ാം വകുപ്പിന് പകരം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

“ 11. പ്രോ-ചാൻസലർ.—(1) സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ ചുമതലയുള്ള മന്ത്രി, അദ്ദേഹത്തിന്റെ ഔദ്യോഗികസ്ഥാനം ഹേതുവായി, സർവ്വകലാശാലയുടെ പ്രോ-ചാൻസലർ ആയിരിക്കുന്നതാണ്.

(2) പ്രോ-ചാൻസലർ, സന്നിഹിതനായിരിക്കുമ്പോൾ, ചാൻസലറുടെ അഭാവത്തിൽ ബോർഡ് ഓഫ് ഗവർണേഴ്സിന്റെ യോഗങ്ങളിലും സർവ്വകലാശാലയുടെ ഏതൊരു ബിരുദദാന ചടങ്ങിലും ആദ്ധ്യക്ഷ്യം വഹിക്കേണ്ടതാണ്.

(3) പ്രോ-ചാൻസലർക്ക് സർവ്വകലാശാലയുടെ അക്കാദമികവും ഭരണപരവുമായ കാര്യങ്ങളുമായി ബന്ധപ്പെട്ട ഏതൊരു വിവരവും വിളിച്ചുവരുത്തുവാൻ അവകാശം ഉണ്ടായിരിക്കുന്നതും അങ്ങനെയുള്ള അർത്ഥന സർവ്വകലാശാല പാലിക്കേണ്ടതുമാണ്.

(4) പ്രോ-ചാൻസലർക്ക്, പ്രധാനപ്പെട്ടതെന്ന് അദ്ദേഹം കരുതുന്ന ഏതൊരു കാര്യമോ സർക്കാരിന്റെ നയത്തിൽപെടുന്ന ഏതൊരു സംഗതിയോ, ചാൻസലറുടെയോ സർവ്വകലാശാലയുടെ ഏതെങ്കിലും അധികാരസ്ഥാനത്തിന്റെയോ ഉദ്യോഗസ്ഥന്റെയോ ശ്രദ്ധയിൽപ്പെടുത്തുന്നതിനും ഉചിതമായ നടപടി സ്വീകരിക്കാൻ ആവശ്യപ്പെടുന്നതിനും അവകാശമുണ്ടായിരിക്കുന്നതാണ്.

(5) പ്രോ-ചാൻസലർക്ക് അദ്ദേഹം വിനിർദ്ദേശിച്ചേക്കാവുന്ന പ്രകാരമുള്ള വ്യക്തിയെക്കൊണ്ടോ വ്യക്തികളെക്കൊണ്ടോ സർവ്വകലാശാലയെയും അതിന്റെ കെട്ടിടങ്ങളെയും ലബോറട്ടറികളെയും ഉപകരണങ്ങളെയും സർവ്വകലാശാല പരിപാലിക്കുന്ന ഏതെങ്കിലും കോളേജിനെയോ സ്ഥാപനത്തെയോ; കൂടാതെ പരീക്ഷകളെയും അദ്ധ്യാപനത്തെയും സർവ്വകലാശാല നടത്തിയിട്ടുള്ളതോ ചെയ്തിട്ടുള്ളതോ ആയ മറ്റു പ്രവൃത്തിയെയും സംബന്ധിച്ച് പരിശോധന നടത്തിപ്പിക്കുന്നതിനും സർവ്വകലാശാലയുടെയും കോളേജുകളുടെയും സ്ഥാപനങ്ങളുടെയും ഭരണപരമോ സാമ്പത്തികപരമോ ആയ ഏതൊരു സംഗതിയുമായി ബന്ധപ്പെട്ട കാര്യത്തെക്കുറിച്ച് സമാനരീതിയിൽ അന്വേഷണം നടത്തിപ്പിക്കുന്നതിനും അവകാശം ഉണ്ടായിരിക്കുന്നതാണ്.

(6) പ്രോ-ചാൻസലർക്ക് സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള അധികാരങ്ങൾ ഉണ്ടായിരിക്കുന്നതാണ്.

(7) പ്രോ-ചാൻസലർ, രേഖാമൂലമുള്ള ഉത്തരവിലൂടെ ചാൻസലർ ഏല്പിച്ചുകൊടുത്തേക്കാവുന്ന ചാൻസലറുടെ അങ്ങനെയുള്ള മറ്റ് അധികാരങ്ങൾ വിനിയോഗിക്കേണ്ടതും അങ്ങനെയുള്ള മറ്റ് കർത്തവ്യങ്ങൾ നിർവ്വഹിക്കേണ്ടതും, അപ്രകാരമുള്ള ഏല്പിച്ചുകൊടുക്കൽ അങ്ങനെയുള്ള ഉത്തരവിൽ വിനിർദ്ദേശിച്ചേക്കാവുന്ന അങ്ങനെയുള്ള നിയന്ത്രണങ്ങൾക്കും ഉപാധികൾക്കും വിധേയമായിരിക്കാവുന്നതുമാണ്.” .

(സി) 14-ാം വകുപ്പ് (5)-ാം ഉപവകുപ്പിന് പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

“ (5) സത്വര നടപടി എടുക്കേണ്ട ഒരു അടിയന്തിരാവസ്ഥ ഉണ്ടെന്ന് വിശ്വസിക്കുന്നതിന് വൈസ്-ചാൻസലർക്ക് മതിയായ കാരണങ്ങൾ ഉണ്ടെങ്കിൽ, ആവശ്യമെന്ന് അദ്ദേഹം കരുതുന്ന അങ്ങനെയുള്ള നടപടി അദ്ദേഹം സ്വീകരിക്കേണ്ടതും,

കഴിയുന്നത്ര വേഗം, അടിയന്തിരാവശ്യത്തിനുള്ള കാരണവും അദ്ദേഹം സ്വീകരിച്ച നടപടികളും, അതതുസംഗതിപോലെ, സാധാരണഗതിയിൽ ആ വിഷയം കൈകാര്യം ചെയ്യുമായിരുന്ന അങ്ങനെയുള്ള അധികാരസ്ഥാനത്തിനോ നികായത്തിനോ വിവിധ കൗൺസിലുകൾക്കോ അതിന്റെ തൊട്ടടുത്ത് വരുന്ന യോഗത്തിൽ രേഖാമൂലം റിപ്പോർട്ട് ചെയ്യേണ്ടതും ബന്ധപ്പെട്ട അധികാരസ്ഥാനം, നികായം അല്ലെങ്കിൽ കൗൺസിൽ അതിന്റെ തൊട്ടടുത്ത യോഗത്തിൽ പ്രസ്തുത റിപ്പോർട്ട് പരിഗണിക്കേണ്ടതുമാണ്:

എന്നാൽ, അങ്ങനെയുള്ള ഒരു അടിയന്തിരാവസ്ഥ നിലനിൽക്കുന്നുണ്ടെന്നുള്ള കാര്യത്തിലോ സ്വീകരിച്ച നടപടിയിലോ അല്ലെങ്കിൽ രണ്ടിലുമോ വൈസ്-ചാൻസലറും, അതതുസംഗതിപോലെ, അധികാരസ്ഥാനമോ നികായമോ കൗൺസിലോ തമ്മിൽ അഭിപ്രായവ്യത്യാസം ഉണ്ടാകുന്ന സന്ദർഭത്തിൽ പ്രസ്തുത വിഷയം അപ്പലേറ്റ് ട്രൈബ്യൂണലിന് റഫർ ചെയ്യേണ്ടതും അതിന്റെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്.'' .

(ഡി) 15-ാം വകുപ്പിൽ,—

(i) (1)-ാം ഉപവകുപ്പിന് പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

" (1) വൈസ്-ചാൻസലറുടെ ശിപാർശയിന്മേൽ സിൻഡിക്കേറ്റ് പ്രോ-വൈസ്-ചാൻസലറെ നിയമിക്കേണ്ടതാണ്. പ്രോ-വൈസ്-ചാൻസലർ, വൈസ്-ചാൻസലറുടെ ഔദ്യോഗികസ്ഥാനം അവസാനിക്കുന്നതുവരെയുള്ള കാലയളവിലേയ്ക്ക് ഔദ്യോഗികസ്ഥാനം വഹിക്കേണ്ടതും പുനർനിയമനത്തിന് അർഹനായിരിക്കുന്നതുമാണ്.'' ;

(ii) (3)-ാം ഉപവകുപ്പിന് പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

" (3) പ്രോ-വൈസ്-ചാൻസലർ സർവ്വകലാശാലയുടെ ശമ്പളം പറ്റുന്ന ഒരു മുഴുവൻ സമയ അക്കാദമിക-ഭരണനിർവ്വഹണ ഉദ്യോഗസ്ഥനായിരിക്കുന്നതും ഡോക്ടറൽ ബിരുദവും പത്തു വർഷത്തിൽ കുറയാത്ത അദ്ധ്യാപന പരിചയത്തോടെയോ ഗവേഷണ പരിചയത്തോടെയോ ഒരു കോളേജിന്റെയോ സ്ഥാപനത്തിന്റെയോ പ്രൊഫസർ അല്ലെങ്കിൽ പ്രിൻസിപ്പൽ തസ്തിക വഹിച്ചിരുന്ന ആൾ ആയിരിക്കേണ്ടതുമാണ്.'' ;

(iii) (4)-ാം ഉപവകുപ്പിന് പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

" (4) പ്രോ-വൈസ്-ചാൻസലർ സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്നതും വൈസ്-ചാൻസലർ ഏല്പിച്ചുകൊടുക്കുന്നതുമായ അങ്ങനെയുള്ള അധികാരങ്ങൾ വിനിയോഗിക്കേണ്ടതും അങ്ങനെയുള്ള ചുമതലകൾ നിർവ്വഹിക്കേണ്ടതുമാണ്.''.

(ഇ) 34-ാം വകുപ്പിൽ,—

(i) (ix)-ാം ഖണ്ഡത്തിന് ശേഷം താഴെപ്പറയുന്ന ഖണ്ഡങ്ങൾ ചേർക്കേണ്ടതാണ്, അതായത്:—

" (ix എ) സർവ്വകലാശാലയിൽ തുടർപഠനം നടത്തുന്നതിനായി മറ്റ് സർവ്വകലാശാലകളുടെ പരീക്ഷകൾ, ഡിപ്ലോമകൾ, ബിരുദങ്ങൾ, മറ്റ് അക്കാദമിക ബഹുമതികൾ എന്നിവ യോഗ്യമാണോ എന്ന് തീരുമാനിക്കുക;

(ix ബി) ഇൻഡ്യയിലെയും വിദേശത്തെയും വിവിധ സർവ്വകലാശാലകളിലേയ്ക്കും സ്ഥാപനങ്ങളിലേയ്ക്കും ക്രെഡിറ്റ് കൈമാറ്റത്തോടെ വിദ്യാർത്ഥികളുടെ അന്തർസർവ്വകലാശാല സ്ഥലംമാറ്റവും മൊബിലിറ്റിയും പ്രോത്സാഹിപ്പിക്കുന്നതിനും സുഗമമാക്കുന്നതിനും വേണ്ടി അങ്ങനെയുള്ള റെഗുലേഷനുകൾ ഉണ്ടാക്കുക;

(ix സി) മറ്റ് സർവ്വകലാശാലയിൽ നിന്നോ സ്ഥാപനത്തിൽ നിന്നോ ആർജ്ജിച്ചിട്ടുള്ള ക്രെഡിറ്റുകൾ സർവ്വകലാശാലയുടെ അതേ പ്രോഗ്രാമിലേയ്ക്കോ വ്യത്യസ്ത പ്രോഗ്രാമിലേയ്ക്കോ കൈമാറ്റം ചെയ്യുന്നതിലേയ്ക്കായി അങ്ങനെയുള്ള റെഗുലേഷനുകൾ ഉണ്ടാക്കുക;" .

(എഫ്) 35-ാം വകുപ്പിന് ശേഷം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

" 35 എ. ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെൽ.—(1) സർവ്വകലാശാലയിലും അതിന്റെ അഫിലിയേറ്റ് ചെയ്യപ്പെട്ട കോളേജുകളിലും കോൺസ്റ്റിറ്റ്യുവന്റ് കോളേജുകളിലും ഒരു ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെൽ ഉണ്ടായിരിക്കേണ്ടതാണ്.

(2) സർവ്വകലാശാലയിലെ ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെല്ലിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കുന്നതാണ്, അതായത്:-

(എ) വൈസ്-ചാൻസലർ;

(ബി) പ്രോ-വൈസ്-ചാൻസലർ;

(സി) രജിസ്ട്രാർ;

(ഡി) ഫൈനാൻസ് ഓഫീസർ;

(ഇ) സിൻഡിക്കേറ്റ് അംഗങ്ങൾ അവർക്കിടയിൽ നിന്നും നാമനിർദ്ദേശം ചെയ്യുന്ന രണ്ടുപേർ;

(എഫ്) സിൻഡിക്കേറ്റ് നാമനിർദ്ദേശം ചെയ്യുന്ന അഞ്ച് അദ്ധ്യാപകർ;

(ജി) ലോക്കൽ സൊസൈറ്റി, വിദ്യാർത്ഥികൾ, അലുമിനി എന്നിവരിൽ നിന്നും സിൻഡിക്കേറ്റ് നാമനിർദ്ദേശം ചെയ്യുന്ന ഓരോ ആളുകൾ;

(എച്ച്) തൊഴിലുടമകൾ, വ്യവസായി, ഗുണഭോക്താക്കൾ എന്നിവരിൽ നിന്നും സിൻഡിക്കേറ്റ് നാമനിർദ്ദേശം ചെയ്യുന്ന ഓരോ ആളുകൾ.

(3) വൈസ്-ചാൻസലർ ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെല്ലിന്റെ ചെയർപേഴ്സൺ ആയിരിക്കേണ്ടതും സിൻഡിക്കേറ്റ് നാമനിർദ്ദേശം ചെയ്യുന്ന ഒരു അദ്ധ്യാപകൻ ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെല്ലിന്റെ ഡയറക്ടർ ആയിരിക്കേണ്ടതുമാണ്.

(4) അഫിലിയേറ്റ് ചെയ്യപ്പെട്ട കോളേജുകളിലെയും കോൺസ്റ്റിറ്റ്യുവന്റ് കോളേജിലെയും ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെല്ലിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്, അതായത്:—

(എ) പ്രിൻസിപ്പൽ;

(ബി) മാനേജ്മെന്റിന്റെ ഒരു പ്രതിനിധി;

(സി) കോളേജ് കൗൺസിൽ നാമനിർദ്ദേശം ചെയ്യുന്ന അഞ്ച് അദ്ധ്യാപകർ;

(ഡി) ലോക്കൽ സൊസൈറ്റി, വിദ്യാർത്ഥികൾ, അലുമിനി എന്നിവരിൽ നിന്നും സിൻഡിക്കേറ്റ് നാമനിർദ്ദേശം ചെയ്യുന്ന ഓരോ ആളുകൾ;

(ഇ) തൊഴിലുടമകൾ, വ്യവസായി, ഗുണഭോക്താക്കൾ എന്നിവരിൽ നിന്നും സിൻഡിക്കേറ്റ് നാമനിർദ്ദേശം ചെയ്യുന്ന ഓരോ ആളുകൾ;

(എഫ്) കോളേജ് സൂപ്രണ്ട്;

(ജി) ലൈബ്രേറിയൻ.

(5) പ്രിൻസിപ്പൽ ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെല്ലിന്റെ ചെയർപേഴ്സൺ ആയിരിക്കേണ്ടതും കോളേജ് കൗൺസിൽ നാമനിർദ്ദേശം ചെയ്യുന്ന ഒരു അദ്ധ്യാപക അംഗം കോ-ഓർഡിനേറ്റർ ആയിരിക്കേണ്ടതുമാണ്.

(6) ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെല്ലിന്റെ അംഗങ്ങൾ അവർ ഔദ്യോഗികസ്ഥാനം ഏറ്റെടുക്കുന്ന തീയതി മുതൽ രണ്ട് വർഷക്കാലയളവിലേയ്ക്ക് ഔദ്യോഗികസ്ഥാനം വഹിക്കേണ്ടതാണ്.

(7) ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെല്ലിന്റെ അധികാരങ്ങളും ചുമതലകളും യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കേണ്ടതാണ്.

(8) ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെൽ മൂന്ന് മാസത്തിൽ ഒരു തവണയെങ്കിലുമോ ആവശ്യമുള്ളപ്പോഴെല്ലാമോ ഓഫ്‌ലൈൻ, ഓൺലൈൻ അല്ലെങ്കിൽ ഹൈബ്രിഡ് മോഡിൽ യോഗം ചേരേണ്ടതാണ്.

(9) യോഗത്തിന്റെ ക്വാറം ആകെ അംഗങ്ങളുടെ മൂന്നിൽ രണ്ട് ആയിരിക്കുന്നതാണ്.".

(ജി) 41-ാം വകുപ്പിന് ശേഷം താഴെപ്പറയുന്ന വകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

" 41 എ. വിദ്യാർത്ഥികളുടെ അവകാശങ്ങൾ.—(1) വിദ്യാർത്ഥികൾക്ക്, അവർ പഠനം തുടരാനാഗ്രഹിക്കുന്ന സ്ഥാപനത്തിന്റെ പ്രോസ്പെക്ടസ് ലഭിക്കുന്നതിനും കോഴ്സ് തെരഞ്ഞെടുപ്പിനെക്കുറിച്ചും രജിസ്ട്രേഷനെക്കുറിച്ചും യുക്തമായ തീരുമാനങ്ങൾ എടുക്കുന്നതിന് സഹായകരമായ വിവരങ്ങൾ ലഭിക്കുന്നതിനും അവകാശമുണ്ടായിരിക്കുന്നതാണ്.

(2) വിദ്യാർത്ഥികൾക്ക്, അവർ രജിസ്റ്റർ ചെയ്ത ഓരോ കോഴ്സിനും വിശദവും പൂർണ്ണവുമായ കോഴ്സ് രൂപരേഖ ലഭിക്കുന്നതിന് അവകാശമുണ്ടായിരിക്കുന്നതും അത് ക്ലാസിന്റെ ആദ്യ ആഴ്ചയിൽ നൽകേണ്ടതുമാണ്. ഈ വിവരങ്ങളിൽ,-

(എ) കോഴ്സിൽ പരിഗണിക്കേണ്ട വിഷയങ്ങളുടെ വിവരണം;

(ബി) ആവശ്യമായതും ശിപാർശ ചെയ്യപ്പെട്ടതുമായ, വായനയ്ക്കോ പഠനത്തിനോ ഉള്ള സാമഗ്രികളുടെ ഒരു ലിസ്റ്റ്;

(സി) കോഴ്സിൽ ഉപയോഗിക്കേണ്ടതായ മൂല്യനിർണ്ണയ രീതികളുടെ വിവരണം; കൂടാതെ

(ഡി) ഇൻസ്ട്രക്ടറെ ബന്ധപ്പെടാനുള്ള വിവരങ്ങൾ, ഓഫീസ് സ്ഥിതി ചെയ്യുന്ന സ്ഥലം, ഓഫീസ് സമയം എന്നിവ ഉൾപ്പെടേണ്ടതാണ്.

(3) വിദ്യാർത്ഥികൾക്ക്, തൃപ്തികരമായ അക്കാദമിക വിദ്യാഭ്യാസം നേടുന്നതിനും അവരുടെ നിർദ്ദിഷ്ട പഠനലക്ഷ്യങ്ങളും ക്രെഡിറ്റ് ആവശ്യകതയും കൈവരിക്കുന്നതിനായി മുഖാമുഖമായോ ഓൺലൈനായോ പഠനം നടത്താനാവശ്യമായ അദ്ധ്യാപന മണിക്കൂറുകൾ ലഭിക്കുന്നതിനും അവകാശമുണ്ടായിരിക്കുന്നതാണ്.

(4) വിദ്യാർത്ഥികൾക്ക്, അവരുടെ താല്പര്യാർത്ഥം, ഏതെങ്കിലും സംഘടനയിൽ അംഗമാകുന്നതിന് അവകാശമുണ്ടായിരിക്കുന്നതും അങ്ങനെയുള്ള ഒരു സംഘടനയിൽ അവർ ഉൾപ്പെടുന്നുവെന്ന കാരണത്താൽ സർവ്വകലാശാല, അവരെ മുൻവിധിയോടെയുള്ള പെരുമാറ്റത്തിന് വിധേയരാക്കാൻ പാടില്ലാത്തതുമാണ്.

(5) വിദ്യാർത്ഥികളുടെ ഒരു കൂട്ടത്തിന്, സംഘടിക്കുന്നതിനും അതിലെ അംഗങ്ങളുടെ താല്പര്യങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും അവകാശമുണ്ടായിരിക്കുന്നതാണ്. എന്നാൽ, അങ്ങനെയുള്ള ഒരു സംഘത്തിന്റെ ആവശ്യങ്ങൾ നിയമാനുസൃതമായിരിക്കേണ്ടതാണ്. അങ്ങനെയുള്ള ഓരോ സംഘത്തിനും പരസ്യപ്പെടുത്തുന്നതിനും യോഗങ്ങൾ നടത്തുന്നതിനും ഏത് വിഷയവും ചർച്ച ചെയ്യുന്നതിനും നിയമാനുസൃതവും സമാധാനപരവുമായ പ്രകടനത്തിൽ ഏർപ്പെടുന്നതിനും അവകാശമുണ്ടായിരിക്കുന്നതാണ്.

(6) സർവ്വകലാശാലയും അതിൻകീഴിലുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളും വിദ്യാർത്ഥികളുടെ ഒരു ഔപചാരിക പ്രാതിനിധ്യ സമിതി രൂപീകരിക്കേണ്ടതും, ആ സമിതിയിൽ, സർവ്വകലാശാലയുടെ തീരുമാനത്തിനനുസരിച്ച് വിദ്യാർത്ഥികളുടെ പ്രതിനിധികളെ തെരഞ്ഞെടുക്കുന്നതിനായി തെരഞ്ഞെടുപ്പുകൾ പതിവായി നടത്തേണ്ടതുമാണ്.

(7) സർവ്വകലാശാലയുടെ പഠന വകുപ്പുകളും സർവ്വകലാശാലയുടെ കീഴിലുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളും വിദ്യാർത്ഥികൾക്കുള്ള ഈ അവകാശങ്ങൾ നിരീക്ഷിക്കാനും പ്രോത്സാഹിപ്പിക്കാനും സംരക്ഷിക്കാനും ബാദ്ധ്യസ്ഥരായിരിക്കുന്നതാണ്.

(8) ഓരോ വിദ്യാർത്ഥിക്കും സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള മറ്റ് നിർദ്ദിഷ്ട വിദ്യാർത്ഥികളുടെ അവകാശങ്ങൾ ഉണ്ടായിരിക്കുന്നതാണ്.

41 ബി. വിദ്യാർത്ഥികളുടെ പരാതി പരിഹാര സംവിധാനം.-(1) യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷന്റെ റെഗുലേഷനുകൾക്കും സർക്കാർ ഉത്തരവുകൾക്കും അനുസൃതമായി വിദ്യാർത്ഥികളുടെ ഒരു പരാതി പരിഹാര സംവിധാനം ഉണ്ടായിരിക്കുന്നതാണ്.

(2) അത്തരം സംവിധാനത്തിന്റെ രൂപീകരണം, അധികാരങ്ങൾ, ചുമതലകൾ എന്നിവ സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കേണ്ടതാണ്.

41 സി. അദ്ധ്യാപകരുടെ അവകാശങ്ങളും ഉത്തരവാദിത്വങ്ങളും.—(1) അദ്ധ്യാപകർക്ക് അക്കാദമിക സ്വാതന്ത്ര്യത്തിനും അന്വേഷണം, അഭിപ്രായപ്രകടനം, സംഘംചേരൽ എന്നിവയ്ക്കുള്ള സ്വാതന്ത്ര്യത്തിനും അവകാശമുണ്ടായിരിക്കുന്നതാണ്.

(2) അദ്ധ്യാപകർക്ക്, ഈ ആക്ടിലെയും സ്റ്റാറ്റ്യൂട്ടുകളിലെയും റെഗുലേഷനുകളിലെയും വ്യവസ്ഥകൾക്കനുസൃതമായി, അക്കാദമിക പ്രോഗ്രാമുകൾ, പാഠ്യപദ്ധതി, സിലബസ്, മൂല്യനിർണ്ണയം എന്നിവ രൂപകല്പന ചെയ്യുന്നതിനുള്ള അക്കാദമിക സ്വയംഭരണാധികാരം ഉണ്ടായിരിക്കുന്നതാണ്.

(3) അദ്ധ്യാപകർക്കോ അവരുടെ സംഘങ്ങൾക്കോ സംഘടനകൾക്കോ സർവ്വകലാശാലയുടെ മുൻകൂർ അനുമതിയില്ലാതെ, ലിഖിതമായതോ അച്ചടിച്ചതോ ഇലക്ട്രോണിക് രൂപത്തിലുള്ളതോ ആയ മെറ്റീരിയലുകൾ കാമ്പസിൽ വിതരണം ചെയ്യുകയും പ്രദർശിപ്പിക്കുകയും ചെയ്യാവുന്നതാണ്. എന്നാൽ, അപ്രകാരം വിതരണം ചെയ്യുന്ന മെറ്റീരിയൽ സർവ്വകലാശാലയുടെ നയത്തിനും സംസ്ഥാന നിയമത്തിനും വിരുദ്ധമാകാൻ പാടുള്ളതല്ല. അങ്ങനെയുള്ള മെറ്റീരിയലിൽ അതിന് ഉത്തരവാദിയായ വ്യക്തിയെയോ വ്യക്തികളെയോ വ്യക്തമായി സൂചിപ്പിക്കേണ്ടതാണ്.

(4) അദ്ധ്യാപകർക്ക്, വിഭവങ്ങളുടെ ലഭ്യതയ്ക്ക് അനുസൃതമായി, അദ്ധ്യാപകരുടെ ഉത്തരവാദിത്വവുമായി ബന്ധപ്പെട്ട അവരുടെ കഴിവുകൾ മെച്ചപ്പെടുത്തുന്നതിനും അവരുടെ നൈപുണ്യം വികസിപ്പിക്കുന്നതിനും തുടർപഠന അവസരങ്ങൾ പിന്തുടരാൻ അവകാശമുണ്ടായിരിക്കുന്നതാണ്.

(5) അദ്ധ്യാപകർക്ക്, അവരുടെ മറ്റ് അക്കാദമിക ചുമതലകളുടെ തൃപ്തികരമായ പ്രവർത്തനങ്ങൾക്ക് വിധേയമായി, ഗവേഷണത്തിലും ഫലങ്ങൾ പ്രസിദ്ധീകരിക്കുന്നതിലും പൂർണ്ണ സ്വാതന്ത്ര്യത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.

(6) അദ്ധ്യാപകരുടെ അദ്ധ്യാപന ചുമതലകളിൽ താഴെപ്പറയുന്നവ ഉൾപ്പെടുന്നു:—

(എ) കോഴ്സ് നൽകുന്നതിനുള്ള രീതിക്ക് യോജിച്ച ക്ലാസ് മുറി അല്ലെങ്കിൽ ഓൺലൈൻ പ്രവർത്തനങ്ങൾ, ആസൂത്രണം ചെയ്യുക;

(ബി) കോഴ്സ് സിലബസ് തയ്യാറാക്കുക;

(സി) അസൈൻമെന്റുകളും പരീക്ഷകളും രൂപകല്പന ചെയ്യുക;

(ഡി) ഓഫീസ് സമയം സ്ഥിരമായി പാലിക്കുക അല്ലെങ്കിൽ കൂടിയാലോചനയ്ക്ക് ലഭ്യമായിരിക്കുക;

(ഇ) വിദ്യാർത്ഥികൾ ഏറ്റെടുത്തിട്ടുള്ള സ്വതന്ത്ര ജോലിയിൽ മേൽനോട്ടം വഹിക്കുക;

(എഫ്) തീസിസുകളും പ്രബന്ധങ്ങളും സംബന്ധിച്ച നിർദ്ദേശങ്ങൾ നൽകുക;

(ജി) വിദ്യാർത്ഥികളുടെ മൂല്യനിർണ്ണയം നടത്തുക;

(എച്ച്) വിദ്യാർത്ഥികളുടെ പഠനത്തെ വിലയിരുത്തുകയും രേഖപ്പെടുത്തുകയും ചെയ്യുക;

(ഐ) ഉപദേശം നൽകുക, പാഠ്യപദ്ധതി വികസിപ്പിക്കുകയും നിർണ്ണയിക്കുകയും ചെയ്യുക;

(ജെ) വിദ്യാർത്ഥി മെന്റർ പ്രോഗ്രാമുകൾ, അദ്ധ്യാപക സേവനങ്ങൾ, പഠന നൈപുണ്യ ശില്പശാലകൾ, പ്രത്യേക ഇവന്റുകൾ, ഗവേഷണത്തിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ, ഗവേഷണം നടത്തൽ എന്നിവ ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും പ്രോജക്റ്റുകൾക്കോ തുടർപ്രവർത്തനങ്ങൾക്കോ ഉള്ള പ്രൊപ്പോസലുകൾ തയ്യാറാക്കുകയും സമർപ്പിക്കുകയും ചെയ്യുക.

(7) അക്കാദമിക ഉപദേശം നൽകൽ, അദ്ധ്യാപകന്റെ ഉത്തരവാദിത്വത്തിന്റെ ഒരു ഭാഗമായിരിക്കുന്നതാണ്.

(8) അദ്ധ്യാപന ഉത്തരവാദിത്വം എന്നതിൽ കോഴ്സ് പ്രദാനം ചെയ്യേണ്ട രീതിക്ക് അനുയോജ്യമായി ക്ലാസ് മുറിയിൽ നേരിട്ടോ ഓൺലൈനായോ നിശ്ചയിക്കപ്പെട്ട ക്ലാസ് സമയങ്ങളിലെ കൃത്യവും സ്ഥിരമായതുമായ സാന്നിദ്ധ്യം ഉൾപ്പെടുന്നതാണ്.

(9) ഒരു അദ്ധ്യാപകൻ വിദ്യാർത്ഥികളോട് പ്രൊഫഷണൽ മര്യാദയോടെ പെരുമാറേണ്ടതും അക്കാദമിക സ്വാതന്ത്ര്യവും 'വിദ്യാർത്ഥി അവകാശങ്ങളിൽ' പ്രതിപാദിച്ചിരിക്കുന്ന അപ്രകാരമുള്ള അവകാശങ്ങളും ഉൾപ്പെടെയുള്ള അവരുടെ അവകാശങ്ങളെ മാനിക്കേണ്ടതുമാണ്.

(10) സർവ്വകലാശാലയിലെ എല്ലാ അദ്ധ്യാപകർക്കും സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള അദ്ധ്യാപകരുടെ അവകാശങ്ങളും ഉത്തരവാദിത്വങ്ങളും ഉണ്ടായിരിക്കുന്നതാണ്.".

(എച്ച്) 43-ാം വകുപ്പ് (3)-ാം ഉപവകുപ്പ് (v)-ാം ഖണ്ഡത്തിനു ശേഷം താഴെപ്പറയുന്ന ക്ലിപ്തനിബന്ധന ചേർക്കേണ്ടതാണ്, അതായത്:—

" എന്നാൽ, സ്റ്റാറ്റ്യൂട്ട് ചാൻസലർക്ക് സമർപ്പിച്ച തീയതി മുതൽ അറുപതു ദിവസങ്ങൾക്കകം അതിന്മേൽ അദ്ദേഹം തീരുമാനമെടുക്കാത്തപക്ഷം, അതിന് അനുമതി നൽകിയതായി കരുതപ്പെടേണ്ടതാണ്.".

(ഐ) 53-ാം വകുപ്പ് (10)-ാം ഉപവകുപ്പിന് ശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

" (11) മുൻപറഞ്ഞ വ്യവസ്ഥകളിൽ എന്തുതന്നെ അടങ്ങിയിരുന്നാലും പ്രത്യേക പദ്ധതികൾക്കോ പ്രോഗ്രാമുകൾക്കോ വേണ്ടി എക്സ്റ്റേണൽ ഫണ്ടിംഗ് ഏജൻസികൾ അനുവദിച്ച ഫണ്ടുമായി ബന്ധപ്പെട്ട അക്കൗണ്ടുകൾ, ഫണ്ട് ചെയ്യുന്ന ഏജൻസി വിനിർദ്ദേശിച്ചേക്കാവുന്ന അങ്ങനെയുള്ള രീതിയിൽ മാത്രം ഓഡിറ്റ് ചെയ്യേണ്ടതാണ്.".

(ജെ) 62-ാം വകുപ്പിന് ശേഷം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

" 62 എ. കോളേജ് കൗൺസിൽ.- (1) സർവ്വകലാശാലയുടെ എല്ലാ അഫിലിയേറ്റ് ചെയ്യപ്പെട്ട കോളേജുകളിലും കോൺസ്റ്റിറ്റ്യുവന്റ് കോളേജുകളിലും ഈ ആക്റ്റിലെയും സ്റ്റാറ്റ്യൂട്ടുകളിലെയും റെഗുലേഷനുകളിലെയും വ്യവസ്ഥകൾക്ക് അനുസൃതമായി ഒരു കോളേജ് കൗൺസിൽ രൂപീകരിക്കേണ്ടതാണ്.

(2) കോളേജ് കൗൺസിലിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(എ) പ്രിൻസിപ്പൽ- ചെയർപേഴ്സൺ;

(ബി) വൈസ്-പ്രിൻസിപ്പൽ;

(സി) എല്ലാ വകുപ്പുകളിലും നിന്നുള്ള വകുപ്പ് മേധാവികൾ;

(ഡി) തെരഞ്ഞെടുക്കപ്പെട്ട അദ്ധ്യാപകർ;

(ഇ) കോളേജ് ലൈബ്രേറിയൻ;

(എഫ്) കോ-ഓർഡിനേറ്റർ, ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെൽ;

(ജി) സൂപ്രണ്ട്.

(3) പ്രത്യേക കാര്യങ്ങളിൽ നാഷണൽ കേഡറ്റ് കോർപ്പ്സ് ഓഫീസർമാർ, നാഷണൽ സർവ്വീസ് സ്കീം ഓഫീസർമാർ, ഹോസ്റ്റൽ വാർഡൻ, കോളേജ് യൂണിയൻ ചെയർപേഴ്സൺ അല്ലെങ്കിൽ കോളേജ് പ്രത്യേക ചുമതലകൾ നൽകുന്ന മറ്റേതെങ്കിലും വ്യക്തികൾ എന്നിവരുടെ അഭിപ്രായം സ്വീകരിക്കേണ്ടത് യുക്തമാണെന്ന് കോളേജ് കൗൺസിൽ കരുതുന്നപക്ഷം അവരെ കോളേജ് കൗൺസിലിലേയ്ക്ക് ക്ഷണിക്കേണ്ടതാണ്.

(4) ഓരോ മുപ്പത് അദ്ധ്യാപകർക്കും അല്ലെങ്കിൽ അവരുടെ വിഭാഗത്തിനും, കോളേജ് കൗൺസിലിൽ തെരഞ്ഞെടുക്കപ്പെട്ട ഒരു അംഗം ഉണ്ടായിരിക്കേണ്ടതാണ്.

(5) തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളുടെ കാലാവധി അവർ ഔദ്യോഗികസ്ഥാനം ഏറ്റെടുക്കുന്നത് മുതൽ രണ്ട് വർഷക്കാലമായിരിക്കുന്നതാണ്:

എന്നാൽ, തെരഞ്ഞെടുക്കപ്പെട്ട അംഗം അദ്ദേഹത്തിന്റെ കാലാവധി പൂർത്തിയായ ശേഷം അദ്ദേഹത്തിന്റെ പിൻഗാമി ഔദ്യോഗികസ്ഥാനം ഏറ്റെടുക്കുന്നത് വരെ ഔദ്യോഗികസ്ഥാനം വഹിക്കേണ്ടതാണ്.

(6) റൊട്ടേഷൻ വഴി ഡിപ്പാർട്ട്മെന്റ് തലവനെ നാമനിർദ്ദേശം ചെയ്യുന്നതിനുള്ള നടപടിക്രമം, കോളേജ് കൗൺസിലിലേയ്ക്കുള്ള അദ്ധ്യാപകരുടെ തെരഞ്ഞെടുപ്പ്, കോളേജ് കൗൺസിലിന്റെ പ്രവർത്തനത്തിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കേണ്ടതാണ്.” .

(കെ) 69-ാം വകുപ്പിന് ശേഷം താഴെപ്പറയുന്ന വകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

“ 69 എ. സർവ്വകലാശാല റിസോഴ്സ് പ്ലാനിംഗ് സിസ്റ്റം.—(1) സർവ്വകലാശാലയ്ക്ക് അതിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്കായി, അതിന്റെ ഏതെങ്കിലും ഏജൻസി മുഖേന സോഫ്റ്റ്വെയർ അടിസ്ഥാനത്തിലുള്ള സമഗ്രമായ ഒരു റിസോഴ്സ് പ്ലാനിംഗ് മാനേജ്മെന്റ് സംവിധാനം ഉണ്ടായിരിക്കുകയോ സർക്കാർ സ്ഥാപിച്ചിട്ടുള്ള അങ്ങനെയുള്ള ഒരു സംവിധാനത്തിന്റെ ഭാഗമാകുകയോ ചെയ്യേണ്ടതും അത് സർവ്വകലാശാലയ്ക്കകത്തുള്ള വിവിധ വകുപ്പുകൾക്കും യൂണിറ്റുകൾക്കും കീഴിലെ പ്രധാനമായ ഭരണപരം, അക്കാദമികം, മാനവവിഭവശേഷി, സാമ്പത്തികം, പരീക്ഷ, മറ്റു നടപടികൾ എന്നിവയുടെ ഭരണനിർവ്വഹണത്തിനുള്ള കാര്യക്ഷമത മെച്ചപ്പെടുത്തുന്നതിനായി സംയോജിപ്പിക്കുകയും യന്ത്രവത്ക്കരിക്കുകയും സ്ട്രീംലൈൻ ചെയ്യുകയും ചെയ്യേണ്ടതുമാണ്.

(2) സർവ്വകലാശാല റിസോഴ്സ് പ്ലാനിംഗ് സിസ്റ്റത്തിന്റെ നയവും അവ നടപ്പിലാക്കുന്ന രീതിയും കാലാകാലങ്ങളിൽ സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമായിരിക്കുന്നതാണ്.

69 ബി. റൂൾസ് ഓഫ് ബിസിനസ്സ്.—(1) സർവ്വകലാശാലയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായും വിവരസാങ്കേതികവിദ്യയുടെ അടിസ്ഥാനത്തിലുള്ള ഭരണനിർവ്വഹണത്തിന്റെ ഫലപ്രദമായ ഉപയോഗത്തിനായും പുനർനിർമ്മാണം അടിസ്ഥാനമാക്കിയുള്ള റൂൾസ് ഓഫ് ബിസിനസ്സ് ഉണ്ടാക്കേണ്ടതാണ്.

(2) റൂൾസ് ഓഫ് ബിസിനസ്സ് സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടേണ്ടതും ബാധകമായേക്കാവുന്ന യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷന്റെ റെഗുലേഷനുകൾക്കും സർക്കാർ നിർദ്ദേശങ്ങൾക്കും അനുസൃതമായി കാലാകാലങ്ങളിൽ പുതുക്കേണ്ടതുമാണ്.

69 സി. ഗവേഷണ പാർക്കുകൾ.—(1) സർവ്വകലാശാലയ്ക്ക് ആങ്കർ ക്ലയന്റുകൾ, അലുമിനി, പൊതുസമൂഹം എന്നിവയിൽ നിന്നുള്ള നിക്ഷേപം ഉപയോഗിച്ച് 2013-ലെ കമ്പനീസ് ആക്റ്റിന്റെ (2013-ലെ 18-ാം കേന്ദ്ര ആക്റ്റ്) 8-ാം വകുപ്പ് പ്രകാരമുള്ള കമ്പനികളായി സ്ഥാപിക്കപ്പെടാവുന്ന സ്വതന്ത്ര ഗവേഷണ പാർക്കുകളോ മറ്റ് സമാന സ്ഥാപനങ്ങളോ സ്ഥാപിക്കാവുന്നതാണ്.

(2) ഓരോ ഗവേഷണ പാർക്കിനും കമ്പനികൾക്കും ഒരു സ്വതന്ത്ര ഗവേണിംഗ് ബോഡി ഉണ്ടായിരിക്കേണ്ടതാണ്. ഗവേഷണ പാർക്കിന്റെ നയവും അവ നടപ്പിലാക്കുന്ന രീതിയും ഗവേണിംഗ് ബോഡിയുടെ ഘടനയും കാലാകാലങ്ങളിൽ സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടേണ്ടതാണ്." .

5. നിലവിലുള്ള സെനറ്റ്, സിൻഡിക്കേറ്റ്, നിർവ്വാഹകസമിതി എന്നിവ സംബന്ധിച്ച പ്രത്യേക വ്യവസ്ഥ.—ഈ ആക്റ്റിൽ എന്തുതന്നെ അടങ്ങിയിരുന്നാലും,—

(1) ഈ ആക്റ്റിന്റെ പ്രാബല്യതീയതിയ്ക്ക് തൊട്ടുമുൻപ് അപ്രകാരം പ്രവർത്തിച്ചിരുന്ന കൊച്ചി ശാസ്ത്ര-സാങ്കേതികശാസ്ത്ര സർവ്വകലാശാലയുടെ സെനറ്റും സിൻഡിക്കേറ്റും, പ്രസ്തുത സെനറ്റിന്റെയും സിൻഡിക്കേറ്റിന്റെയും കാലാവധി അവസാനിക്കുന്നതു വരെയോ ഈ ആക്റ്റിൻ കീഴിൽ ഒരു പുതിയ സെനറ്റും സിൻഡിക്കേറ്റും രൂപീകരിക്കുന്നതു വരെയോ, ഏതാണോ ആദ്യം, അതുവരെ അപ്രകാരം പ്രവർത്തിക്കുന്നത് തുടരേണ്ടതാണ്.

(2) ഈ ആക്റ്റിന്റെ പ്രാബല്യതീയതിയ്ക്ക് തൊട്ടുമുൻപ് അപ്രകാരം പ്രവർത്തിച്ചിരുന്ന തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാലയുടെ നിർവ്വാഹകസമിതി, പ്രസ്തുത നിർവ്വാഹകസമിതിയുടെ കാലാവധി അവസാനിക്കുന്നതു വരെയോ ഈ ആക്റ്റിൻ കീഴിൽ ഒരു പുതിയ നിർവ്വാഹകസമിതി രൂപീകരിക്കുന്നതു വരെയോ, ഏതാണോ ആദ്യം, അതുവരെ അപ്രകാരം പ്രവർത്തിക്കുന്നത് തുടരേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

സർക്കാർ, ഉന്നത വിദ്യാഭ്യാസ മേഖലയിലെ പരിഷ്കരണങ്ങൾ നിർദ്ദേശിക്കുന്നതിനായി ഉന്നത വിദ്യാഭ്യാസ പരിഷ്കരണ കമ്മീഷനും സർവ്വകലാശാല നിയമങ്ങളിൽ വരുത്തേണ്ട പരിഷ്കരണങ്ങൾ നിർദ്ദേശിക്കുന്നതിനായി കേരള സംസ്ഥാന സർവ്വകലാശാല നിയമ പരിഷ്കരണ കമ്മീഷനും രൂപീകരിച്ചിരുന്നു. പ്രസ്തുത കമ്മീഷനുകൾ സർക്കാരിന് സമർപ്പിച്ച റിപ്പോർട്ടുകളിൽ, സർവ്വകലാശാലകൾ, അറിവ് കൈമാറുന്നതും സൃഷ്ടിക്കുന്നതും വ്യാഖ്യാനിക്കുന്നതുമായ ഒരു സംവിധാനമായി മാറുന്നതിന് പകരം പരീക്ഷകൾ നടത്തുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന ഡിഗ്രി നൽകുന്ന സ്ഥാപനങ്ങളായാണ് നിലവിൽ മാറിയിരിക്കുന്നതെന്ന് നിരീക്ഷിക്കുകയും സർവ്വകലാശാലകളെ അറിവ് സൃഷ്ടിക്കുകയും വ്യാപിപ്പിക്കുകയും ചെയ്യുന്നതിനുള്ള പ്രധാന കേന്ദ്രങ്ങളാക്കി മാറ്റുന്നതിനായി, സർവ്വകലാശാലകളുടെ നിയമപരമായ ചട്ടക്കൂടിൽ കമ്മീഷനുകൾ മാറ്റങ്ങൾ നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടുകളുടെ പരിശോധനയിൽ പ്രോ-ചാൻസലറുടെ പ്രാധാന്യം വർദ്ധിപ്പിക്കുക, പ്രോ-വൈസ്-ചാൻസലറിൽ ചില അധികാരങ്ങൾ നിക്ഷിപ്തമാക്കുക, അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും അക്കാദമിക സ്വാതന്ത്ര്യം നൽകുക, ചില അധികാരസ്ഥാനങ്ങൾ പുനഃക്രമീകരിക്കുക, പുതിയ അധികാരസ്ഥാനങ്ങൾ രൂപീകരിക്കുക,

കോൺസ്റ്റിറ്റ്യുവന്റ് കോളേജുകൾ രൂപീകരിക്കുക, റിസർച്ച് പാർക്കുകൾ സ്ഥാപിക്കുക തുടങ്ങിയ സംഗതികളിൽ കമ്മീഷനുകൾ നൽകിയ ശിപാർശകൾ നടപ്പിലാക്കേണ്ടതാണെന്ന് സർക്കാരിന് ബോദ്ധ്യപ്പെട്ടു. ആയതിനാൽ, സംസ്ഥാനത്തെ അനുയോജ്യമായ സാമൂഹ്യ-സാമ്പത്തിക ഘടനയുള്ള ഒരു വിജ്ഞാനസമൂഹമായി രൂപാന്തരപ്പെടുത്തുന്നതിന് അനുരൂപമായ വിധത്തിൽ സർവ്വകലാശാലകളുടെ നിയമങ്ങൾ പുതുക്കുന്നതിനുള്ള നീക്കത്തിന്റെ ഭാഗമായി, 1986-ലെ കൊച്ചി ശാസ്ത്ര-സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്റ്റ് (1986-ലെ 31), 2013-ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാല ആക്റ്റ് (2013-ലെ 24), 2015-ലെ എ.പി.ജെ അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്റ്റ് (2015-ലെ 17) എന്നിവയിൽ ആവശ്യമായ ഭേദഗതികൾ വരുത്താൻ സർക്കാർ തീരുമാനിച്ചു.

## 2. മേല്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

### ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല.

### ഏല്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

ബില്ലിലെ 2-ാം ഖണ്ഡം (എ) ഉപഖണ്ഡം പ്രകാരം 1986-ലെ കൊച്ചി ശാസ്ത്ര-സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്റ്റിൽ (1986-ലെ 31) കൂട്ടിച്ചേർക്കാനുദ്ദേശിക്കുന്ന 3-ാം വകുപ്പിന്റെ (27)-ാം ഖണ്ഡം, ബില്ലിലെ 3-ാം ഖണ്ഡം (എ) ഉപഖണ്ഡം പ്രകാരം 2013-ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാല ആക്റ്റിൽ (2013-ലെ 24) കൂട്ടിച്ചേർക്കാനുദ്ദേശിക്കുന്ന 2-ാം വകുപ്പിന്റെ (എക്സ്) ഖണ്ഡം, ബില്ലിലെ 4-ാം ഖണ്ഡം (എ) ഉപഖണ്ഡം പ്രകാരം 2015-ലെ എ.പി.ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്റ്റിൽ (2015-ലെ 17) കൂട്ടിച്ചേർക്കാനുദ്ദേശിക്കുന്ന 2-ാം വകുപ്പിന്റെ (ഇസഡ് എസ്) ഖണ്ഡം എന്നിവ വിദ്യാർത്ഥിക്ക് പരാതി നൽകാവുന്ന കാര്യങ്ങൾ സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കുന്നതിന് ബന്ധപ്പെട്ട സർവ്വകലാശാലയെ അധികാരപ്പെടുത്തുന്നു.

2. ബില്ലിലെ 2-ാം ഖണ്ഡം (ബി) ഉപഖണ്ഡം പ്രകാരം 1986-ലെ കൊച്ചി ശാസ്ത്ര-സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്റ്റിൽ (1986-ലെ 31) പകരം ചേർക്കാനുദ്ദേശിക്കുന്ന 9-ാം വകുപ്പിന്റെ (6)-ാം ഉപവകുപ്പ്, ബില്ലിലെ 3-ാം ഖണ്ഡം (ഐ) ഉപഖണ്ഡം പ്രകാരം 2013-ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാല ആക്റ്റിൽ (2013-ലെ 24) പകരം

ചേർക്കാനുദ്ദേശിക്കുന്ന 27-ാം വകുപ്പിന്റെ (6)-ാം ഉപവകുപ്പ്, ബില്ലിലെ 4-ാം ഖണ്ഡം (ബി) ഉപഖണ്ഡം പ്രകാരം 2015-ലെ എ.പി.ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്റ്റിൽ (2015-ലെ 17) പകരം ചേർക്കാനുദ്ദേശിക്കുന്ന 11-ാം വകുപ്പിന്റെ (6) -ാം ഉപവകുപ്പ് എന്നിവ പ്രോ-ചാൻസലറുടെ അധികാരങ്ങൾ സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കുന്നതിന് ബന്ധപ്പെട്ട സർവ്വകലാശാലയെ അധികാരപ്പെടുത്തുന്നു.

3. ബില്ലിലെ 2-ാം ഖണ്ഡം (ഡി) ഉപഖണ്ഡം ഇനം (iv) പ്രകാരം 1986-ലെ കൊച്ചി ശാസ്ത്ര-സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്റ്റിൽ (1986-ലെ 31) പകരം ചേർക്കാനുദ്ദേശിക്കുന്ന 12-ാം വകുപ്പിന്റെ (4)-ാം ഉപവകുപ്പ്, ബില്ലിലെ 4-ാം ഖണ്ഡം (ഡി) ഉപഖണ്ഡം ഇനം (iii) പ്രകാരം 2015-ലെ എ.പി.ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്റ്റിൽ (2015-ലെ 17) പകരം ചേർക്കാനുദ്ദേശിക്കുന്ന 15-ാം വകുപ്പിന്റെ (4)-ാം ഉപവകുപ്പ് എന്നിവ പ്രോ-വൈസ്-ചാൻസലറുടെ അധികാരങ്ങൾ സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കുന്നതിന് ബന്ധപ്പെട്ട സർവ്വകലാശാലയെ അധികാരപ്പെടുത്തുന്നു.

4. ബില്ലിലെ 2-ാം ഖണ്ഡം (എച്ച്) ഉപഖണ്ഡം ഇനം (i) പ്രകാരം 1986-ലെ കൊച്ചി ശാസ്ത്ര-സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്റ്റിൽ (1986-ലെ 31) കൂട്ടിച്ചേർക്കാനുദ്ദേശിക്കുന്ന 24-ാം വകുപ്പിന്റെ (viii ബി) ഖണ്ഡം, ബില്ലിലെ 3-ാം ഖണ്ഡം (ഇ) ഉപഖണ്ഡം പ്രകാരം 2013-ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാല ആക്റ്റിൽ (2013-ലെ 24) കൂട്ടിച്ചേർക്കാനുദ്ദേശിക്കുന്ന 17-ാം വകുപ്പ് (2)-ാം ഉപവകുപ്പിന്റെ (എൽഎ) ഖണ്ഡം, ബില്ലിലെ 4-ാം ഖണ്ഡം (ഇ) ഉപഖണ്ഡം ഇനം (i) പ്രകാരം 2015-ലെ എ.പി.ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്റ്റിൽ (2015-ലെ 17) കൂട്ടിച്ചേർക്കാനുദ്ദേശിക്കുന്ന 34-ാം വകുപ്പിന്റെ (ix ബി) ഖണ്ഡം എന്നിവ ഇൻഡ്യയിലെയും വിദേശത്തെയും വിവിധ സർവ്വകലാശാലകളിലേയ്ക്കും സ്ഥാപനങ്ങളിലേയ്ക്കും ക്രെഡിറ്റ് കൈമാറ്റത്തോടെ വിദ്യാർത്ഥികളുടെ അന്തർസർവ്വകലാശാല സ്ഥലംമാറ്റവും മൊബിലിറ്റിയും പ്രോത്സാഹിപ്പിക്കുന്നതിനും സുഗമമാക്കുന്നതിനും വേണ്ടി റെഗുലേഷനുകൾ ഉണ്ടാക്കുന്നതിന് ബന്ധപ്പെട്ട സർവ്വകലാശാലയെ അധികാരപ്പെടുത്തുന്നു.

5. ബില്ലിലെ 2-ാം ഖണ്ഡം (എച്ച്) ഉപഖണ്ഡം ഇനം (i) പ്രകാരം 1986-ലെ കൊച്ചി ശാസ്ത്ര-സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്റ്റിൽ (1986-ലെ 31) കൂട്ടിച്ചേർക്കാനുദ്ദേശിക്കുന്ന 24-ാം വകുപ്പിന്റെ (viii സി) ഖണ്ഡം, ബില്ലിലെ 4-ാം ഖണ്ഡം (ഇ) ഉപഖണ്ഡം ഇനം (i) പ്രകാരം 2015-ലെ എ.പി.ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്റ്റിൽ (2015-ലെ 17) കൂട്ടിച്ചേർക്കാനുദ്ദേശിക്കുന്ന 34-ാം വകുപ്പിന്റെ (ix സി) ഖണ്ഡം എന്നിവ മറ്റ് സർവ്വകലാശാലയിൽ നിന്നോ സ്ഥാപനത്തിൽ നിന്നോ ആർജ്ജിച്ചിട്ടുള്ള

ക്രെഡിറ്റുകൾ സർവ്വകലാശാലയുടെ അതേ പ്രോഗ്രാമിലേയ്ക്കോ വ്യത്യസ്ത പ്രോഗ്രാമിലേയ്ക്കോ കൈമാറ്റം ചെയ്യുന്നതിലേയ്ക്കായി റെഗുലേഷനുകൾ ഉണ്ടാക്കുന്നതിന് ബന്ധപ്പെട്ട സർവ്വകലാശാലയെ അധികാരപ്പെടുത്തുന്നു.

6. ബില്ലിലെ 2-ാം ഖണ്ഡം (ഐ) ഉപഖണ്ഡം പ്രകാരം 1986-ലെ കൊച്ചി ശാസ്ത്ര-സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്റ്റിൽ (1986-ലെ 31) കൂട്ടിച്ചേർക്കാനുദ്ദേശിക്കുന്ന 24 എ വകുപ്പിന്റെ (7)-ാം ഉപവകുപ്പ്, ബില്ലിലെ 3-ാം ഖണ്ഡം (എഫ്) ഉപഖണ്ഡം പ്രകാരം 2013-ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാല ആക്റ്റിൽ (2013-ലെ 24) പകരം ചേർക്കാനുദ്ദേശിക്കുന്ന 18-ാം വകുപ്പിന്റെ (7)-ാം ഉപവകുപ്പ് എന്നിവ ഗവേഷണ കൗൺസിലിന്റെ അധികാരങ്ങളും ചുമതലകളും സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കുന്നതിന് ബന്ധപ്പെട്ട സർവ്വകലാശാലയെ അധികാരപ്പെടുത്തുന്നു.

7. ബില്ലിലെ 2-ാം ഖണ്ഡം (ജെ) ഉപഖണ്ഡം പ്രകാരം 1986-ലെ കൊച്ചി ശാസ്ത്ര-സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്റ്റിൽ (1986-ലെ 31) കൂട്ടിച്ചേർക്കാനുദ്ദേശിക്കുന്ന 26 എ വകുപ്പിന്റെ (5)-ാം ഉപവകുപ്പ്, ബില്ലിലെ 3-ാം ഖണ്ഡം (എച്ച്) ഉപഖണ്ഡം പ്രകാരം 2013-ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാല ആക്റ്റിൽ (2013-ലെ 24) കൂട്ടിച്ചേർക്കാനുദ്ദേശിക്കുന്ന 23 ബി വകുപ്പിന്റെ (5)-ാം ഉപവകുപ്പ് എന്നിവ വിദഗ്ദ്ധ സമിതിയുടെ അധികാരങ്ങളും ചുമതലകളും സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കുന്നതിന് ബന്ധപ്പെട്ട സർവ്വകലാശാലയെ അധികാരപ്പെടുത്തുന്നു.

8. ബില്ലിലെ 2-ാം ഖണ്ഡം (കെ) ഉപഖണ്ഡം പ്രകാരം 1986-ലെ കൊച്ചി ശാസ്ത്ര-സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്റ്റിൽ (1986-ലെ 31) കൂട്ടിച്ചേർക്കാനുദ്ദേശിക്കുന്ന 30 എ വകുപ്പിന്റെ (8)-ാം ഉപവകുപ്പ്, ബില്ലിലെ 3-ാം ഖണ്ഡം (ഒ) ഉപഖണ്ഡം പ്രകാരം 2013-ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാല ആക്റ്റിൽ (2013-ലെ 24) കൂട്ടിച്ചേർക്കാനുദ്ദേശിക്കുന്ന 54 എ വകുപ്പിന്റെ (8)-ാം ഉപവകുപ്പ്, ബില്ലിലെ 4-ാം ഖണ്ഡം (ജി) ഉപഖണ്ഡം പ്രകാരം 2015-ലെ എ.പി.ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്റ്റിൽ (2015-ലെ 17) കൂട്ടിച്ചേർക്കാനുദ്ദേശിക്കുന്ന 41 എ വകുപ്പിന്റെ (8)-ാം ഉപവകുപ്പ് എന്നിവ ആക്റ്റിൽ പരാമർശിച്ചിട്ടില്ലാത്ത വിദ്യാർത്ഥികളുടെ മറ്റ് അവകാശങ്ങൾ സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കുന്നതിന് ബന്ധപ്പെട്ട സർവ്വകലാശാലയെ അധികാരപ്പെടുത്തുന്നു.

9. ബില്ലിലെ 2-ാം ഖണ്ഡം (കെ) ഉപഖണ്ഡം പ്രകാരം 1986-ലെ കൊച്ചി ശാസ്ത്ര-സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്റ്റിൽ (1986-ലെ 31) കൂട്ടിച്ചേർക്കാനുദ്ദേശിക്കുന്ന 30 ബി വകുപ്പിന്റെ (2)-ാം ഉപവകുപ്പ്, ബില്ലിലെ 3-ാം ഖണ്ഡം (ഒ) ഉപഖണ്ഡം പ്രകാരം

2013-ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാല ആക്റ്റിൽ (2013-ലെ 24) കൂട്ടിച്ചേർക്കാനുദ്ദേശിക്കുന്ന 54 ബി വകുപ്പിന്റെ (2)-ാം ഉപവകുപ്പ്, ബില്ലിലെ 4-ാം ഖണ്ഡം (ജി) ഉപഖണ്ഡം പ്രകാരം 2015-ലെ എ.പി.ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്റ്റിൽ (2015-ലെ 17) കൂട്ടിച്ചേർക്കാനുദ്ദേശിക്കുന്ന 41 ബി വകുപ്പിന്റെ (2) -ാം ഉപവകുപ്പ് എന്നിവ വിദ്യാർത്ഥികളുടെ പരാതി പരിഹാര സംവിധാനത്തിന്റെ രൂപീകരണവും അധികാരങ്ങളും ചുമതലകളും സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കുന്നതിന് ബന്ധപ്പെട്ട സർവ്വകലാശാലയെ അധികാരപ്പെടുത്തുന്നു.

10. ബില്ലിലെ 2-ാം ഖണ്ഡം (കെ) ഉപഖണ്ഡം പ്രകാരം 1986-ലെ കൊച്ചി ശാസ്ത്ര-സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്റ്റിൽ (1986-ലെ 31) കൂട്ടിച്ചേർക്കാനുദ്ദേശിക്കുന്ന 30 സി വകുപ്പിന്റെ (10)-ാം ഉപവകുപ്പ്, ബില്ലിലെ 3-ാം ഖണ്ഡം (ഒ) ഉപഖണ്ഡം പ്രകാരം 2013-ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാല ആക്റ്റിൽ (2013-ലെ 24) കൂട്ടിച്ചേർക്കാനുദ്ദേശിക്കുന്ന 54 സി വകുപ്പിന്റെ (10)-ാം ഉപവകുപ്പ്, ബില്ലിലെ 4-ാം ഖണ്ഡം (ജി) ഉപഖണ്ഡം പ്രകാരം 2015-ലെ എ.പി.ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്റ്റിൽ (2015-ലെ 17) കൂട്ടിച്ചേർക്കാനുദ്ദേശിക്കുന്ന 41 സി വകുപ്പിന്റെ (10)-ാം ഉപവകുപ്പ് എന്നിവ അദ്ധ്യാപകരുടെ അവകാശങ്ങളും ഉത്തരവാദിത്വങ്ങളും സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കുന്നതിന് ബന്ധപ്പെട്ട സർവ്വകലാശാലയെ അധികാരപ്പെടുത്തുന്നു.

11. ബില്ലിലെ 2-ാം ഖണ്ഡം (കെ) ഉപഖണ്ഡം പ്രകാരം 1986-ലെ കൊച്ചി ശാസ്ത്ര-സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്റ്റിൽ (1986-ലെ 31) കൂട്ടിച്ചേർക്കാനുദ്ദേശിക്കുന്ന 30 ഡി വകുപ്പിന്റെ (5)-ാം ഉപവകുപ്പ്, ബില്ലിലെ 3-ാം ഖണ്ഡം (എച്ച്) ഉപഖണ്ഡം പ്രകാരം 2013-ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാല ആക്റ്റിൽ (2013-ലെ 24) കൂട്ടിച്ചേർക്കാനുദ്ദേശിക്കുന്ന 23 എ വകുപ്പിന്റെ (5)-ാം ഉപവകുപ്പ്, ബില്ലിലെ 4-ാം ഖണ്ഡം (എഫ്) ഉപഖണ്ഡം പ്രകാരം 2015-ലെ എ.പി.ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്റ്റിൽ (2015-ലെ 17) കൂട്ടിച്ചേർക്കാനുദ്ദേശിക്കുന്ന 35 എ വകുപ്പിന്റെ (7) -ാം ഉപവകുപ്പ് എന്നിവ ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെല്ലിന്റെ അധികാരങ്ങളും ചുമതലകളും സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കുന്നതിന് ബന്ധപ്പെട്ട സർവ്വകലാശാലയെ അധികാരപ്പെടുത്തുന്നു.

12. ബില്ലിലെ 4-ാം ഖണ്ഡം (ജെ) ഉപഖണ്ഡം പ്രകാരം 2015-ലെ എ.പി.ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്റ്റിൽ (2015-ലെ 17) കൂട്ടിച്ചേർക്കാനുദ്ദേശിക്കുന്ന 62 എ വകുപ്പിന്റെ (6)-ാം ഉപവകുപ്പ് റൊട്ടേഷൻ വഴി ഡിപ്പാർട്ട്മെന്റ് തലവനെ നാമനിർദ്ദേശം ചെയ്യുന്നതിനുള്ള നടപടിക്രമം, കോളേജ് കൗൺസിലിലേയ്ക്കുള്ള അദ്ധ്യാപകരുടെ തെരഞ്ഞെടുപ്പ്, കോളേജ് കൗൺസിലിന്റെ

പ്രവർത്തനത്തിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കുന്നതിന് സർവ്വകലാശാലയെ അധികാരപ്പെടുത്തുന്നു.

13. ബില്ലിലെ 2-ാം ഖണ്ഡം (എൻ) ഉപഖണ്ഡം പ്രകാരം 1986-ലെ കൊച്ചി ശാസ്ത്ര-സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്റ്റിൽ (1986-ലെ 31) കൂട്ടിച്ചേർക്കാനുദ്ദേശിക്കുന്ന 53 എ വകുപ്പിന്റെ (2)-ാം ഉപവകുപ്പ്, ബില്ലിലെ 3-ാം ഖണ്ഡം (പി) ഉപഖണ്ഡം പ്രകാരം 2013-ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാല ആക്റ്റിൽ (2013-ലെ 24) കൂട്ടിച്ചേർക്കാനുദ്ദേശിക്കുന്ന 55 എ വകുപ്പിന്റെ (2)-ാം ഉപവകുപ്പ്, ബില്ലിലെ 4-ാം ഖണ്ഡം (കെ) ഉപഖണ്ഡം പ്രകാരം 2015-ലെ എ.പി.ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്റ്റിൽ (2015-ലെ 17) കൂട്ടിച്ചേർക്കാനുദ്ദേശിക്കുന്ന 69 എ വകുപ്പിന്റെ (2)-ാം ഉപവകുപ്പ് എന്നിവ സർവ്വകലാശാല റിസോഴ്സ് പ്ലാനിംഗ് സിസ്റ്റത്തിന്റെ നയവും അവ നടപ്പിലാക്കുന്ന രീതിയും സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കുന്നതിന് ബന്ധപ്പെട്ട സർവ്വകലാശാലയെ അധികാരപ്പെടുത്തുന്നു.

14. ബില്ലിലെ 2-ാം ഖണ്ഡം (എൻ) ഉപഖണ്ഡം പ്രകാരം 1986-ലെ കൊച്ചി ശാസ്ത്ര-സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്റ്റിൽ (1986-ലെ 31) കൂട്ടിച്ചേർക്കാനുദ്ദേശിക്കുന്ന 53 ബി വകുപ്പിന്റെ (2)-ാം ഉപവകുപ്പ്, ബില്ലിലെ 3-ാം ഖണ്ഡം (പി) ഉപഖണ്ഡം പ്രകാരം 2013-ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാല ആക്റ്റിൽ (2013-ലെ 24) കൂട്ടിച്ചേർക്കാനുദ്ദേശിക്കുന്ന 55 ബി വകുപ്പിന്റെ (2)-ാം ഉപവകുപ്പ്, ബില്ലിലെ 4-ാം ഖണ്ഡം (കെ) ഉപഖണ്ഡം പ്രകാരം 2015-ലെ എ.പി.ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്റ്റിൽ (2015-ലെ 17) കൂട്ടിച്ചേർക്കാനുദ്ദേശിക്കുന്ന 69 ബി വകുപ്പിന്റെ (2)-ാം ഉപവകുപ്പ് എന്നിവ റൂൾസ് ഓഫ് ബിസിനസ്സ് സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കുന്നതിന് ബന്ധപ്പെട്ട സർവ്വകലാശാലയെ അധികാരപ്പെടുത്തുന്നു.

15. ബില്ലിലെ 2-ാം ഖണ്ഡം (എൻ) ഉപഖണ്ഡം പ്രകാരം 1986-ലെ കൊച്ചി ശാസ്ത്ര-സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്റ്റിൽ (1986-ലെ 31) കൂട്ടിച്ചേർക്കാനുദ്ദേശിക്കുന്ന 53 സി വകുപ്പിന്റെ (2)-ാം ഉപവകുപ്പ്, ബില്ലിലെ 3-ാം ഖണ്ഡം (പി) ഉപഖണ്ഡം പ്രകാരം 2013-ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാല ആക്റ്റിൽ (2013-ലെ 24) കൂട്ടിച്ചേർക്കാനുദ്ദേശിക്കുന്ന 55 സി വകുപ്പിന്റെ (2)-ാം ഉപവകുപ്പ്, ബില്ലിലെ 4-ാം ഖണ്ഡം (കെ) ഉപഖണ്ഡം പ്രകാരം 2015-ലെ എ.പി.ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്റ്റിൽ (2015-ലെ 17) കൂട്ടിച്ചേർക്കാനുദ്ദേശിക്കുന്ന 69 സി വകുപ്പിന്റെ (2)-ാം ഉപവകുപ്പ് എന്നിവ ഗവേഷണ പാർക്കിന്റെ നയവും അവ നടപ്പിലാക്കുന്ന രീതിയും ഗവേണിംഗ് ബോഡിയുടെ ഘടനയും സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കുന്നതിന് ബന്ധപ്പെട്ട സർവ്വകലാശാലയെ അധികാരപ്പെടുത്തുന്നു.

16. ഏത് കാര്യങ്ങളെ സംബന്ധിച്ചാണോ സ്റ്റാറ്റ്യൂട്ടുകളും വിജ്ഞാപനങ്ങളും പുറപ്പെടുവിക്കാവുന്നത് അവ നടപടിക്രമം സംബന്ധിച്ച കാര്യങ്ങളും സാധാരണമോ ഭരണപരമോ ആയ സ്വഭാവത്തോടുകൂടിയതും ആകുന്നു. കൂടാതെ, അപ്രകാരം ഉണ്ടാക്കുന്ന സ്റ്റാറ്റ്യൂട്ടുകളും പുറപ്പെടുവിക്കുന്ന വിജ്ഞാപനങ്ങളും നിയമസഭയുടെ സൂക്ഷ്മപരിശോധനക്ക് വിധേയവുമാണ്. ആയതിനാൽ ഏല്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സാധാരണ സ്വഭാവത്തോടുകൂടിയതാണ്.

ഡോ. ആർ. ബിന്ദു.

# 1986- ലെ കൊച്ചി ശാസ്ത്ര-സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്റ്റിൽ നിന്നുള്ള പ്രസക്ത ഭാഗങ്ങൾ

## (1986-ലെ 31)

** ** ** **

3. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ സന്ദർഭം മറ്റു വിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,—

** ** ** **

(26) " വൈസ്-ചാൻസലർ" എന്നാൽ സർവ്വകലാശാലയുടെ വൈസ്-ചാൻസലർ എന്നർത്ഥമാകുന്നു.

** ** ** **

9. പ്രോ-ചാൻസലർ.—(1) തൽസമയം സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസ വിഷയം കൈകാര്യം ചെയ്യുന്ന മന്ത്രി സർവ്വകലാശാലയുടെ പ്രോ-ചാൻസലർ ആയിരിക്കുന്നതാണ്.

(2) ചാൻസലറുടെ അഭാവത്തിലോ അദ്ദേഹത്തിന് പ്രവർത്തിക്കാൻ കഴിയാതെ വരുമ്പോഴോ പ്രോ-ചാൻസലർ, ചാൻസലറുടെ എല്ലാ അധികാരങ്ങളും വിനിയോഗിക്കുകയും എല്ലാ ചുമതലകളും നിർവ്വഹിക്കുകയും ചെയ്യേണ്ടതാണ്.

** ** ** **

11. വൈസ്-ചാൻസലർ.— ** ** **

(11) സിൻഡിക്കേറ്റോ അക്കാഡമിക് കൗൺസിലോ സമ്മേളനത്തിലല്ലാത്ത ഏതൊരു സമയത്തും വൈസ്-ചാൻസലർക്ക് സിൻഡിക്കേറ്റിലോ അക്കാഡമിക് കൗൺസിലിലോ നിക്ഷിപ്തമായ ഏതെങ്കിലും അധികാര വിനിയോഗം ഉൾക്കൊള്ളുന്ന സത്വരനടപടി താൻ എടുക്കേണ്ടതായ ഒരു അടിയന്തിരാവസ്ഥ സംജാതമായിട്ടുണ്ടെന്ന് ബോദ്ധ്യമാകുന്നപക്ഷം അദ്ദേഹത്തിന് ഉചിതമെന്ന് തോന്നുന്ന പ്രകാരമുള്ള നടപടി എടുക്കാവുന്നതും അദ്ദേഹം എടുത്ത നടപടി, അതതുസംഗതിപോലെ, സിൻഡിക്കേറ്റിനോ, അക്കാഡമിക് കൗൺസിലിനോ അംഗീകാരത്തിന് സമർപ്പിക്കേണ്ടതും ആണ്.

** ** ** **

12. പ്രോ-വൈസ്-ചാൻസലർ.—(1) ചാൻസലർ സർവ്വകലാശാലയ്ക്കു വേണ്ടി ഒരു പ്രോ-വൈസ്-ചാൻസലറെ നിയമിക്കേണ്ടതാണ്:

എന്നാൽ അപ്രകാരം നിയമിക്കപ്പെടുന്ന ആൾക്ക് അറുപത് വയസിൽ കവിയാൻ പാടില്ലാത്തതാണ്.

(2) പ്രോ-വൈസ്-ചാൻസലറുടെ നിയമന കാലാവധി ഉദ്യോഗത്തിൽ പ്രവേശിക്കുന്ന തീയതി മുതൽ നാലുവർഷമായിരിക്കുന്നതും, അദ്ദേഹം സർവ്വകലാശാലയുടെ ഒരു മുഴുവൻ സമയ ആഫീസർ ആയിരിക്കുന്നതുമാണ്.

(3) പ്രോ-വൈസ്-ചാൻസലറുടെ ശമ്പളവും മറ്റു സേവന വ്യവസ്ഥകളും സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടുന്ന വിധമായിരിക്കുന്നതാണ്.

(4) ഈ ആക്റ്റിലേയും, സ്റ്റാറ്റ്യൂട്ടുകളിലേയും, ഓർഡിനൻസുകളിലേയും, റെഗുലേഷനുകളിലേയും, വ്യവസ്ഥകൾക്കു വിധേയമായി പ്രോ-വൈസ്-ചാൻസലറുടെ അധികാരങ്ങളും ചുമതലകളും വൈസ്-ചാൻസലർ തീരുമാനിക്കേണ്ടതാണ്.

** ** ** **

17. <u>സിൻഡിക്കേറ്റ്</u>.—(1) സിൻഡിക്കേറ്റ് സർവ്വകലാശാലയുടെ മുഖ്യ ഭരണ നിർവ്വഹണ സമിതി ആയിരിക്കുന്നതും, അതിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കുന്നതുമാണ്, അതായത്:—

(i) വൈസ് -ചാൻസലർ;

(ii) പ്രോ-വൈസ് -ചാൻസലർ;

(iii) സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ;

(iv) സർക്കാരിന്റെ ഉന്നത വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി അഥവാ അദ്ദേഹം നാമനിർദ്ദേശം ചെയ്യുന്ന ഉന്നത വിദ്യാഭ്യാസ വകുപ്പിലെ ജോയിന്റ് സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥൻ;

(v) കേരള സംസ്ഥാന ശാസ്ത്ര-സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ്;

(vi) ഈരണ്ടു വർഷത്തേക്ക് ഫാക്കൽറ്റികളുടെ അക്ഷരമാല ക്രമമനുസരിച്ച് സർവ്വകലാശാല ഫാക്കൽറ്റികളുടെ മൂന്ന് ഡീനുകൾ;

(vii) ചാൻസലർ നാമനിർദ്ദേശം ചെയ്യുന്ന വ്യവസായ വാണിജ്യ മണ്ഡലത്തിൽ നിന്നുള്ള ഒരു വിദഗ്ദൻ;

(viii) സെനറ്റിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ആറ് അംഗങ്ങൾ അവരിൽ ഒരാൾ പട്ടിക ജാതിയിലോ പട്ടിക വർഗ്ഗത്തിലോപെട്ട ആളും ഒരാൾ

വനിതയും ഒരാൾ 19-ാം വകുപ്പിൽ 'തെരഞ്ഞെടുക്കപ്പെടുന്ന അംഗങ്ങൾ' എന്ന ശീർഷകത്തിൻകീഴിൽ (v)-ാം ഇനപ്രകാരം സെനറ്റിലേക്ക് തെരഞ്ഞെടുക്കപ്പെട്ട ഒരു സർവ്വകലാശാലാ പ്രൊഫസറും ആയിരിക്കേണ്ടതാണ്;

(ix) യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ നാമനിർദ്ദേശം ചെയ്യുന്ന കമ്മീഷന്റെ ഒരു ഔദ്യോഗിക പ്രതിനിധി;

(x) കേരള നിയമസഭാ സാമാജികരിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന രണ്ടുപേർ;

(xi) കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ നിർവ്വാഹക സമിതി അതിന്റെ അംഗങ്ങളിൽ നിന്നും നാമനിർദ്ദേശം ചെയ്യുന്ന ഒരാൾ;

(xii) ധനകാര്യ വകുപ്പ് സെക്രട്ടറി അഥവാ അദ്ദേഹം നാമനിർദ്ദേശം ചെയ്യുന്ന ജോയിന്റ് സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥൻ;

(xiii) വിവര സാങ്കേതിക മേഖലയിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരു വിദഗ്ദ്ധൻ;

(xiv) സെനറ്റിലെ വിദ്യാർത്ഥി പ്രതിനിധികളിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരു വിദ്യാർത്ഥി.

(2) (1)-ാം ഉപവകുപ്പിലെ (vii), (viii), (ix), (x), (xii), (xiii) എന്നീ ഇനങ്ങൾ പ്രകാരം നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങളുടെ ഉദ്യോഗകാലാവധി അവരെ നാമനിർദ്ദേശം ചെയ്യപ്പെട്ട തീയതി മുതൽ നാലു വർഷത്തേക്കായിരിക്കുന്നതും അവർ വീണ്ടും നാമനിർദ്ദേശം ചെയ്യപ്പെടാൻ അർഹരായിരിക്കുന്നതും ആകുന്നു:

എന്നാൽ, നിയമസഭാ സാമാജികൻ എന്ന നിലയ്ക്ക് നാമനിർദ്ദേശം ചെയ്യുന്ന യാതൊരു അംഗവും അദ്ദേഹം നിയമസഭാ സാമാജികൻ അല്ലാതായി തീർന്നശേഷം മൂന്നു മാസത്തിൽ കവിഞ്ഞ കാലത്തേയ്ക്ക്, അതിനിടയിൽ അദ്ദേഹം നിയമസഭാ സാമാജികൻ ആയിത്തീരാത്തപക്ഷം, സിൻഡിക്കേറ്റിലെ അംഗമായിരിക്കാൻ പാടില്ലാത്തതാകുന്നു:

എന്നുമാത്രമല്ല 17-ാം വകുപ്പ് (1)-ാം ഉപവകുപ്പിൻകീഴിൽ സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന അംഗങ്ങൾക്ക് സർക്കാരിന് ഇഷ്ടമുള്ളിടത്തോളം കാലം തങ്ങളുടെ ഔദ്യോഗികസ്ഥാനം വഹിക്കാവുന്നതാണ്.

** ** ** **

19. സെനറ്റ്.—സെനറ്റിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കുന്നതാണ്, അതായത്:—

എക്സ് -ഒഫിഷ്യോ അംഗങ്ങൾ:

(i) ചാൻസലർ;

(ii) പ്രോ-ചാൻസലർ;

(iii) വൈസ് -ചാൻസലർ;

(iv) പ്രോ-വൈസ് -ചാൻസലർ;

(v) കൊച്ചി മേയറും കളമശ്ശേരി മുനിസിപ്പാലിറ്റിയുടെ ചെയർപേഴ്സണും;

(vi) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന രണ്ട് ഉദ്യോഗസ്ഥൻമാർ;

(vii) സംസ്ഥാന വിദ്യാഭ്യാസ ഉപദേശകബോർഡ് ചെയർമാൻ;

(viii) സംസ്ഥാനത്തെ മറ്റ് സർവ്വകലാശാലകളിലെ വൈസ് -ചാൻസലർമാർ നാമനിർദ്ദേശം ചെയ്യുന്ന ഓരോ ആൾ വീതം;

(ix) സെനറ്റിലെ അംഗങ്ങൾ അല്ലാത്ത സിൻഡിക്കേറ്റിലെ അംഗങ്ങൾ;

(x) സർവ്വകലാശാല ഹെഡ്ക്വാർട്ടേഴ്സ് സ്ഥിതി ചെയ്യുന്ന പ്രദേശത്തെ പ്രതിനിധാനം ചെയ്യുന്ന ലോകസഭയുടേയും നിയമസഭയുടേയും അംഗങ്ങൾ;

(xi) സർവ്വകലാശാല വിദ്യാർത്ഥിയൂണിയന്റെ ചെയർമാൻ.

തെരഞ്ഞെടുക്കപ്പെടുന്ന അംഗങ്ങൾ :

(i) സംസ്ഥാനത്തെ എല്ലാ എഞ്ചിനീയറിംഗ് കോളേജുകളിലെ പ്രിൻസിപ്പാൾമാരും, സർവ്വകലാശാല ഡിപ്പാർട്ട്മെന്റ് മേധാവികളും, സർവ്വകലാശാലയിലെ പഠനശാഖകളിലെ മേധാവികളും, അവരുടെ ഇടയിൽ നിന്നും തെരഞ്ഞെടുക്കുന്ന അഞ്ചംഗങ്ങൾ അവരിൽ രണ്ടുപേർ എഞ്ചിനീയറിംഗ് കോളേജ് പ്രിൻസിപ്പാൾമാർ ആയിരിക്കേണ്ടതാണ്;

(ii) അക്കാഡമിക് കൗൺസിലിലെ അംഗങ്ങൾ അവരുടെ ഇടയിൽ നിന്നും തിരഞ്ഞെടുക്കുന്ന നാലംഗങ്ങൾ;

(iii) കേരള നിയമസഭാ സാമാജികർ അവരുടെ ഇടയിൽ നിന്നും തെരഞ്ഞെടുക്കുന്ന "എക്സ് ഒഫിഷ്യോ അംഗങ്ങൾ" എന്ന ശീർഷകത്തിനു താഴെ (x)-ാം

ഇനത്തിൽപ്പെടാത്ത അഞ്ച് അംഗങ്ങൾ അവരിൽ ഒരാൾ പട്ടികജാതിയിൽപ്പെട്ട ആളായിരിക്കേണ്ടതാണ്;

(iv) ഫാക്കൽട്ടി ഡീനുകൾ അവരുടെ ഇടയിൽനിന്നും തെരഞ്ഞെടുക്കുന്ന മൂന്നു ഡീനുകൾ;

(v) സർവ്വകലാശാലയിലെ ഡിപ്പാർട്ടുമെന്റുകളിലേയും അംഗീകൃത സ്ഥാപനങ്ങളിലേയും അദ്ധ്യാപകർ അവരുടെ ഇടയിൽ നിന്നും തെരഞ്ഞെടുക്കുന്ന "തെരഞ്ഞെടുക്കുന്ന അംഗങ്ങൾ" എന്ന ശീർഷകത്തിനു താഴെ (i)-ാം ഇനത്തിൽപ്പെടാത്തവരായ പത്തംഗങ്ങൾ;

(vi) സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുള്ള ട്രെയിഡ് യൂണിയനുകൾ നിർണ്ണയിക്കപ്പെടാവുന്ന വിധത്തിൽ അവയുടെ ഇടയിൽ നിന്നും തെരഞ്ഞെടുക്കുന്ന രണ്ടംഗങ്ങൾ;

(vii) സർവ്വകലാശാലയിലെ അദ്ധ്യാപകേതര ജീവനക്കാർ അവരുടെ ഇടയിൽ നിന്നും തെരഞ്ഞെടുക്കുന്ന രണ്ടംഗങ്ങൾ;

(viii) സർവ്വകലാശാലയിലെ വിദ്യാർത്ഥികൾ നിർണ്ണയിക്കപ്പെടാവുന്ന വിധത്തിൽ അവരുടെ ഇടയിൽനിന്നും തെരഞ്ഞെടുക്കുന്ന ഏഴംഗങ്ങൾ.

മറ്റംഗങ്ങൾ

(i) വ്യവസായ വാണിജ്യമണ്ഡലത്തെ പ്രതിനിധാനം ചെയ്യുന്നവരായി സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന നാല് വിദഗ്ദൻമാർ അവരിൽ ഒരാൾ വിശാലകൊച്ചി വികസന അതോറിറ്റിയുടെ പ്രദേശത്തിനകത്ത് സ്ഥിതി ചെയ്യുന്ന ഏതെങ്കിലും ഒരു ചേംബർ ഓഫ് കോമേഴ്സിനെ പ്രതിനിധാനം ചെയ്യുന്ന ആളായിരിക്കണം,

(ii) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന രണ്ടുപേർ അവരിൽ ഒരാൾ സംസ്ഥാനത്തുള്ള ഏതെങ്കിലും എഞ്ചിനീയറിംഗ് കോളേജുകളിലെ പ്രിൻസിപ്പാളും, ഒരാൾ സംസ്ഥാനത്തുള്ള പോളിടെക്നിക്കിലെ ഒരു അദ്ധ്യാപകനും ആയിരിക്കേണ്ടതാണ്,

(iii) (എ) അംഗീകൃത ഗവേഷണ സ്ഥാപനങ്ങൾ;

(ബി) അംഗീകൃത സാംസ്കാരിക സംഘടനകൾ;

(സി) ഗ്രന്ഥകാരൻമാർ;

(ഡി) പത്രപ്രവർത്തകർ;

(ഇ) അഭിഭാഷകർ;

(എഫ്) വിദ്യാഭ്യാസ വിചക്ഷണൻമാർ;

(ജി) പട്ടികജാതിക്കാർ, പട്ടികവർഗ്ഗക്കാർ മറ്റു പിന്നോക്ക വിഭാഗങ്ങൾ, എന്നിവയേയോ, എന്നിവരേയോ പ്രതിനിധാനം ചെയ്യുന്നവരും, ചാൻസലർ നാമനിർദ്ദേശം ചെയ്യുന്നവരുമായ ഏഴിൽ കവിയാത്ത അംഗങ്ങൾ;

(iv) ഉന്നത വിദ്യാഭ്യാസ മേഖലയിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ആറ് വിദഗ്ദ്ധർ, അവരിൽ ഒരാൾ പട്ടികജാതി/പട്ടികഗോത്ര വർഗ്ഗത്തിൽ നിന്നുള്ള ആളും ഒരാൾ വനിതയും ആയിരിക്കേണ്ടതാണ്:

എന്നാൽ സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന അംഗങ്ങൾക്ക് സർക്കാരിന് ഇഷ്ടമുള്ളിടത്തോളംകാലം തങ്ങളുടെ ഔദ്യോഗികസ്ഥാനം വഹിക്കാവുന്നതാണ്.

** ** ** **

24. <u>അക്കാഡമിക് കൗൺസിലിന്റെ അധികാരങ്ങളും കർത്തവ്യങ്ങളും</u>.—ഈ ആക്റ്റിലേയും സ്റ്റാറ്റ്യൂട്ടുകളിലേയും വ്യവസ്ഥകൾക്ക് വിധേയമായി, അക്കാഡമിക് കൗൺസിലിന് താഴെപ്പറയുന്ന അധികാരങ്ങളും കർത്തവ്യങ്ങളും ചുമതലകളും ഉണ്ടായിരിക്കുന്നതാണ്, അതായത്:-

** ** ** **

(viii) അതിന്റെ ഏതെങ്കിലും അധികാരങ്ങൾ വൈസ്-ചാൻസലർക്ക് ഏല്പിച്ചുകൊടുക്കുക;

** ** ** **

26. <u>പഠനബോർഡുകൾ</u>.—(1) സിൻഡിക്കേറ്റ് നിശ്ചയിക്കുന്ന പ്രകാരം ഓരോ പഠനശാഖയ്ക്കും അഥവാ പഠനശാഖകൾക്കും ഓരോ പഠനബോർഡ് ഉണ്ടായിരിക്കുന്നതാണ്.

(2) പഠനബോർഡുകളുടെ ഘടനയും അധികാരങ്ങൾ സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടേണ്ടതാണ്.

** ** ** **

30. <u>സർവ്വകലാശാല അപ്പലേറ്റ് ട്രൈബ്യൂണൽ</u>.—(1) ഈ ആക്റ്റിന്റെ ആവശ്യങ്ങൾക്കായി സർക്കാർ ഒരു സർവ്വകലാശാല അപ്പലേറ്റ് ട്രൈബ്യൂണൽ സ്ഥാപിക്കേണ്ടതാണ്.

(2) അപ്പലേറ്റ് ട്രൈബ്യൂണലിൽ ഹൈക്കോടതിയുമായി ആലോചിച്ച് ചാൻസലർ നാമനിർദ്ദേശം ചെയ്യുന്ന ഒരു ഡിസ്ട്രിക്റ്റ് ജഡ്ജിയുടെ പദവിക്ക് താഴെയല്ലാത്ത ഒരു ജുഡീഷ്യൽ ഓഫീസർ ഉണ്ടായിരിക്കേണ്ടതാണ്.

(3) അപ്പലേറ്റ് ട്രൈബ്യൂണലിന്, സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതിയോടു കൂടി ഈ ആക്റ്റിലെ വ്യവസ്ഥകൾക്കനുസൃതമായി, അതിന്റെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച റെഗുലേഷനുകൾ ഉണ്ടാക്കാനുള്ള അധികാരം ഉണ്ടായിരിക്കുന്നതാണ്.

(4) അങ്ങനെയുണ്ടാക്കിയ റെഗുലേഷനുകൾ ഗസറ്റിൽ പ്രസിദ്ധീകരിക്കേണ്ടതാണ്.

(5) ഈ ആക്റ്റിലെ വ്യവസ്ഥകൾക്കുവിധേയമായി, അപ്പലേറ്റ് ട്രൈബ്യൂണലിന്റെ അധികാരപരിധിയും അധികാരങ്ങളും സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടുന്നതാണ്.

** ** ** **

36. <u>സർവ്വകലാശാലയുടെ കണക്കുകൾ ആഡിറ്റു ചെയ്യൽ</u>.—(1) ** **

** ** ** **

(7) ആഡിറ്റർമാർ ചൂണ്ടിക്കാണിച്ച ഏതൊരു ന്യൂനതയും, ക്രമക്കേടും ഉടനടി പരിഹരിക്കേണ്ടതും, എടുത്തിട്ടുള്ള നടപടിയെപ്പറ്റി സർവ്വകലാശാല സർക്കാരിലേക്ക് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

** ** ** **

39. <u>സ്റ്റാറ്റ്യൂട്ടുകൾ ഉണ്ടാക്കുന്നതിനുള്ള നടപടിക്രമം</u>.—(1) ** **

** ** ** **

(4) സിൻഡിക്കേറ്റ് പാസ്സാക്കുന്ന ഓരോ സ്റ്റാറ്റ്യൂട്ടും ചാൻസലർക്കു സമർപ്പിക്കേണ്ടതും ആയതിന് അദ്ദേഹത്തിന്റെ അനുമതി നൽകുകയോ നൽകാതിരിക്കുകയോ ചെയ്യാവുന്നതും അല്ലെങ്കിൽ അദ്ദേഹത്തിന്റെ അഭിപ്രായങ്ങളോടു കൂടി അത് വീണ്ടും പരിഗണിക്കുന്നതിനായി സിൻഡിക്കേറ്റിന് തിരിച്ചയയ്ക്കുകയോ ചെയ്യാവുന്നതുമാണ്.

** ** ** **

53. <u>പെൻഷൻ, ഇൻഷ്വറൻസ്, പ്രോവിഡന്റ് ഫണ്ട്</u>.—സർവ്വകലാശാല, സർക്കാരിന്റെ മുൻകൂട്ടിയുള്ള അംഗീകാരത്തോടുകൂടി, അതിന്റെ ഉദ്യോഗസ്ഥൻമാർക്കും, അദ്ധ്യാപകർക്കും അതിന്റെ നിയന്ത്രണത്തിലുള്ള മറ്റ് ജീവനക്കാർക്കും ഇൻഷ്വറൻസ്, പെൻഷൻ, പ്രോവിഡന്റ് ഫണ്ട് എന്നീ കാര്യങ്ങൾക്കുവേണ്ടിയും അതിന് യുക്തമെന്നു തോന്നുന്നപ്രകാരമുള്ള മറ്റു ഗുണങ്ങൾക്കുവേണ്ടിയും ഓർഡിനൻസുമൂലം നിർണ്ണയിക്കപ്പെടാവുന്ന വിധത്തിൽ അനുയോജ്യമായ വ്യവസ്ഥകൾ ഉണ്ടാക്കേണ്ടതാണ്.

** ** ** **

# 2013-ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാല ആക്റ്റിൽ നിന്നുള്ള പ്രസക്ത ഭാഗങ്ങൾ

## (2013-ലെ 24)

**          **          **          **

2. നിർവ്വചനങ്ങൾ.—ഈ നിയമത്തിൽ, സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,-

**          **          **          **

(ഡബ്ല്യൂ) " വൈസ് ചാൻസലർ" എന്നാൽ സർവ്വകലാശാലയുടെ വൈസ് ചാൻസലർ എന്നർത്ഥമാകുന്നു.

**          **          **          **

5. സർവ്വകലാശാലയുടെ ലക്ഷ്യങ്ങൾ.—സർവ്വകലാശാലയുടെ ലക്ഷ്യങ്ങൾ ഇനിപ്പറയുന്നവയാണ്, അതായത്.-

**          **          **          **

(ബി) മലയാള സാഹിത്യത്തിന്റെയും മലയാള മാധ്യമത്തിലൂടെ ശാസ്ത്ര മാനവിക സാമൂഹ്യ ശാസ്ത്ര സാങ്കേതിക ശാസ്ത്ര മേഖലയിലൂടെയും മലയാള ഭാഷയുടെയും ഭാഷാ ശാസ്ത്രത്തിന്റെയും, താരതമ്യ സാഹിത്യത്തിന്റെയും, മലയാള നിരൂപണ പഠനം, പുരാവസ്തു, പുരാരേഖ, ദക്ഷിണേന്ത്യൻ ഭാഷാലിപികളുടെ പരിണാമം, ലിപി ചരിത്രം, ഗോത്രഭാഷാ പഠനം, പ്രാദേശിക ഭാഷാപഠനം, കവിത, ചെറുകഥ, നോവൽ എന്നീ വിഭാഗങ്ങളുടെ പഠനം, കേരള നവോത്ഥാന ചരിത്ര പഠനം, ശാസ്ത്ര സാങ്കേതിക ശാസ്ത്ര സാമൂഹിക ശാസ്ത്രം, എപ്പിഗ്രാഫി, ആർക്കിയോളജിയും, മ്യൂസിയോളജിയും, മലയാളത്തിൽ നിന്നും മലയാളത്തിലേക്കും ഉള്ള തർജ്ജമയുടെയും വ്യത്യസ്ത മേഖലകളിൽ ബിരുദാനന്തര ബിരുദ തലത്തിൽ വിദ്യാഭ്യാസം നൽകുക;

**          **          **          **

13. നിർവ്വാഹകസമിതി.—നിർവ്വാഹകസമിതി സർവ്വകലാശാലയുടെ മുഖ്യ നിർവ്വാഹക നികായം ആയിരിക്കേണ്ടതും അതിൽ ഇനിപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കുന്നതുമാണ്, അതായത്:-

(എ) എക്സ്-ഒഫിഷ്യോ അംഗങ്ങൾ:

(i) വൈസ്-ചാൻസലർ;

(ii) പ്രോ-വൈസ്-ചാൻസലർ;

(iii) ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ ചുമതല വഹിക്കുന്ന ഗവൺമെന്റ് സെക്രട്ടറി;

(iv) ധനകാര്യ വകുപ്പിന്റെ ചുമതല വഹിക്കുന്ന ഗവൺമെന്റ് സെക്രട്ടറി;

(v) സാംസ്കാരികകാര്യ വകുപ്പിന്റെ ചുമതല വഹിക്കുന്ന ഗവൺമെന്റ് സെക്രട്ടറി;

(vi) ഒരു വർഷകാലയളവിലേയ്ക്ക് വൈസ്-ചാൻസലർ നാമനിർദ്ദേശം ചെയ്യുന്ന ഫാക്കൽറ്റി ഉപദേശകസമിതിയുടെ രണ്ട് ചെയർമാൻമാർ;

(vii) ഒരു വർഷകാലയളവിലേയ്ക്ക് വൈസ്-ചാൻസലർ നാമനിർദ്ദേശം ചെയ്യുന്ന ഗവേഷണ കൗൺസിലിലെ ഒരു വൈസ്-ചെയർമാൻ.

(ബി) <u>തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ</u>:

(i) ജനറൽ കൗൺസിലിലെ സ്കൂളുകളിലെ ഡയറക്ടർമാരിൽ നിന്നും ജനറൽ കൗൺസിലിലെ തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളാൽ തിരഞ്ഞെടുക്കപ്പെട്ട ഒരംഗം;

(ii) ജനറൽ കൗൺസിലിലെ അദ്ധ്യാപകരിൽ നിന്നും ജനറൽ കൗൺസിലിലെ തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളാൽ തിരഞ്ഞെടുക്കപ്പെട്ട ഒരംഗം;

(iii) ജനറൽ കൗൺസിലിലെ വിദ്യാർത്ഥികളിൽ നിന്നും ജനറൽ കൗൺസിലിലെ തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളാൽ തിരഞ്ഞെടുക്കപ്പെട്ട ഒരംഗം;

(സി) <u>നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾ</u>:

ചാൻസലർ നാമനിർദ്ദേശം ചെയ്യുന്ന ജനറൽ കൗൺസിലിൽ അംഗങ്ങളായ മൂന്ന് ശ്രേഷ്ഠരായ എഴുത്തുകാരും കലാകാരന്മാരും പണ്ഡിതന്മാരും.

** ** ** **

15. <u>നിർവ്വാഹകസമിതിയുടെ അധികാരങ്ങൾ.</u>— (1) ** **

(2) ഈ ആക്റ്റിലെയും സ്റ്റാറ്റ്യൂട്ടുകളിലെയും വ്യവസ്ഥകൾക്ക് വിധേയമായി നിർവ്വാഹകസമിതിക്ക് ഇനിപ്പറയുന്ന അധികാരങ്ങൾ ഉണ്ടായിരിക്കുന്നതാണ്, അതായത്:—

** ** ** **

(റ്റി) സർവ്വകലാശാലയുടെ ലക്ഷ്യങ്ങൾ മുമ്പോട്ട് കൊണ്ടുപോകുന്നതിനായി സർവ്വകലാശാലയ്ക്കുവേണ്ടി എൻഡോവ്മെന്റുകളും സംഭാവനകളും സ്വീകരിക്കുകയും

ഏതെങ്കിലും സ്ഥാവരമോ ജംഗമമോ ആയ വസ്തുക്കളുടെ കൈമാറ്റം ചെയ്യുകയും ജനറൽ കൗൺസിലിന്റെ അടുത്ത യോഗത്തിന് ആയത് റിപ്പോർട്ട് ചെയ്യുകയും ചെയ്യുക;

** ** ** **

17. അക്കാഡമിക് കൗൺസിലിന്റെ അധികാരങ്ങളും ചുമതലകളും കർത്തവ്യങ്ങളും.—(1) **

(2) ഈ ആക്റ്റിലേയും സ്റ്റാറ്റ്യൂട്ടുകളിലെയും വ്യവസ്ഥകൾക്ക് വിധേയമായി, അക്കാഡമിക് കൗൺസിലിന് ഇനിപ്പറയുന്ന അധികാരങ്ങളും കർത്തവ്യങ്ങളും ചുമതലകളും ഉണ്ടായിരിക്കുന്നതാണ്, അതായത്:—

** ** ** **

(എൽ) സർവ്വകലാശാലയിലെ പാഠ്യപദ്ധതിക്കും വിവിധ പഠന കോഴ്സുകൾക്കുള്ള അദ്ധ്യയനക്രമരീതിക്കും വേണ്ട ശിപാർശ നൽകുക;

** ** ** **

18. ഗവേഷണ കൗൺസിൽ.—(1) സർവ്വകലാശാലയ്ക്ക് ഒരു ഗവേഷണ കൗൺസിൽ ഉണ്ടായിരിക്കുന്നതും അത് വിവിധ വിഷയങ്ങളിന്മേലുള്ള സർവ്വകലാശാലയുടെ ഗവേഷണ പരിപാടികളും നയവും തീരുമാനിക്കുന്നതിൽ ഉത്തരവാദിയായിരിക്കുന്നതും പി.എച്ച്.ഡി. നൽകുന്നതിനുള്ള ഗവേഷണ നിർദ്ദേശങ്ങളോ ഗവേഷണ പ്രോജക്റ്റുകളോ അവയെ അർത്ഥവത്താക്കുന്നതിനുവേണ്ടി പരിഗണിക്കുകയും അതിൽ മാറ്റം വരുത്തിയോ അല്ലാതെയോ അത് അംഗീകരിക്കേണ്ടതുമാണ്.

(2) ഗവേഷണ കൗൺസിലിന് അതിന്റെ മുൻപാകെ സമർപ്പിക്കപ്പെടുന്ന ഗവേഷണ നിർദ്ദേശങ്ങൾ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്യുന്നതിന് പുറമെ പ്രത്യേക മേഖലകളിൽ ഗവേഷണം നടത്തുന്നതിന് നിർദ്ദേശവും ഉപദേശവും നൽകാവുന്നതാണ്.

19. ഗവേഷണ കൗൺസിലിന്റെ രൂപീകരണം.—(1) വൈസ് ചാൻസലർ ഗവേഷണ കൗൺസിലിന്റെ ചെയർമാൻ ആയിരിക്കുന്നതും അതിൽ ഇനിപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കുന്നതും ആണ്, അതായത്:—

(എ) ഫാക്കൽറ്റികളുടെ ഡീനുകൾ;

(ബി) സ്കൂളുകളുടെ ഡയറക്ടർമാർ;

(സി) ചാൻസലർ നാമനിർദ്ദേശം ചെയ്യുന്ന ആറ് സമുന്നതരായ പ്രൊഫസർമാർ അവരിൽ ഒരാൾ വീതം സാഹിത്യമേഖല, സുകുമാരകലകൾ, നാടൻകലകൾ, സംഗീതം, പാരമ്പര്യ വിജ്ഞാനസമ്പ്രദായം, മാധ്യമങ്ങൾ എന്നിവയിൽനിന്നും ആയിരിക്കേണ്ടതാണ്.

(2) സാഹിത്യത്തിന്റെയും സംസ്കാരത്തിന്റെയും വിശാലമായ മേഖലകളിൽ നിന്നുള്ള മൂന്ന് വൈസ് ചെയർമാന്മാർ ഗവേഷണ കൗൺസിലിൽ ഉണ്ടായിരിക്കേണ്ടതും അവരെ, നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾക്കിടയിൽ നിന്നും ചാൻസലർ നാമനിർദ്ദേശം ചെയ്യേണ്ടതുമാണ്.

** ** ** **

23. <u>പഠന ബോർഡുകൾ</u>.—(1) ഒരു ഫാക്കൽറ്റിയുടെ കീഴിലുള്ള ഓരോ സ്കൂളിനും ഒരു പഠന ബോർഡ് ഉണ്ടായിരിക്കേണ്ടതും, തുടങ്ങുന്ന ഓരോ പഠന കോഴ്സിനും വേണ്ട വിശദമായ പാഠ്യപദ്ധതി അത് ഉണ്ടാകേണ്ടതുമാണ്.

(2) നിർവ്വാഹകസമിതി, അക്കാഡമിക് കൗൺസിലിന്റെ ഉപദേശപ്രകാരം, ഓരോ പഠന ബോർഡും രൂപീകരിക്കേണ്ടതാണ്.

(3) ഓരോ പഠന ബോർഡിനും സാധാരണയായി എട്ട് അംഗങ്ങൾ ഉണ്ടായിരിക്കുന്നതും അവർക്കിടയിൽ നിന്നും ഒരു ചെയർമാനെ അംഗങ്ങൾക്ക് തിരഞ്ഞെടുക്കാവുന്നതുമാണ്.

(4) ബന്ധപ്പെട്ട സ്കൂളിന്റെ ഡയറക്ടർ പഠന ബോർഡിന്റെ സെക്രട്ടറി ആയിരിക്കേണ്ടതും അദ്ദേഹം ചർച്ചകളുടെ രേഖകൾ സൂക്ഷിക്കേണ്ടതും അതിന്റെ ശിപാർശകൾ ഡീനിന് സമർപ്പിക്കേണ്ടതും അദ്ദേഹം അത് അക്കാഡമിക് കൗൺസിലിന്റെ മുൻപാകെ അവതരിപ്പിക്കാൻ ഇടയാക്കേണ്ടതുമാണ്.

(5) ഒരു പഠന ബോർഡിന്റെ കാലാവധി രണ്ട് വർഷം ആയിരിക്കുന്നതും, ഉചിതമാണെന്ന് കരുതുന്നപക്ഷം, നിർവ്വാഹകസമിതിയുടെ അംഗീകാരത്തോടെ ആറ് മാസത്തേക്കുകൂടി കാലാവധി ദീർഘിപ്പിക്കാവുന്നതും ആണ്.

** ** ** **

27. <u>പ്രോ-ചാൻസലർ</u>.—(1) സംസ്ഥാനത്തെ വിദ്യാഭ്യാസത്തിന്റെ ചുമതല വഹിക്കുന്ന മന്ത്രി, തന്റെ ഔദ്യോഗിക സ്ഥാനം ഹേതുവായി, സർവ്വകലാശാലയുടെ പ്രോ-ചാൻസലർ ആയിരിക്കുന്നതാണ്.

(2) ചാൻസലറുടെ അഭാവത്തിലോ അദ്ദേഹത്തിന് പ്രവർത്തിക്കാൻ കഴിയാത്ത അവസരത്തിലോ, പ്രോ-ചാൻസലർ ചാൻസലറുടെ എല്ലാ അധികാരങ്ങളും വിനിയോഗിക്കേണ്ടതും എല്ലാ ചുമതലകളും നിർവ്വഹിക്കേണ്ടതുമാണ്.

(3) പ്രോ-ചാൻസലർ, ചാൻസലർ രേഖാമൂലമുള്ള ഉത്തരവിലൂടെ പ്രോ-ചാൻസലർക്ക് ഏൽപ്പിച്ചുകൊടുക്കുന്ന ചാൻസലറുടെ അങ്ങനെയുള്ള മറ്റ് അധികാരങ്ങൾകൂടി

വിനിയോഗിക്കേണ്ടതും അങ്ങനെയുള്ള മറ്റ് ചുമതലകൾ നിർവ്വഹിക്കേണ്ടതും അപ്രകാരമുള്ള ഏൽപ്പിച്ചുകൊടുക്കൽ അങ്ങനെയുള്ള ഉത്തരവിൽ വിനിർദ്ദേശിക്കാവുന്ന അത്തരം നിയന്ത്രണങ്ങൾക്ക് വിധേയമായിരിക്കാവുന്നതുമാണ്.

** ** ** **

30. വൈസ് ചാൻസലറുടെ അധികാരങ്ങളും കർത്തവ്യങ്ങളും.—(1) ** **

(6) വൈസ്-ചാൻസലറുടെ അഭിപ്രായത്തിൽ താൻ എന്തെങ്കിലും സത്വര നടപടി എടുക്കേണ്ടതായ അടിയന്തര സാഹചര്യം ഉണ്ടെന്ന് ബോധ്യമുള്ളപക്ഷം അദ്ദേഹത്തിന് ഏതൊരു നടപടിയും എടുക്കാവുന്നതും അങ്ങനെയുള്ള സംഗതിയിൽ അപ്രകാരം എടുത്ത നടപടി നിർവ്വാഹക സമിതിയുടെ അടുത്ത യോഗത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

** ** ** **

31. പ്രോ-വൈസ്-ചാൻസലർ.—(1) ചാൻസലർ, സർവ്വകലാശാലയ്ക്ക് വേണ്ടി ഒരു പ്രോ-വൈസ്-ചാൻസലറെ നിയമിക്കേണ്ടതാണ്.

(2) അപ്രകാരം നിയമിക്കപ്പെടുന്ന ആൾക്ക് അൻപത്തിയാറ് വയസ്സ് കവിയാൻ പാടില്ലാത്തതാണ്.

(3) പ്രോ-വൈസ്-ചാൻസലറുടെ നിയമന കാലാവധി ഉദ്യോഗത്തിൽ പ്രവേശിക്കുന്ന തീയതി മുതൽ അഞ്ച് വർഷമായിരിക്കുന്നതും, അദ്ദേഹം സർവ്വകലാശാലയുടെ ഒരു മുഴുവൻ സമയ ഉദ്യോഗസ്ഥൻ ആയിരിക്കുന്നതുമാണ്.

(4) പ്രോ-വൈസ്-ചാൻസലറുടെ ശമ്പളവും മറ്റ് സേവന വ്യവസ്ഥകളും സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന വിധമായിരിക്കുന്നതാണ്.

** ** ** **

39. അദ്ധ്യാപകരുടെയും ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും നിയമനം.—(1) **

** ** ** **

(5) വൈസ്-ചാൻസലറും പ്രോ-വൈസ്-ചാൻസലർ (4)-ാം ഉപവകുപ്പിൽ വിനിർദ്ദേശിച്ചിട്ടുള്ളവരും ഒഴികെ സർവ്വകലാശാലയിലെ ഉദ്യോഗസ്ഥരും അദ്ധ്യാപകരും സാധാരണഗതിയിൽ സർവ്വീസിൽ നിന്നും വിരമിക്കുന്ന വയസ്സ് അമ്പത്തി ആറ് ആയിരിക്കുന്നതാണ്.

** ** ** **

44. <u>കണക്കും ആഡിറ്റും</u>—(1) ** ** **

** ** ** **

(4) നിർവ്വാഹക സമിതി, കണക്കുകളുടെ ഒരു പകർപ്പും ആഡിറ്റ് റിപ്പോർട്ടും ആഡിറ്റ് റിപ്പോർട്ടിന്മേൽ സർവ്വകലാശാല എടുത്തിട്ടുള്ള നടപടികളുടെ ഒരു സ്റ്റേറ്റ്മെന്റോടുകൂടി സർക്കാരിന് സമർപ്പിക്കേണ്ടതും സർക്കാർ അത് സംസ്ഥാന നിയമസഭ മുമ്പാകെ വയ്ക്കേണ്ടതുമാണ്.

** ** ** **

46. <u>സ്റ്റാറ്റ്യൂട്ടുകൾ ഉണ്ടാക്കുന്നതിനുള്ള നടപടിക്രമം.</u>—(1) ** **

** ** ** **

(5) ജനറൽ കൗൺസിൽ ഏതെങ്കിലും സ്റ്റാറ്റ്യൂട്ട് പാസാക്കുന്നിടത്ത്, അത് ചാൻസലർക്ക് സമർപ്പിക്കേണ്ടതും അദ്ദേഹത്തിന് സ്റ്റാറ്റ്യൂട്ട് വീണ്ടും പരിഗണിക്കുന്നതിനായി ജനറൽ കൗൺസിലിന് തിരികെ റഫർ ചെയ്യുകയോ, അനുമതി നൽകുകയോ അനുമതി നൽകാതിരിക്കുകയോ ചെയ്യാവുന്നതുമാണ്.

** ** ** **

54. <u>വിദ്യാർത്ഥികളുടെ താമസം.</u>—നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള വ്യവസ്ഥകൾക്ക് വിധേയമായി, സർവ്വകലാശാല പരിപാലിച്ചുപോരുന്നതോ വിദ്യാർത്ഥികളുടെ ക്ഷേമത്തിന്റെ ഡയറക്ടർ അംഗീകരിച്ചിട്ടുള്ളതോ ആയ താമസസ്ഥലങ്ങളിൽ വിദ്യാർത്ഥികൾ താമസിക്കേണ്ടതാണ്.

** ** ** **

55. <u>വാർഷിക റിപ്പോർട്ട്.</u>—(1) വൈസ്-ചാൻസലറുടെ നിർദ്ദേശപ്രകാരം സർവ്വകലാശാലയുടെ വാർഷിക റിപ്പോർട്ട് തയ്യാറാക്കേണ്ടതും അത് ജനറൽ കൗൺസിൽ പരിഗണിക്കേണ്ട യോഗത്തിന് കുറഞ്ഞത് ഒരു മാസത്തിനു മുമ്പെങ്കിലും നിർവ്വാഹക സമിതി മുഖേന ജനറൽ കൗൺസിലിന് സമർപ്പിക്കേണ്ടതുമാണ്.

(2) ജനറൽ കൗൺസിൽ വാർഷിക റിപ്പോർട്ട് പരിഗണിച്ചതിനുശേഷം അതിന് യുക്തമെന്ന് തോന്നുന്ന അങ്ങനെയുള്ള അഭിപ്രായത്തോടുകൂടി സർക്കാരിന് സമർപ്പിക്കേണ്ടതും സർക്കാർ റിപ്പോർട്ടിന്റെ ഒരു പകർപ്പ് അതിന്റെ അഭിപ്രായത്തോടുകൂടി നിയമസഭ മുമ്പാകെ വയ്ക്കേണ്ടതുമാണ്.

** ** ** **

# 2015-ലെ എ.പി.ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്റ്റിൽ നിന്നുള്ള പ്രസക്ത ഭാഗങ്ങൾ

## (2015-ലെ 17)

** ** ** **

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ, സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

** ** ** **

(ഇസഡ് ആർ) " വൈസ്-ചാൻസലർ" എന്നാൽ സർവ്വകലാശാലയുടെ വൈസ് -ചാൻസലർ എന്നർത്ഥമാകുന്നു.

** ** ** **

11. പ്രോ-ചാൻസലർ.—(1) സംസ്ഥാനത്തെ വിദ്യാഭ്യാസത്തിന്റെ ചുമതലയുള്ള മന്ത്രി അദ്ദേഹത്തിന്റെ ഔദ്യോഗിക സ്ഥാനം ഹേതുവായി, സർവ്വകലാശാലയുടെ പ്രോ-ചാൻസലർ ആയിരിക്കുന്നതാണ്.

(2) ചാൻസലറുടെ അഭാവത്തിലോ, അദ്ദേഹത്തിന് പ്രവർത്തിക്കാൻ കഴിയാത്ത അവസരത്തിലോ, പ്രോ-ചാൻസലർ ചാൻസലറുടെ എല്ലാ അധികാരങ്ങളും വിനിയോഗിക്കേണ്ടതും എല്ലാ ചുമതലകളും നിർവ്വഹിക്കേണ്ടതുമാണ്.

(3) സർവ്വകലാശാലയുടെ പ്രവർത്തനത്തിന്റെ വാർഷിക പദ്ധതി പ്രോ-ചാൻസലർക്ക് അദ്ദേഹത്തിന്റെ അറിവിലേയ്ക്കായി റഫർ ചെയ്യേണ്ടതും അദ്ദേഹം നൽകുന്ന ഏത് നിർദ്ദേശവും ബോർഡ് ഓഫ് ഗവർണേഴ്സിന് പരിഗണിക്കാവുന്നതുമാണ്.

(4) ചാൻസലർ രേഖാമൂലമുള്ള ഉത്തരവിലൂടെ പ്രോ-ചാൻസലർക്ക് ഏൽപ്പിച്ചു കൊടുക്കുന്ന ചാൻസലറുടെ അങ്ങനെയുള്ള അധികാരങ്ങൾ കൂടി പ്രോ-ചാൻസലർ വിനിയോഗിക്കേണ്ടതും, കർത്തവ്യങ്ങൾ നിർവ്വഹിക്കേണ്ടതും, അപ്രകാരമുള്ള ഏൽപ്പിച്ചു കൊടുക്കൽ അങ്ങനെയുള്ള ഉത്തരവിൽ വിനിർദ്ദേശിക്കാവുന്ന അങ്ങനെയുള്ള നിയന്ത്രണങ്ങൾക്കും ഉപാധികൾക്കും വിധേയമായിരിക്കുന്നതുമാണ്.

** ** ** **

14. വൈസ്-ചാൻസലറുടെ അധികാരങ്ങൾ.—(1) ** ** **

** ** ** **

(5) സത്വര നടപടി എടുക്കേണ്ട ഒരു അടിയന്തിരാവശ്യം ഉണ്ടെന്ന് വിശ്വസിക്കുന്നതിന് വൈസ്-ചാൻസലർക്ക് മതിയായ കാരണങ്ങൾ ഉണ്ടെങ്കിൽ,

ആവശ്യമാണെന്ന് അദ്ദേഹം കരുതുന്ന അങ്ങനെയുള്ള നടപടി അദ്ദേഹം സ്വീകരിക്കേണ്ടതും അടിയന്തരാവശ്യത്തിനുള്ള കാരണവും അദ്ദേഹം സ്വീകരിച്ച നടപടികളും സാധാരണഗതിയിൽ ആ വിഷയം കൈകാര്യം ചെയ്യുമായിരുന്ന അങ്ങനെയുള്ള അധികാരസ്ഥാനത്തിന്റെയോ നികായത്തിന്റെയോ തൊട്ടടുത്ത യോഗത്തിൽ അംഗീകാരത്തിന് സമർപ്പിക്കേണ്ടതുമാണ്. അപ്രകാരം ഒരു അടിയന്തരാവശ്യം നിലനിൽക്കുന്നുണ്ടെന്നുള്ള കാര്യത്തിലോ സ്വീകരിച്ച നടപടിയിലോ അല്ലെങ്കിൽ രണ്ടിലുമോ വൈസ്-ചാൻസലറും അധികാരസ്ഥാനവും തമ്മിൽ അഭിപ്രായവ്യത്യാസം ഉണ്ടാകുന്ന സന്ദർഭത്തിൽ വിഷയം ചാൻസലർക്ക് റഫർ ചെയ്യേണ്ടതും അദ്ദേഹത്തിന്റെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്.

** ** ** **

15. <u>പ്രോ-വൈസ്-ചാൻസലറുടെ നിയമനവും അധികാരങ്ങളും കർത്തവ്യങ്ങളും</u>.—(1) സർക്കാർ ശിപാർശ ചെയ്യുന്ന, എഞ്ചിനീയറിംഗ്, സാങ്കേതിക ശാസ്ത്രരംഗത്ത് പ്രവർത്തിക്കുന്നതും സ്റ്റാറ്റ്യൂട്ടുകളിൽ നിർണ്ണയിക്കുന്ന യോഗ്യതകൾ ഉള്ളതുമായ ഒരാളെ പ്രോ-വൈസ്-ചാൻസലറായി ചാൻസലർ നിയമിക്കേണ്ടതും അദ്ദേഹം സർവ്വകലാശാലയുടെ ശമ്പളം പറ്റുന്ന ഒരു മുഴുവൻ സമയ ഉദ്യോഗസ്ഥനായിരിക്കുന്നതുമാണ്.

(2) അറുപത് വയസ്സിൽ കൂടുതൽ പ്രായമുള്ള യാതൊരാളെയും പ്രോ-വൈസ്-ചാൻസലറായി നിയമിക്കാൻ പാടില്ലാത്തതാണ്.

(3) പ്രോ-വൈസ്-ചാൻസലറുടെ നിയമന കാലാവധി നാല് വർഷക്കാലം ആയിരിക്കുന്നതാണ്.

(4) പ്രോ-വൈസ്-ചാൻസലറുടെ ശമ്പളവും മറ്റു സേവനവ്യവസ്ഥകളും ചാൻസലർ തീരുമാനിക്കുന്ന പ്രകാരം ആയിരിക്കുന്നതാണ്.

** ** ** **

34. <u>അക്കാദമിക സമിതിയുടെ അധികാരങ്ങളും ചുമതലകളും കർത്തവ്യങ്ങളും</u>.— ഈ ആക്റ്റിലെയും സ്റ്റാറ്റ്യൂട്ടുകളിലെയും വ്യവസ്ഥകൾക്ക് വിധേയമായി, അക്കാദമിക സമിതിക്ക് താഴെപ്പറയുന്ന അധികാരങ്ങളും കർത്തവ്യങ്ങളും ചുമതലകളും ഉണ്ടായിരിക്കുന്നതാണ്, അതായത്:-

** ** ** **

(ix) ബോർഡ് ഓഫ് ഗവർണേഴ്സ് അതിന്റെ അവസാന വാർഷിക യോഗത്തിൽ ശിപാർശ ചെയ്തിട്ടുള്ള അക്കാദമിക പരിപാടികളുടെ സാധ്യതാ റിപ്പോർട്ടുകൾ ബോർഡ് ഓഫ് ഗവർണേഴ്സിനു സമർപ്പിക്കുക;

** ** ** **

35. <u>ഗവേഷണ കൗൺസിലിന്റെ രൂപീകരണം</u>.—താഴെപ്പറയുന്ന അംഗങ്ങൾ അടങ്ങിയ ഒരു ഗവേഷണ കൗൺസിൽ ഉണ്ടായിരിക്കേണ്ടതാണ്:

(i) വൈസ്-ചാൻസലർ (ചെയർമാൻ);

(ii) പ്രോ-വൈസ്-ചാൻസലർ;

(iii) ഉന്നത വിദ്യാഭ്യാസവകുപ്പിന്റെ ചുമതലയുള്ള ഗവൺമെന്റ് സെക്രട്ടറി, അല്ലെങ്കിൽ അദ്ദേഹം ചുമതലപ്പെടുത്തുന്ന ജോയിന്റ് സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥൻ;

(iv) വൈസ്-ചെയർമാൻ, ഉന്നത വിദ്യാഭ്യാസ കൗൺസിൽ, കേരള സർക്കാർ (എക്സ്-ഒഫീഷ്യോ അംഗം);

(v) ഡയറക്ടർ, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, മദ്രാസ് (എക്സ് -ഒഫീഷ്യോ അംഗം);

(vi) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന, കേരളത്തിലെ ഒരു സർവ്വകലാശാലയിലെ വൈസ്-ചാൻസലർ (എക്സ്-ഒഫീഷ്യോ അംഗം);

(vii) ഡയറക്ടർ, വിക്രം സാരാഭായി സ്പേസ് സെന്റർ, തിരുവനന്തപുരം (എക്സ് -ഒഫീഷ്യോ അംഗം);

(viii) ഡയറക്ടർ, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് സ്പേസ് ടെക്നോളജി, തിരുവനന്തപുരം (എക്സ്-ഒഫീഷ്യോ അംഗം);

(ix) ഡയറക്ടർ, നേവൽ ഫിസിക്കൽ ആന്റ് ഓഷ്യാനോഗ്രാഫിക് ലാബോറട്ടറി, കൊച്ചി (എക്സ്-ഒഫീഷ്യോ അംഗം);

(x) ഡയറക്ടർ, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, കോഴിക്കോട് (എക്സ് -ഒഫീഷ്യോ അംഗം);

(xi) ഡയറക്ടർ, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് സയൻസ് എഡ്യൂക്കേഷൻ ആന്റ് റിസർച്ച്, തിരുവനന്തപുരം (എക്സ്-ഒഫീഷ്യോ അംഗം);

(xii) വൈസ് ചെയർമാൻ, കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ സയൻസ്, ടെക്നോളജി ആന്റ് എൻവയോൺമെന്റ്, തിരുവനന്തപുരം (എക്സ്-ഒഫീഷ്യോ അംഗം);

(xiii) സെക്രട്ടറി, ശാസ്ത്ര സാങ്കേതിക ശാസ്ത്ര വകുപ്പ്, ഭാരത സർക്കാർ അല്ലെങ്കിൽ അദ്ദേഹം നാമനിർദ്ദേശം ചെയ്യുന്ന ആൾ (എക്സ്-ഒഫീഷ്യോ അംഗം);

(xiv) ഡയറക്ടർ ജനറൽ, കൗൺസിൽ ഫോർ സയന്റിഫ് ആന്റ് ഇൻഡസ്ട്രിയൽ റിസർച്ച്, ന്യൂഡൽഹി (എക്സ്-ഒഫീഷ്യോ അംഗം);

(xv) ധനകാര്യ വകുപ്പിന്റെ ചുമതലയുള്ള ഗവൺമെന്റ് സെക്രട്ടറി അല്ലെങ്കിൽ അദ്ദേഹം ചുമതലപ്പെടുത്തുന്ന ജോയിന്റ് സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥൻ;

(xvi) സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ, കേരള സർക്കാർ (എക്സ്-ഓഫിഷ്യോ അംഗം);

(xvii) ഡീൻ (ഗവേഷണം), (മെമ്പർ സെക്രട്ടറി);

(xviii) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന, പി.എച്ച്.ഡി- യും പത്ത് വർഷത്തെ അദ്ധ്യാപന പരിചയവുമുള്ള മൂന്ന് അദ്ധ്യാപക പ്രതിനിധികൾ;

(xix) സർവ്വകലാശാലയിലെയോ അഫിലിയേറ്റ് ചെയ്യപ്പെട്ട കോളേജുകളിലെയോ ഗവേഷണ വിദ്യാർത്ഥികളിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന മൂന്ന് വിദ്യാർത്ഥി പ്രതിനിധികൾ, അവരിൽ ഒരാൾ വിദ്യാർത്ഥിനിയായിരിക്കേണ്ടതാണ്.

** ** ** **

41. <u>ഉദ്യോഗസ്ഥരും ജീവനക്കാരും പ്രതിഫലം സ്വീകരിക്കുന്നതിനുള്ള വിലക്ക്</u>.—സ്റ്റാറ്റ്യൂട്ടുകളിൽ വ്യവസ്ഥ ചെയ്യപ്പെടാവുന്നവയൊഴികെ, സർവ്വകലാശാലയിലെ യാതൊരു ഉദ്യോഗസ്ഥനോ ജീവനക്കാരനോ, യാതൊരു സ്രോതസ്സിൽ നിന്നും, എന്തെങ്കിലും പ്രതിഫലം സ്വീകരിക്കുവാൻ പാടുള്ളതല്ല.

** ** ** **

43. <u>സ്റ്റാറ്റ്യൂട്ടുകൾ ഉണ്ടാക്കുന്നതിനുള്ള നടപടിക്രമം</u>.—(1) ****

** ** ** **

(3) നിർവ്വാഹക സമിതിയുടെ ശിപാർശയിന്മേൽ ബോർഡ് ഓഫ് ഗവർണേഴ്സിന് ഇതിനുശേഷം വ്യവസ്ഥചെയ്യുന്ന രീതിയിൽ സ്റ്റാറ്റ്യൂട്ടുകൾ ഉണ്ടാക്കുകയോ ഭേദഗതി ചെയ്യുകയോ അല്ലെങ്കിൽ റദ്ദാക്കുകയോ ചെയ്യാവുന്നതാണ്-

** ** ** **

(v) ബോർഡ് ഓഫ് ഗവർണേഴ്സ് പാസ്സാക്കുന്ന ഓരോ സ്റ്റാറ്റ്യൂട്ടും ചാൻസലർക്ക് സമർപ്പിക്കേണ്ടതും അദ്ദേഹത്തിന് അതിന് അനുമതി നൽകുകയോ തടഞ്ഞുവയ്ക്കുകയോ വീണ്ടും പരിഗണിക്കുന്നതിനായി അത് ബോർഡ് ഓഫ് ഗവർണേഴ്സിന് തിരിച്ചയയ്ക്കുകയോ ചെയ്യാവുന്നതാണ്;

** ** ** **

53. <u>വാർഷിക കണക്കുകളും ആഡിറ്റും</u>.—(1) ** **

** ** ** **

(10) സർവ്വകലാശാല, ആഡിറ്റർമാർ ചൂണ്ടിക്കാണിച്ച ഏതൊരു ന്യൂനതയോ ക്രമക്കേടോ ഉടനടി പരിഹരിക്കുകയും സ്വീകരിച്ചിട്ടുള്ള നടപടി സർക്കാരിലേക്ക് റിപ്പോർട്ട് ചെയ്യുകയും ചെയ്യേണ്ടതാണ്.

** ** ** **

62. <u>അഫിലിയേറ്റ് ചെയ്യപ്പെട്ട കോളേജിലെ ഗവേണിംഗ് ബോഡി</u>.—(1) അഫിലിയേറ്റ് ചെയ്യപ്പെട്ട ഒരോ കോളേജിനും സ്ഥാപനത്തിനും സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള അംഗങ്ങൾ ഉൾപ്പെടുന്ന ഒരു പ്രത്യേക ഗവേണിംഗ് ബോഡി ഉണ്ടായിരിക്കേണ്ടതാണ്. ഒരു കോർപ്പറേറ്റ് മാനേജ്മെന്റിന്റെ കീഴിലുള്ള അഫിലിയേറ്റ് ചെയ്യപ്പെട്ട ഒരു കൂട്ടം കോളേജുകൾക്ക് സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള അംഗങ്ങൾ ഉൾപ്പെടുന്ന ഒരു മാനേജിംഗ് കൗൺസിൽ ഉണ്ടായിരിക്കേണ്ടതാണ്.

(2) ഗവേണിംഗ് ബോഡിയുടെയോ, മാനേജിംഗ് കൗൺസിലിന്റെയോ അധികാരങ്ങളും കർത്തവ്യങ്ങളും ഈ ആക്റ്റിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരമോ സ്റ്റാറ്റ്യൂട്ടിനാൽ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമോ ആയിരിക്കേണ്ടതാണ്.

** ** ** **

69. <u>അച്ചടക്കം സംബന്ധിച്ച അധികാരങ്ങളും വിദ്യാർത്ഥികൾക്കിടയിലെ അച്ചടക്കവും</u>.—(1) അച്ചടക്കവുമായി ബന്ധപ്പെട്ടതും സർവ്വകലാശാല വകുപ്പുകളിലെയും സർവ്വകലാശാല നടത്തുന്ന സ്ഥാപനങ്ങളിലെയും കോളേജുകളിലെയും വിദ്യാർത്ഥികളുടെ അച്ചടക്ക നടപടികളുമായി ബന്ധപ്പെട്ട എല്ലാ അധികാരങ്ങളും വൈസ്-ചാൻസലറിൽ നിക്ഷിപ്തമായിരിക്കുന്നതാണ്.

(2) വൈസ്-ചാൻസലർക്ക്, ഉത്തരവുവഴി, ഈ ആക്റ്റിൻകീഴിൽ അദ്ദേഹത്തിന് ഉചിതമെന്ന് തോന്നുന്ന, അദ്ദേഹത്തിന്റെ എല്ലാമോ ഏതെങ്കിലുമോ അധികാരങ്ങൾ, ഇതിലേക്കായി അദ്ദേഹം നാമനിർദ്ദേശം ചെയ്യുന്നതോ അതിനുവേണ്ടി രൂപീകരിക്കുന്നതോ ആയ, അങ്ങനെയുള്ള മറ്റ് ഉദ്യോഗസ്ഥർക്കോ നികായത്തിനോ ഏൽപ്പിച്ചുകൊടുക്കാവുന്നതാണ്.

** ** ** **